യും ഏതാനും അദ്ധ്യാപകൻമാരെയും മർദ്ദിക്കുകയും ചെയ്തതിന്റെ ഫലമായി ഏതാനും അദ്ധ്യാപകരും പതിനഞ്ചോളം വിദ്യാർത്ഥികളും മെഡിക്കൽകാളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ സംഭവത്തെ സംബന്ധിച്ച് ശ്രീ. വി. ശ്രീധരൻ റൂൾ 49 അനുസരിച്ചും നോട്ടീസ് നൽകിയിട്ടുണ്ട്.

പിഞ്ചുകുഞ്ഞുങ്ങളുടെയും മററും കാര്യമാണ്. ഏതായാലും ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്.

ശ്രീ. വി. ശ്രീധരൻ: സർ, എനിക്ക്...........

മി. സ്പീക്കർ: സംസാരിക്കാൻ അനുവദിക്കുന്നില്ല. ഇന്ന് അപ്രാപ്രിയേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ ഇതൊക്കെ പറയാവുന്നതാണ്. വേണമെങ്കിൽ ശ്രീമാൻ ശ്രീധരന് രണ്ടുമിനിട്ടു തരാം.

വെള്ളായണിക്കായലിലെ പുഞ്ചക്കൃഷി ആരംഭിക്കാൻ താമസിച്ചതുമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ വെള്ളായണിക്കായൽ പ്രാടശേഖരക്കമ്മിററി ഉത്തരവാദപ്പെട്ടവരെ തക്കസമയത്ത് അറിയിച്ചിട്ടും യാതൊരു നടപടിയും കൈക്കൊള്ളാത്തതു മൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ശ്രീ. എം. സദാശിവൻ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

ഇതും ബന്ധപ്പെട്ട മന്ത്രിയ്ക്ക് മേൽനടപടിക്കായി അയച്ചുകൊടുക്കുകയാണ്.

LEGISLATIVE BUSINESS (*Contd.*)

The Kerala Appropriation (No. 3) Bill, 1970.

Minister for Finance (**Shri N. K. Seshan**): I introduce the Kerala Appropriation (No. 3) Bill, 1970.

Mr. Speaker: The Bill stands introduced.

Shri N. K. Seshan: I move that the Bill be taken into consideration.

Minister for Home and Education (**Shri C. H. Mohammed Koya**): I second it.

ശ്രീ. എൻ. കെ. ശേഷൻ: സർ, 1970–71 ബഡ്ജററിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച അപ്രാപ്രിയേഷൻ ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിനെസംബന്ധിച്ച് ഞാൻ ഇപ്പോൾ കൂടുതലായൊന്നും സംസാരിക്കാനാഗ്രഹിക്കുന്നില്ല. ചർച്ചകൾക്കുശേഷം മറുപടി പറയേണ്ടതായ കാര്യം വല്ലതും പൊന്തിവരികയാണെങ്കിൽ അവ സംബന്ധിച്ച് ആ സൻദർഭത്തിൽ ഞാൻ പ്രതിപാദിച്ചുകൊള്ളാമെന്നു മാത്രമേ ഈ ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്നുള്ള എന്റെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ പറയുന്നുള്ളൂ.

ശ്രീ. ഇ. വി. കുമാരൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ ശക്തിയായി എതിർക്കുകയാണ്. കാരണം, രണ്ടുദിവസം മുമ്പ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി നിഷ്പക്ഷമായ നീതിനിർവ്വഹണത്തിന്റെ ഒരു ചിത്രം ഇവിടെ വരച്ചുകാട്ടാൻ ശ്രമിക്കുകയുണ്ടായി. നിഷ്പക്ഷമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നീതിനിർവ്വഹണത്തെപ്പററിയും ആതുപോലെതന്നെ പോലീസ് മർദ്ദനങ്ങളെസംബന്ധിച്ചും വന്ന ആരോപണങ്ങളിൽ മിക്കതിനെപ്പററിയും അന്വേഷിക്കാൻ ആർഡർ പാസ്സാക്കിയിട്ടുണ്ടെന്നു പറയുകയുണ്ടായി. അന്വേഷണത്തിനു നിയമിച്ച ഉദ്യോഗസ്ഥൻമാരുടെ പേരുകരം അതിൻെറ സ്വഭാവം ഇങ്ങനെ ഒരു ലിസ്ററും അദ്ദേഹം ഇവിടെ വായിക്കുകയുണ്ടായി. എന്താണു സാർ യാഥാർത്ഥ്യം? നിഷ്പക്ഷവും സത്യസന്ധവുമായ നീതിനിർവ്വഹണമാണോ നടന്നത്? ഗുരുതരമായ വളരെ നീചവും നിൻദ്യവുമായ രീതിയിൽ നടന്ന പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച്—കോഴിക്കോട്ടുനടന്ന പോലീസ് ലാത്തിച്ചാർജ്ജിനെസംബന്ധിച്ചല്ല ഞാൻ പറയുന്നത്—അതിനുശേഷം ആ കോഴിക്കോട്ടു ലാത്തിച്ചാർജ്ജിൽ പരിക്കേററ മാർക്സിസ്ററു പാർട്ടിയുടെ പ്രവർത്തകൻമാർ അവരുടെ വീട്ടിൽ ചികിൽസയിൽ കഴിയുമ്പോരം അവരെ പിടിച്ചുകൊണ്ടുപോയി കുററ്യാടിപോലീസ് സ്റേറഷനിൽ വച്ച് മർദ്ദിച്ചതിൻെറ എത്രയോ ഉദാഹരണങ്ങരം എൻെറ സ്നേഹിതൻമാർ ഇവിടെ ഇതിനുമുമ്പ് പലപ്പോഴായി വിവരിക്കുകയുണ്ടായി. അവിടെ വന്ന സഖാക്കരംക്ക് മനുഷ്യമാംസം കൊടുത്ത നീചമായ സംഭവങ്ങരം ഇവിടെ പലപ്പോഴും ഉന്നയിക്കുകയുണ്ടായി. എന്നാൽ നമ്മുടെ നീതിമാനായ നിഷ്പക്ഷമായി നിതിനിർവ്വഹണം നടത്തുന്ന, സത്യസന്ധനായ നമ്മുടെ ആഭ്യന്തരമന്ത്രി, ആ കാര്യത്തെ സംബന്ധിച്ച് ഒന്നും പറഞ്ഞു കാണുന്നില്ല. അന്വേഷണം നടത്തുമെന്നു പറയുന്നില്ല. അതു ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടത്തിയെന്നു ഒരു പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞതായി ഞാൻ കണ്ടു. പക്ഷെ അതിനുശേഷം ഇവിടെ ആ കാര്യത്തെസംബന്ധിച്ചു സംസാരിക്കുകയുണ്ടായി അദ്ദേഹത്തിൻെറ പത്രസമ്മേളനത്തിൽ 18-ാം തീയതി അറസ്ററു ചെയ്തുവെന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ട്. അദ്ദേഹത്തിനു പ്രധാന പങ്കുള്ള അദ്ദേഹത്തിൻെറ പാർട്ടിയുടെ മുഖപത്രമായ ചൻദ്രികയിൽവന്ന റിപ്പോർട്ടും ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ചൻദ്രികയിൽ ഇന്നയിന്ന ആളുകളെ, മരാർ, വാച്ചുമാൻ, അവറാൻ ഇങ്ങനെ അറസ്ററു ചെയ്തവരിൽ കുറെ ആളുകളുടെ പേര് വരികയുണ്ടായി. അവരെയെല്ലാം ഡിസംബർ 18-ാം തീയതിയാണ് അറസ്ററ് ചെയ്തതെന്ന് ആഭ്യന്തരമന്ത്രി പറയുകയുണ്ടായി. പക്ഷെ അവരിൽ ചിലരെ കോടതിയിൽ ഹാജരാക്കിയത് 28-ാം തീയതിയാണ്. അതും പത്രത്തിൽവന്നിട്ടുണ്ട്. അങ്ങനെ വളരെ ഗൗരവതരമായ നിയമവിരുദ്ധമായ ലോക്കപ്പ് മർദ്ദനങ്ങളുണ്ടായി. നിയമവിരുദ്ധമായി അദ്ദേഹത്തിൻെറ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ കുറെ നിരപരാധികളെ ലോക്കപ്പിൽ വച്ചു. എന്നിട്ട് ഒരു പക്ഷെ അദ്ദേഹം കരുതിക്കൂട്ടി അതല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥൻമാർ തെററിദ്ധരിപ്പിച്ചതിൻെറ ഫലമായി 18-ാം തീയതി അറസ്ററു ചെയ്തു, ആ അറസ്ററു ചെയ്തവരിൽ ചിലരെ പെട്ടെന്നു കൊണ്ടുപോകുന്നതിന് പോലീസ് ഡിപ്പാർട്ടുമെൻറിൻെറ കൈയിൽ വാഹനമില്ലാതിരുന്നതുകൊണ്ട് പേരാമ്പ്രാ ലോക്കപ്പിൽവച്ച് പിറേറദിവസം കുററ്യാടി ഡിവൈ. എസ്. പി. യുടെ മുമ്പാകെ ഹാജരാക്കി. അദ്ദേഹം ചോദ്യം ചെയ്ത് നിരപരാധികാളാണെന്നു തോന്നി വിട്ടയച്ചു. മററുള്ളവരെ കോടതിയിൽ ഹാജരാക്കി. ഇങ്ങനെയാണോ പറയുന്നത് അതിനെ സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ? അപേക്ഷിക്കുകയല്ല, താണുകേണ് അപേക്ഷിക്കുകയല്ല, അന്വേഷിക്കാൻ സൻമനസ്സുണ്ടോയെന്നുമാത്രം ചോദിക്കുകയാണ്. അങ്ങയുടെ പത്രത്തിൽതന്നെ വന്ന വാർത്ത അങ്ങുതന്നെ കോഴിക്കോട്ടുവച്ചു പറഞ്ഞതായി പത്രത്തിൽ വന്നതാണ്. അതു നിയമവിരുദ്ധമായ ലാക്കപ്പാണ്. അതിനെസംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാണോ? അതുപോലെ ഇവിടെ നിഷ്പക്ഷമായ നീതിനിർവ്വഹണത്തെപ്പററി പറഞ്ഞുകേട്ടു. എന്താണു സർ, ഞങ്ങളുടെ പാർട്ടി ഏററവും

ന്യായമായ രീതിയിൽ നിയമവിധേയമായ രീതിയിൽ പ്രകടനം നടത്തുമ്പോൾ അതിനെ അങ്ങയുടെ, ആഭ്യന്തരമന്ത്രിയുടെ നിർദ്ദേശപ്രകാരമോ അല്ലാതെയോ പോലീസ് പല സ്ഥലത്തും തടയുന്നു. കഴിഞ്ഞ ഫെബ്രുവരി 13-ാം തീയതി കോഴിക്കോട്ടുവച്ചുനടന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രകടനത്തിനുനേരെ പോലീസ് ചാടിവീണ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. നിരവധിയാളുകൾക്ക് പരിക്കേററു. ആ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്താമെന്നു പറഞ്ഞിട്ടില്ല. അന്വേഷണം നടത്താൻ തയ്യാറുമില്ല. ഞാൻ ചോദിക്കുന്നത് നിഷ്പക്ഷമായ നീതിനിർവ്വഹണമാണ് നടത്തുന്നതെങ്കിൽ ഇതിനെസംബന്ധിച്ച് അന്വേഷിക്കാനെങ്കിലും തയ്യാറായിക്കൂടെ? അന്വേഷണത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അന്വേഷണം നടത്തും അന്വേഷണം നടത്തുമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇതുപോലെ ഗുരുതരമായ വളരെ ഗുരുതരമായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളൊന്നുംതന്നെ അന്വേഷണം നടത്തുന്ന ലിസ്ററിൽ കണ്ടില്ല. കോഴിക്കോട്ടെ സംഭവം അന്വേഷണം നടത്തുമെന്നു പറഞ്ഞ ലിസ്ററിൽ കണ്ടില്ല. ഞങ്ങളുടെ പാർട്ടി ജാഥ നടത്താൻ പാടില്ല, ഞങ്ങളുടെ പാർട്ടി വളരെ ന്യായമായി ജനാധിപത്യമര്യാദയനുസരിച്ച് വാളില്ലാതെ, കുന്തമില്ലാതെ, തോക്കില്ലാതെ പ്രകടനം നടത്തിയാൽ തല്ലിച്ചതച്ച് അതിനെ പിടിച്ചുവിട്ടിട്ട് മറുവശത്ത് എന്താണു ചെയ്യുന്നത് സർ. നല്ല തിളങ്ങുന്ന പടവാളുമായി, തിളങ്ങുന്ന പടവാളും പിടിച്ചുകൊണ്ട് ഘോഷയാത്ര നടത്താൻ അനുവദിക്കുന്നു, പ്രകടനം നടത്താൻ അനുവദിക്കുന്നു. ഒരുവിഭാഗം ആളുകളെ അതിന് അനുവദിക്കുന്നു, ജനസംഘക്കാരെ അതിന് അനുവദിക്കുന്നു. അവർ ഇഷ്ടംപോലെ പ്രകടനം നടത്തുന്നു. വാൾ, കുന്തം, സി. ആർ. പി. ക്കാരുടെ കൈയിൽ ഉള്ളതിനെക്കാൾ നീളംകൂടിയ വടികൾ ഇതെല്ലാം എടുത്തുകൊണ്ട് ഇഷ്ടം പോലെ പ്രകടനം നടത്താൻ അനുവദിക്കുന്നു. ഇതാണോ സർ നിഷ്പക്ഷമായ നീതിനിർവ്വഹണം, ഇതു നിഷ്പക്ഷമായ നീതിനിർവ്വഹണമാണോ? യാതൊരു കക്ഷിപരിഗണനയുമില്ലെന്നാണ് പറയുന്നത്. കക്ഷി പരിഗണനയില്ല, പക്ഷപാതമില്ല, എത്രനല്ല സൽഭരണമാണ്. എന്താണ് സർ യഥാർത്ഥത്തിൽ ഇവിടെ നടക്കുന്നത്? ആഭ്യന്തര മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിൽ, അവർക്ക് സ്വാധീനശക്തിയുള്ള സ്ഥലങ്ങളിൽ അവരുടെ തോന്നിയവാസമാണ് നടക്കുന്നത്. മററു സ്ഥലങ്ങളിലെ കാര്യം അവർ ഇതു ചെയ്യുമ്പോൾ കണക്കിലെടുക്കാതെയില്ല. മററുള്ളവർ അവിടെ പ്രകടനം നടത്തിയാൽ അതിന്റെ നേരെ ഇവർ തോന്നിയവാസവും റൗഡിസവുമാണ് കാണിക്കുന്നത്. ഈ കഴിഞ്ഞ ഫെബ്രുവരി 13-ാം തീയതി ആഭ്യന്തരമന്ത്രിയുടെ പാർട്ടിക്ക് സ്വാധീനശക്തിയുണ്ടെന്നു പറയുന്ന നാദാപുരം പഞ്ചായത്തിലെ നാദാപുരം ടൗണിൽ വച്ച് പോലീസ് സ്റേറഷനു നാലുവാര അകലെവച്ച് ഞങ്ങളുടെ പാർട്ടി ഒരു പ്രചരണജാഥ നടത്തുമ്പോൾ—പത്ത് ഇരുപതോളം ആളുകൾ ഉണ്ടായിരുന്നുള്ളൂ—യാതൊരു ആയുധവുമുണ്ടായിരുന്നില്ല, തോക്കുണ്ടായിരുന്നില്ല, വാളുണ്ടായിരുന്നില്ല, ബോംബുണ്ടായിരുന്നില്ല, ഒന്നും ഉണ്ടായിരുന്നില്ല. സാധാരണനിലയിലുള്ള ഒരു പ്രചരണജാഥ നടത്തുമ്പോൾ അവരെ മുസ്ലീം ലീഗിന്റെ ഇരുന്നൂറോളം ആളുകൾ വളഞ്ഞുവച്ച് കല്ലേറു നടത്തി, സോഡാക്കുപ്പികൊണ്ട് അടിച്ചു. ഇത്ര ഗൗരവതരമായ സംഭവമുണ്ടായി. പോലീസ് സ്റേറഷന്റെ നാലുവാര അകലെവച്ചാണ് ഈ സംഭവം മുഴുവൻ നടന്നത്. നിഷ്പക്ഷമായ നീതിനിർവ്വഹണം നടത്തുന്ന ആഭ്യന്തരമന്ത്രിയുടെ പോലീസ് അതൊന്നും കണ്ട ഭാവമേ നടിച്ചില്ല. ഞങ്ങളുടെ പ്രവർത്തകൻമാർ പോലീസ് സ്റേറഷനിൽ പോയി കേസ് കൊടുത്തു. അവിടെപോയി ഹർജി കൊടുത്തു. എന്നിട്ട് ഒരൊററ റൗഡിയെപ്പോലും അറസ്ററ് ചെയ്തിട്ടില്ല. കേസ് രജിസ്ററർ ചെയ്തിട്ടുണ്ടോയെന്നുതന്നെ അറിയില്ല. ഇതാണ് നിഷ്പക്ഷമായ നീതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹണം. ഈ സംഭവംകഴിഞ്ഞ്, സംഭവം കഴിഞ്ഞത് എട്ടു മണിക്കാണ്. പത്തു മണിക്ക് പോലീസ് സ്റ്റേഷനിൽ പെററിഷൻ കൊടുത്തു. പെററീഷൻ കൊടുത്തെന്നറിഞ്ഞപ്പോൾ നമ്മുടെ ആഭ്യന്തരമന്ത്രിയുടെ പ്രവർത്തകർ ഗൂഢാലോചനകൾ പലതും നടത്തി. മർദ്ദനം അനുഭവിച്ചവരെത്തന്നെ കേസ്സിൽ പ്രതിയാക്കണമെന്നുള്ളതായിരുന്നു അവരുടെ ആലോചന. അങ്ങനെ ഒരു ആലോചനയുടെ ഫലമായി നാദാപുരത്ത് അങ്ങാടിയിൽ—ഞാൻ ഇതു പറയുമ്പോൾ ആഭ്യന്തരമന്ത്രിയ്ക്കറിയാം ഈ നാദാപുരം അങ്ങാടി ഏതാണ്, അവിടെത്തെ സ്ഥിതി എന്താണെന്നൊക്കെ. അങ്ങനെ നാദാപുരത്ത് അങ്ങാടിയിലുള്ള ഒരു മുസ്ലീംലീഗുകാരന്റെ വീട്ടിൽ രാത്രി രണ്ടുമണിക്ക് ഒരു സംഘം മാർക്സിസ്റ്റുകാർ അന്ന് ആക്രമണം നടത്തിയെന്നു പറഞ്ഞുകൊണ്ട് പിറേറദിവസം രാവിലെ ഞങ്ങളുടെ പ്രവർത്തകൻമാരുടെ പേരിൽ കേസ്സെടുക്കുകയാണുണ്ടായത്. നിഷ്പക്ഷമായി നീതി നിർവ്വഹിക്കുന്ന പോലീസ് ഉടനെ ഞങ്ങളുടെ പ്രവർത്തകരുടെനേരെ തിരിഞ്ഞു. അവിടെ നോക്കിനടന്ന്, അവരുടെപേരിൽ കേസ്സെടുത്തു. ജാഥയുടെനേരെ ആക്രമണം നടത്തിയതിൽ കേസ്സില്ല. ഇതാണ് നിഷ്പക്ഷമായ നീതിനിർവ്വഹണത്തിന്റെ ഓരോ സാമ്പിളുകൾ എന്നുമാത്രമാണ് ഞാൻ പറയുന്നത്. കുററ്യാടിയെ സംബന്ധിച്ചുതന്നെ പറയാം. എന്തിനാണ് സർ ഞങ്ങളുടെ പ്രവർത്തകരെയെല്ലാം കുററ്യാടി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചത്? നിങ്ങൾ ആരെങ്കിലും നക്സലൈററുകാരുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്നു ചോദിച്ചിട്ടില്ല. എന്താണു ചോദിച്ചത്? ഡിസംബർ 1—ാം തീയതി കളക്ടറേററിൽ സത്യാഗ്രഹത്തിനു പോയിരുന്നോ, ഏതു ഗേററിലാണ് ഇരുന്നത്? എന്നാണ് ചോദിച്ചത്. ഇനി പിക്കററിംഗിനു പോകുമോ സത്യാഗ്രഹത്തിനു പോകുമോ എന്നു ചോദിച്ചുകൊണ്ടാണ് മർദ്ദിച്ചത്. ആഭ്യന്തരമന്ത്രി ഈയിടെ പറയുകയുണ്ടായി നക്സലൈററുകാർ ആരാണെന്നും മാർക്സിസ്റ്റുകാർ ആരാണെന്നും മനസ്സിലാക്കാൻ വിഷമമുള്ളതുകൊണ്ട് ചിലപ്പോൾ ചിലരെയെല്ലാം അങ്ങനെ ചെയ്തിരിക്കാം, അറസ്ററ് ചെയ്തിരിക്കാം കൊണ്ടുപോയിരിക്കാം എന്ന്. എന്താണ് സർ, യാഥാർത്ഥ്യം. കളക്ടറേററ് പിക്കററിംഗിന്റെ ഫലമായി പോലീസിന്റെ ക്രൂരമായ മർദ്ദനമേററ് വീട്ടിൽ ചികിൽസയിൽ കഴിയുന്ന സഖാക്കളെയാണ് അറസ്ററ് ചെയ്തുകൊണ്ടുപോയത്. ഞങ്ങളാരും നക്സലൈററുകളല്ലെന്ന് അവിടത്തെ പോലീസിനു തന്നെ അറിയാം. അവരെല്ലാം കളക്ടറേററിൽ പിക്കററിംഗിനു പോയവരാണ് മാർക്സിസ്റ്റുകാരുടെ പ്രവർത്തകൻമാരാണ് എന്ന് പോലീസുകാർക്ക് വ്യക്തമായ അറിവുണ്ടായിരുന്നിട്ടും എന്തിനുവേണ്ടിയാണ് അവരെ അറസ്ററ് ചെയ്തത്? ഇതാണോ നിഷ്പക്ഷമായ നീതി നിർവ്വഹണം? മുസ്ലീം ലീഗിന്റെ നേതാക്കൻമാർ പാവപ്പെട്ടവരല്ല പ്രമാണിമാരാണ്. ആ പ്രമാണിമാർ കൊടുക്കുന്ന ലിസ്ററനുസരിച്ച് പോലീസ് പ്രവർത്തിച്ചില്ലെങ്കിൽ പിന്നെ അവർക്ക് രക്ഷയുണ്ടോ? അതു നമുക്കറിയാവുന്ന കാര്യമാണ്. പോലീസ് അങ്ങനെ പ്രവർത്തിച്ചില്ലെങ്കിൽ അവർക്ക് രക്ഷയില്ല. അതിന്റെ ഫലമായി നിരപരാധികളായ പത്തു മുപ്പതു പേരെ ലോക്കപ്പിൽ കൊണ്ടുപോയി. അതിനെക്കാളെല്ലാം അധികം രസകരമായ സംഭവം പറയാം. നൊച്ചാട്ടുള്ള അവറാനെ പേരാംമ്പ്രയിലെ മണി എന്ന സബ് ഇൻസ്പെക്ടർ പോയി വിളിച്ചു. നൊച്ചാട്ട് എന്നു പറഞ്ഞാൽ മുസ്ലീങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശമാണ്. അവരിൽ ബഹുഭൂരിപക്ഷവും ഞങ്ങളുടെ പാർട്ടിയുടെ പ്രവർത്തകരും ആളുകളുമാണ്. അവിടെയുള്ള അവറാനെ മുസ്ലീംലീഗിന്റെ നിർബന്ധപ്രകാരം പേരാമ്പ്രയിലെ മണി എന്ന ഇൻസ്പെക്ടർ പോയി വിളിച്ചു. എന്നിട്ട് അദ്ദേഹത്തെ അറസ്ററു ചെയ്യുകയല്ല ആദ്യമായി ചെയ്തത്. അയാളെ നിർബന്ധിച്ച് വാളൻറീയർ ഡ്രസ് ഇടണം, ചുവന്ന ഡ്രസ് ഇടണം, കാക്കി ട്രൗസർ ഇടണം എന്നു

പറഞ്ഞു നിർബന്ധിപ്പിച്ച് ഇടീച്ചു. ഇത് എന്തു ജനാധിപത്യമാണു സർ? 48-ൽപോലും കാണാത്ത സംഭവമാണ് ഇപ്പോൾ കാണുന്നത്. അങ്ങനെ 18-ാം തീയതി അറസ്റ്റു ചെയ്ത അവരാണ 30-ാം തീയതിയാണ് മോചിപ്പിച്ചത്. അതുപോലെതന്നെ പത്തു മുപ്പതു സഖാക്കളെ അഞ്ചാറു ദിവസം കഴിഞ്ഞാണ് മോചിപ്പിച്ചത്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കാൻ ഈ ഗവൺമെൻറ് തയ്യാറല്ല. എന്തു പറഞ്ഞാലും എല്ലാം അന്വേഷിക്കാം, അന്വേഷിക്കാം ഗുരുതരമായ ആരോപണങ്ങളെല്ലാം അന്വേഷിക്കാം എന്നാണ് ഇവിടെ പറയുന്നത്. ഇത് എന്തുതരം ആരോപണമായിട്ടാണ് സർ ന്യായീകരിക്കേണ്ടത്? മിനിഞ്ഞാന്ന് ഇവിടെ ആഭ്യന്തരമന്ത്രി പറഞ്ഞുകേട്ടു ഒരൊററ മുസ്ലീംലീഗു വാളൻറീയർമാരും ഒരാളെയും ഒഴിപ്പിക്കാൻ പോയിട്ടില്ലെന്ന്. ഞാൻ നാദാപുരംതന്നെ അതിനുള്ള തെളിവുകളായി തരികയാണ്. നാദാപുരത്തു കണ്ടോത്തു താഴക്കുടിയിൽ കൃഷ്ണൻ എന്ന സാധുവായ ഒരു കുടികിടപ്പുകാരൻ താമസിക്കുന്നത് അവിടത്തെ മുസ്ലീംലീഗുപ്രമാണിയായ കുഞ്ഞബ്ദുൽ ഹാജിയുടെ പറമ്പിലാണ്. പത്തുപതിനാറു വർഷമായി അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന കൃഷ്ണനെ മുസ്ലീംലീഗുകാരും അബ്ദുള്ളയുംകൂടി വളഞ്ഞു. ഒരു ദിവസം പട്ടാപ്പകൽ നന്നേരാവിലെയാണ് ഈ സംഭവം. അവർ അവിടെ ച്ചെന്നു. കൃഷ്ണനോട് വീട്ടിലെ സാധനങ്ങളെല്ലാം എടുത്തു പുറത്തുവയ്ക്കണമെന്നു പറഞ്ഞു. അയാൾ വിസമ്മതിച്ചപ്പോൾ പോലീസ് അയാളെക്കൊണ്ട് അതെല്ലാം പുറത്തു എടുത്തു വയ്പ്പിച്ചിട്ട് അയാളെ ചേലക്കാട് എന്നു പറയുന്ന സ്ഥലത്ത് റോഡിലാക്കി. അപ്പോൾ കൃഷ്ണൻ പോലീസിനു പെററീഷൻ കൊടുത്തു. പക്ഷേ പോലീസ് കേസെടുത്തില്ല. പോലീസ് പറഞ്ഞതെന്താണ്? കാർഷികബന്ധനിയമപ്രകാരം നടപടിയെടുക്കാൻ സാധിക്കുന്നില്ല. 117(1) എ പ്രകാരം നടപടിയെടുക്കാൻ സാധിക്കുന്നില്ല, കാരണം എന്താണെന്നുവച്ചാൽ ഒഴിഞ്ഞുപോയി അതുകൊണ്ട് എന്തു ചെയ്യുമെന്നാണ്. ഇതാണോ സർ നീതിനിർവ്വഹണം. ഈ നീതിനിർവ്വഹണം ന്യായമായി നടത്താൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പി. വി. എബ്രഹാം: സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ പാർലമെൻററി ജനാധിപത്യത്തിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന ഒരു അഗ്നി പരീക്ഷണത്തെയാണ് സഖാവ് സി. അച്യുതമേനോൻെറ നേതൃത്വത്തിലുള്ള ഇന്നത്തെ ഭരണകക്ഷി തരണം ചെയ്തിരിക്കുന്നത്. ഈ സന്ദർഭത്തിൽ ഈ ബില്ലിനെ പിന്താങ്ങുന്നതിൽ എനിക്ക് അങ്ങേയററത്തെ ആത്മാഭിമാനവും സന്തോഷവും തോന്നുന്നുണ്ട്. പ്രധാനപ്രതിപക്ഷമായ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ സംസ്ഥാനസെക്രട്ടേറിയററിൽനിന്നും പുറപ്പെടുവിച്ച പ്രസ്താവന ഞാൻ സശ്രദ്ധം വായിക്കുകയുണ്ടായി. ആ പ്രസ്താവനയിൽ ഇന്നത്തെ ഭരണകക്ഷിയുടെ വർഗ്ഗപരമായ സ്വഭാവത്തെ ഒന്നു ഉരച്ചു വിലയിരുത്തുന്നതിനു ശ്രമിച്ചിട്ടുണ്ട്. ആ വിലയിരുത്തലിൽ എല്ലാം തന്നെ പ്രത്യക്ഷമായി ഒരു കാര്യം കാണുന്നുണ്ട്. കേരളത്തിൽ അല്ല ഇൻഡ്യയിലും ഒരു ഐക്യമുന്നണിപ്രസ്ഥാനം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ, അതു നിലനിറുത്തുന്ന കാര്യത്തിൽ, പരിപോഷിപ്പിക്കുന്ന കാര്യത്തിൽ എല്ലാംതന്നെ തങ്ങളുടെ കക്ഷിക്ക് പാകപ്പിഴപററിയിട്ടുണ്ട്, അതു കേരളത്തിലും ബംഗാളിലും മാത്രമല്ല, ഇൻഡ്യയിലും പററാൻപോകുകയാണ് എന്നു പറഞ്ഞിട്ടുണ്ട്. അതെല്ലാം തേച്ചുമാച്ചുകളഞ്ഞ് പുതിയ വിശാലമായ ഐക്യമുന്നണിപ്രസ്ഥാനത്തെപ്പററി ചിന്തിച്ചുതുടങ്ങിയിരിക്കുന്നു എന്നുള്ള സൂചനകൾ അടങ്ങുന്ന പ്രസ്താവനയായിരുന്നു അത്. ഇന്നത്തെഭരണകക്ഷിയുടെ വർഗ്ഗസ്വഭാവം ഉരച്ചുനോക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള ചാണക്കല്ല് മാർക്സിസ്ററ്

LIBRARY ARCHIVES Kerala Legislative Assembly

ലെനിനിസ്റ്റ് തത്വസംഹിതയൊന്നുമല്ല. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയോടുള്ള വിരോധമാകുന്ന ചാണക്കല്ലു മാത്രമാണ് ആ കാര്യത്തിൽ അവർ ഉപയോഗിച്ചിട്ടുള്ളത്. അവർ വിഭാവനംചെയ്തിട്ടുള്ള ഐക്യമുന്നണിയുടെ വർഗ്ഗസ്വഭാവം പരിശോധിക്കുമ്പോഴാണ് മാർക്സിസ്റ്റുപാർട്ടി എങ്ങോട്ടാണ് പോകുന്നതെന്നു ചോദിക്കാൻ തോന്നിപ്പോകുന്നത്. ദൈനംദിനം എടുക്കുന്ന ഓരോ അടവുകളും തന്ത്രങ്ങളും പരാജയപ്പെടുകയും വീണ്ടും വീണ്ടും ചവിട്ടുന്ന ചവിട്ടുകൾ തെററുകയും കൊട്ടുന്ന താളങ്ങൾ പാകപ്പിഴയിലാകുകയുംചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ കാണുന്നത്. സംസ്ഥാനസെക്രട്ടേറിയററിന്റെ പ്രസ്താവനയുടെ രത്നച്ചുരുക്കം ഇതാണ്. ഇന്നത്തെ ഭരണകക്ഷയിൽ ആരും യാതൊരു രാഷ്ട്രീയബുദ്ധിയും കാണിച്ചുപോകരുത്. വല്ല രാഷ്ട്രീയബുദ്ധിയും കാണിക്കുകയാണെങ്കിൽ അതു ഞങ്ങൾ കാണിച്ചുകൊള്ളാം. കേരളത്തിലാണെങ്കിലും ഇൻഡ്യയിലാണെങ്കിലും ശരി അതു ഞങ്ങൾകാണിച്ചാൽപോരേ എന്നുള്ളമട്ടിലാണ് ചോദിച്ചിരിക്കുന്നത്. എന്തുചെയ്യാം; തുടച്ചർയായി .രാഷ്ട്രീയവിഡ്ഢിത്തങ്ങൾ തന്നെ ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രതിപക്ഷകക്ഷി ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഒരു നല്ല ഐക്യമുന്നണിപ്രസ്ഥാനത്തെ കെട്ടിപ്പടുക്കേണ്ട ശ്രമത്തിൽ നിന്ന് അറിഞ്ഞോ അറിയാതെയോ വഴുതിമാറിപ്പോകുന്ന ഒരു കക്ഷിയായി മാറുകയാണ്. ആ കക്ഷിയുടെ ചിന്താഗതികളിൽ മാററംവരുത്തുകയും തീരുമാനങ്ങൾ പുനശ്ചിന്തനംചെയ്യുകയുംചെയ്യേണ്ടത് ആവശ്യമാണെന്നാണ് എനിക്കു പറയാനുള്ളത്. ആ സ്ഥിതിക്ക് ഇത് കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ മനസാക്ഷിപ്രകടനം മാത്രമല്ല, ഇൻഡ്യയിൽത്തന്നെ വരാൻപോകുന്ന ഒരു ഐക്യമുന്നണിപ്രസ്ഥാനത്തിന്റെ നട്ടെല്ലായിട്ടാണ് ഞാൻ ഈ ഗവൺമെൻറിനെ കാണുന്നത്. തീർച്ചയായിട്ടും ആ പ്രസ്ഥാനത്തിലേക്കു കടന്നുവരേണ്ട ചുമതല മാർക്സിസ്റ്റുപാർട്ടിയുടേതാണ്. അതല്ലാതെ ഈ പ്രസ്ഥാനത്തെ അടിച്ചുതകർത്തുകൊണ്ട് നാട്ടിൽ ഒന്നും നേടാൻ കഴിയുകയില്ലെന്നുള്ള കാര്യം വളരെ വ്യക്തമാണ്. കേരളത്തിലും ബംഗാളിലും തെളിയിച്ച രാഷ്ട്രീയവിഡ്ഢിത്തങ്ങൾ അവസാനിപ്പിച്ചിട്ട് നല്ല ഐക്യമുന്നണിപ്രസ്ഥാനം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ സംഭാവനചെയ്യാൻ ഇനിയും അവസരമുണ്ട്, അതു മാർക്സിസ്റ്റുപാർട്ടിക്കു കഴിയുമോ എന്നാണ് ഞാൻ ചോദിക്കുന്നത്, സർ, അക്കാര്യം ഞാൻ അവിടംകൊണ്ടവസാനിപ്പിക്കുന്നില്ല. ഇന്നത്തെ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏതാനും കാര്യങ്ങളിൽ പ്രധാനമായും വനത്തെസംബന്ധിച്ചു പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച നയമാണ് കൃഷിക്കു യോഗ്യമായ വനഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുക എന്നുള്ളത്. വളരെയധികം സ്വാഗതാർഹമായ ഈ തീരുമാനം എത്രയുംവേഗം നടപ്പാക്കണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. ഇതിന് സാങ്കേതികബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അതിന് എവിടെയാണ് തടസ്സം എവിടെയാണ് താമസം എന്നു കണ്ടുപിടിക്കേണ്ട ചുമതല രണ്ടുകൂട്ടർക്കുമുണ്ട്. ഈ പരിപാടി 6 മാസത്തിനകമെങ്കിലും നടപ്പാക്കി നിശ്ചിതഅളവിലുള്ള ഭൂമി ഈ രാജ്യത്തെ അദ്ധ്വാനശീലരായ ഭൂരഹിതർക്കും ഹരിജനങ്ങൾക്കും കൊടുക്കണമെന്ന് ഞാൻ ഗവൺമെൻറിനോടഭ്യർത്ഥിക്കുകയാണ്. അതിനു തടസ്സമായി നിൽക്കുന്നത് ഫോറസ്റ്റുവകുപ്പാണെങ്കിൽ ആ തടസ്സം നീക്കുന്നതിനു സത്വരനടപടികൾ സ്വീകരിക്കണം. വളരെ അറുപഴഞ്ചനായ വകുപ്പുകളൊക്കെ മാററിക്കൊണ്ട് ഒരു സ്കീം തയ്യാറാക്കി നമ്മുടെ രാജ്യത്തെ ഭൂമിക്കുവേണ്ടി ദാഹിക്കുന്ന ആളുകൾക്ക് ഭൂമികൊടുക്കണം. ഇങ്ങനെയുള്ള ഭൂമി കുറഞ്ഞ ഒരു ശതമാനംമാത്രമേ കൊടുക്കാൻ കഴിയുകയുള്ളുവെങ്കിലും അത് ഉടനടിനടപ്പിൽവരുത്താൻവേണ്ടി ഒരു സ്കീം ആവിഷ്ക്കരി

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ ടാങ്കിയാ കൃഷിചെയ്തുവരുന്ന കൃഷിക്കാരുടെ ഇടയിൽ നിന്നു നിരവധി ആവലാതികൾ എം.എൽ.എ. മാരായ ഞങ്ങൾക്കു കിട്ടുന്നുണ്ട്. അവരുടെ ഉൽപ്പന്നങ്ങൾക്കു വില കുറഞ്ഞുവരികയാണെന്നും അതുപോലെതന്നെ വ്യക്തികൾക്കു കൊടുത്തുവന്നിരുന്ന പാട്ടത്തിന്റെ നിരക്കു മുമ്പുകൊടുത്തുവന്നിരുന്നതിനേക്കാൾ കൂടിയ നിരക്കാണെന്നുമൊക്കെ പരാതിയുണ്ട്. ഇക്കാര്യം ഗവൺമെന്റ് വളരെ സഹതാപപൂർവ്വം പരിഗണിക്കണമെന്നാണെനിക്കു പറയാനുള്ളത്.

അടുത്തതായി എനിക്കു പറയാനുള്ളത് ഇറിഗേഷൻവകുപ്പിലെ ചില പ്രവർത്തനങ്ങളെപ്പററിയാണ്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ 13-ഓളം ലിഫ്ററ് ഇറിഗേഷൻ സ്കീമുകളുണ്ട്. അതിന്റെ പ്രവർത്തനം വാസ്തവത്തിൽ വളരെ പരിതാപകരമായനിലയിലാണ് നീങ്ങുന്നത്. കുംഭം മീനമാസക്കാലത്ത് വെള്ളം ലഭിക്കാത്ത സ്ഥിതിയാണ് മിക്ക സ്ഥലങ്ങളിലും ഉള്ളത്. ആവശ്യത്തിനുതകുന്ന കുതിരശക്തിയുള്ള യന്ത്രങ്ങളില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ ശരിക്കു പ്രവർത്തിക്കുന്ന പമ്പുസെററുകളില്ല. ഇങ്ങനെ പല തകരാറുകളും ഈ രംഗത്തുണ്ട്. ഹരിതവിപ്ലവം പ്രതീക്ഷിക്കുന്ന നാം ഇത്തരത്തിലുള്ള ജലസേചനപദ്ധതികളുടെ കാര്യത്തിൽ തീർച്ചയായിട്ടും യാതൊരു വൈമുഖ്യവും കാണിക്കാൻ പാടില്ല. ഈ രംഗത്ത് എന്താണ് വേണ്ടതെന്നുള്ളത് നാം സജീവമായി ശ്രദ്ധിക്കണം. മറെറാരു പദ്ധതി പെരിയാർവാലി ലിഫ്ററ് ഇറിഗേഷൻ സ്കീമാണ്. അതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. തീർച്ചയായിട്ടും തെക്കൻതിരുവിതാംകൂറിന്റെ ഏഴെട്ടുതാലൂക്കുകൾക്ക് പ്രയോജനംകിട്ടുന്ന ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നകാര്യത്തിലും അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നകാര്യത്തിലും ശ്രദ്ധിച്ച് അത് എത്രയുംവേഗം നടപ്പാക്കണമെന്നാണെനിക്കു പറയാനുള്ളത്. കാർഷികരംഗത്തിന്റെപുരോഗതി തീർച്ചയായിട്ടും ഇറിഗേഷൻ രംഗത്തെ പ്രവർത്തനത്തിന്റെകഴിവിനെ ആശ്രയിച്ചാണിരിക്കുന്നത്. അക്കാര്യത്തിൽ ഗവൺമെന്റ് മുൻകൈയെടുക്കണമെന്നാണെനിക്കു പറയാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ടും ഈ ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മുസ്തഫാ കമാൽ: ഞാൻ ഈ ധനവിനിയോഗബില്ലിനെ ശക്തിയായി എതിർക്കുകയാണ്. അതിനുള്ള കാരണം ഇങ്ങനെയൊരു ബിൽ ഈ സഭയിൽ അവതരിപ്പിക്കാനോ അതു പാസ്സാക്കിയെടുക്കുവാനോ ഈ ഗവൺമെന്റിന് ധാർമ്മികമായി യാതൊരു അവകാശവും ഇല്ല എന്നുള്ളതുകൊണ്ടാണ്. ഏതു രീതിയിലാണ് ഇന്നത്തെ ഈ ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുന്നതെന്നുള്ള വസ്തുത ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഈ രാജ്യത്തെ എല്ലാ ആളുകൾക്കും പകൽപോലെ അറിയാവുന്ന വസ്തുതയാണ്. സ്ഥാപിത താൽപ്പര്യക്കാരുടെയും പിന്തിരിപ്പൻ പ്രവർത്തകരുടെയും പിന്തുണയോടുകൂടിമാത്രം അധികാരത്തിൽ വരികയും അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി നിലനിൽക്കുകയുമാണ്. ഒരു ഉദാഹരണം പറയാം. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ സംബന്ധിച്ചുള്ള അവസാന ചർച്ച നടക്കുമ്പോഴും അതിന്റെ വോട്ടെടുപ്പു നടക്കുന്ന അവസരത്തിലും ഈ സഭയ്ക്കകത്ത് മാത്രമല്ല, എം. എൽ. എ. ക്വാർട്ടേഴ്സിൽ പോലും മുസ്ലീം ലീഗിന്റെയും വലതു കമ്മ്യൂണിസ്ററു പാർട്ടിയുടെയും ഗുണ്ടകൾ താവളമടിച്ചിരുന്നു. എം. എൽ. എ. മാരെ ഭീഷണിപ്പെടുത്തി ഈ ഗവൺമെന്റിന് പിൻതുണ വർദ്ധിപ്പിക്കാമെന്നുള്ള മാർഗ്ഗമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറിന് ഈ ബിൽ അവതരിപ്പിക്കാൻ യോഗ്യതയില്ലെന്ന് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച വിശ്വാസപ്രമേയത്തിൻെറയും അതിനുമുമ്പ് അവതരിപ്പിച്ച ബഡ്ജററിനെ സംബന്ധിച്ചുള്ള ചർച്ചാവേളയിലും കൈക്കൊണ്ടിട്ടുള്ള കുൽസിത നടപടികളെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഭരണകക്ഷിയിലെ ഒരു അതിപ്രധാന ഘടകമായ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം എനിക്കു ഏതാനും കാര്യങ്ങൾ ഇവിടെ പറയുവാനുണ്ട്. മുസ്ലീംലീഗിനെക്കുറിച്ച് സംസാരിക്കുമ്പോൾ കഴിഞ്ഞ പത്തുവർഷത്തെ ചരിത്രം സംക്ഷിപ്തമായി ഒന്നു വിശദീകരിക്കേണ്ടതായിട്ടുണ്ട്. 1960—ൽ നടന്ന തിരഞ്ഞെടുപ്പിൽ മുസ്ലീംലീഗും കോൺഗ്രസ്സും അന്നത്തെ പി. എസ്. പി. യും കൂടി ഐക്യമുന്നണി രൂപീകരിക്കുകയും അങ്ങനെ വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരം കരസ്ഥമാക്കുകയും ചെയ്തു. എന്നാൽ പട്ടംതാണുപിള്ള മന്ത്രിസഭ രൂപീകരിച്ച അവസരത്തിൽ മന്ത്രിസ്ഥാനംപോലും ലഭിക്കാൻ സാധിക്കാതെവരുകയും സ്പീക്കർസ്ഥാനം കൊണ്ട് മസ്ലീംലീഗിന് അന്നു തൃപ്തിപ്പെടേണ്ടതായി വരികയും ചെയ്തു. അന്ന് ഒരു മന്ത്രിസ്ഥാനത്തിന് അവകാശം പുറപ്പെടുവിക്കാനോ പിടിച്ചെടുക്കാനോ ഉള്ള ആത്മധൈര്യവും തൻേറടവും മുസ്ലീംലീഗിന് ഉണ്ടായിരുന്നില്ല. ഏതാണ്ട് ഒന്നരവർഷത്തിനുശേഷം കാൺഗ്രസിന് തനിച്ചു ഭരിക്കാൻ സാധിക്കുമെന്ന ഘട്ടം വന്നു. ഗർഭിണിയായ കാമുകിയെ നിഷ്കരുണം ഉപേക്ഷിക്കുന്നതുപോലെ മുസ്ലീംലീഗിനെ തട്ടിതാഴത്തിട്ടു പുറത്താക്കുകയാണ് ചെയ്തത്. അവിടെനിന്ന് വന്നു വീണത് മാർക്സിസ്ററ് പാർട്ടിയുടെ മുൻപിലും. മാർക്സിസ്ററു പാർട്ടിയെ സംബന്ധിച്ചിടത്തോളം പാവപ്പെട്ടവർക്കും അദ്ധ്വാനിക്കുന്നവർക്കുംവേണ്ടി നിലകൊള്ളുന്ന പാർട്ടിയായതുകൊണ്ട്, മുസ്ലീംലീഗുമായി യോജിച്ച് ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഒരുമിച്ചുനിൽക്കാനും തിരഞ്ഞെടുപ്പിൽ മൽസരിക്കുവാനും തയാറായി. അങ്ങനെ അധികാരത്തിൽ വന്നതിൻെറഫലം ഈ രാജ്യത്തെ എല്ലാ പിന്നോക്ക അവശസമുദായങ്ങളും അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ മററു പിന്നോക്ക സമുദായങ്ങളെപോലെയും അവശവിഭാഗങ്ങളെപ്പോലെയും സാമുദായിക രംഗത്തും വിദ്യാഭ്യാസരംഗത്തും അന്ന് വളരെയധികം പിന്നോക്കം നിന്നിരുന്ന ഒരു വിഭാഗമാണ് മുസ്ലീം സമുദായം. വിദ്യാഭ്യാസപരമായും സാമുദായികപരമായും ഉയർന്ന നിലവാരമില്ലാത്ത ഒററക്കാരണംകൊണ്ട് ഈ സംസ്ഥാനത്തിലെ ഉന്നതമായ ചില പദവികൾ അലങ്കരിക്കുന്നതിനു മുസ്ലീം സമുദായത്തിനു കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അങ്ങനെയുള്ള അവസരം ലഭിച്ചത് ശ്രീ. ഇ. എം. എസ്സിൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് അധികാരത്തിലിരുന്നപ്പോൾ മാത്രമാണ്. മുസ്ലീംസമുദായത്തിലെ പാവപ്പെട്ട കൃഷിക്കാരൻ ഉൾപ്പെടെയുള്ള ലക്ഷോപലക്ഷം കൃഷിക്കാരൻെറയും കുടികിടപ്പുകാരൻെറയും കാർഷികത്തൊഴിലാളിയുടെയും പുരോഗതിക്കുവേണ്ടി അവതരിപ്പിച്ച കാർഷികബന്ധബില്ലും മററു നടപടികളും ഇതിന് ഉദാഹരണമാണ്. വിദ്യാഭ്യാസരംഗത്തും അവർ ഇന്ന് അലങ്കരിച്ചിരിക്കുന്ന സ്ഥാനമാനങ്ങൾ ലഭിച്ചത് മാർക്സിസ്ററു പാർട്ടിയുടെ ഭരണകാലത്താണ്. മസ്ലീംസമുദായത്തിൻെറ ചിരകാലാഗ്രഹമായിരുന്ന ഹൈക്കോടതി ജഡ്ജിയായി ഒരു മുസ്ലീമിനെ നിയമിക്കണമെന്നത് ശ്രീ. ഇ. എം. എസിൻെറ കാലത്താണ് സാധിച്ചത്. അതുപോലെതന്നെ അഡ്വക്കേററ് ജനറലിനെ നിയമിക്കാനും കെ. എസ്. ആർ. ടി. യിൽ ഒരു ജനറൽ മാനേജരെയും റീജിയണൽ എജിനീയറിംഗ് കാളേജിൽ പ്രിൻസിപ്പാളിനെയും നിയമിക്കാനും ശ്രീ. ഇ. എം. എസിൻെറ കാലത്തുമാത്രമെ കഴിഞ്ഞിട്ടുള്ളൂ. സംസ്ഥാന പ്ലാനിംഗ്ബോർഡിൽ ഒരു വൈസ് ചെയർമാനെയും രണ്ടു അംഗങ്ങളെയും മുസ്ലീംസമുദായത്തിൽ നിന്നു നിയമിക്കാനും ശ്രീ. ഇ. എം. എസിൻെറ കാലത്തു മാത്രമെ കഴിഞ്ഞിട്ടുള്ളൂ. അതുപോലെതന്നെ ഈ ഘട്ടത്തിൽ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി വളരെയധികം പ്രമോഷനുകളും

LIBRARY ARCHIVES Kerala Legislative Assembly

മററു സ്ഥാനമാനങ്ങളും മുസ്ലീംസമുദായത്തിനു കിട്ടിയിട്ടുണ്ട്. ഏതാനും വ്യക്തികൾക്ക് ഉന്നതമായ പദവി കിട്ടിയത് മുസ്ലീം സമുദായത്തിന്റെ ഒരു നേട്ടമായിട്ടല്ല ഞാൻ സൂചിപ്പിക്കുന്നത്, ഒരു കാലത്ത് ഈ സ്ഥാനങ്ങൾ അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു എന്നുള്ളതാണ്. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം സമുദായത്തിന്റെ താൽപ്പര്യമല്ല, ലീഗിന്റെ നേതൃത്വത്തിൽ ഉള്ള വൻകിട ജൻമിമാരുടെയും പ്രാമാണികൻമാരുടെയും താൽപ്പര്യത്തെ സംരക്ഷിക്കാൻവേണ്ടി മാത്രമാണ് ലീഗ് നിലകൊള്ളുന്നത്. അല്ലായിരുന്നുവെങ്കിൽ ഞാൻ വിശദീകരിച്ചപോലെ അധ്വാനിക്കുന്ന വർഗ്ഗത്തിനും പാവപ്പെട്ടവർക്കും വേണ്ടി നിലകൊള്ളുന്ന മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെൻറിനെ താഴെ ഇറക്കാനും കോൺഗ്രസ്, കേരളാ കാൺഗ്രസ്, വലതുകമ്മ്യൂണിസ്ററുപാർട്ടി ഉൾപ്പെടെ—വലതുകമ്മ്യൂണിസ്ററുപാർട്ടിയെന്നു ഞാൻ പറഞ്ഞത് ഇഷ്ടമില്ലായെങ്കിൽ സി. പി. ഐ. എന്നു പറയാം, സി. പി. ഐ എന്നു പറഞ്ഞാൽ 'കമ്മ്യൂണിസ്ററു പാർട്ടി ഓഫ് ഇന്ദിര' എന്നും അർത്ഥമാകുമല്ലൊ—ഉള്ള പിന്തിരിപ്പൻ പാർട്ടികളുടെ ഒപ്പം അധികാരത്തിൽ ഇരിക്കാനും മുതിരുകയില്ലായിരുന്നു. ലീഗുൾപ്പെടെയുള്ളവരുടെ പരാതി, മാർക്സിസ്ററു പാർട്ടി വൻപാർട്ടിമേധാവിത്വം കാണിക്കുന്നുവെന്നുള്ളതാണ്. മാർക്സിസ്ററു പാർട്ടിയാണ് ഇന്ന കേരളത്തിൽ ജനസ്വാധീനമുള്ള ഏററവും വലിയ പാർട്ടിയെന്ന് അഭിമാനിക്കുകയും അവകാശപ്പെടുകയും ചെയ്യുകയാണ്. അതുകൊണ്ടാണ് 1967—ൽ നടന്ന തിരഞ്ഞെടുപ്പിൽ അറുപത്തിമൂന്നു സ്ഥാനങ്ങൾ—ഞങ്ങൾ പാസ്സാകുമെന്നുള്ളവ—മററു ഘടകകക്ഷികൾക്കായി വീതം വച്ചു കൊടുത്തത്. വിശദമായി പരിശോധിച്ചാൽ മങ്കട നിയോജകമണ്ഡലം മുസ്ലീം ലീഗിന് വിട്ടുകൊടുത്തത് ഞങ്ങൾ വലിയ സ്വാധീനമുള്ള ഒരു പാർട്ടി എന്നുള്ളതിന്റെ പ്രകടമായ അംഗീകാരംതന്നെയാണ്. അതുപോലെതന്നെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് വളരെയധികം സ്വാധീനമുള്ള കഴക്കൂട്ടം നിയോജയകമണ്ഡലവും വിട്ടുകൊടുത്തത് ഞങ്ങൾ വലിയ ഒരു പാർട്ടി എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ത്തന്നെയാണ്. ഒരു വലിയ പാർട്ടി എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കുറെയൊക്കെ സ്വാധീനം ഞങ്ങൾ ചെലുത്തിയെന്നിരിക്കും. ഇരുപതു വയസ്സ് പ്രായമുള്ള ജ്യേഷ്ഠനും നാലു വയസ്സ് പ്രായമുള്ള അനുജനും ഒരുപോലെയാണോ ആഹാരം കഴിക്കുന്നത്? 20 വയസ്സ് പ്രായമുള്ള ജ്യേഷ്ഠന് നാലുരുള കൂടുതൽ കൊടുത്തുവെന്നു വിചാരിച്ച് അനുജനും അതുപോലെ ആവശ്യപ്പെടുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അതുപോലെയാണ് വൻപാർട്ടിമേധാവിത്വത്തെ സംബന്ധിച്ചിടത്തോളം മററു പാർട്ടികൾ അധിക്ഷേപിക്കുന്നത് എന്നാണ് എനിക്ക് പറയുവാനുള്ളത്.

അതുപോലെതന്നെ മുസ്ലീം സമുദായം അധികമായി ഉള്ള മലപ്പുറം പിന്നോക്കാവസ്ഥയിലായിരുന്നു. ആ ഭാഗത്തിന്റെ വികസനപരമായ പുരോഗതിയെമാത്രം ലക്ഷ്യമാക്കി ഒരു ജില്ല രൂപീകരിക്കുവാൻ മാർക്സിസ്ററു പാർട്ടിയും ഇ. എം. എസും തീരുമാനിച്ചപ്പോൾ അത് മുസ്ലീംലീഗിന്റെ മാത്രം നേട്ടമായി അവകാശപ്പെട്ടുകൊണ്ട് മുസ്ലീംലീഗ് രംഗത്തു വന്നത് ഞങ്ങൾക്കറിയാവുന്നതാണ്. മുസ്ലീം ഭൂരിപക്ഷമുള്ള ഒരു ജില്ല രൂപീകരിക്കുന്നതിനെ മററു ഘടകകക്ഷികൾ എതിർത്തിരുന്നകാര്യവും ഞങ്ങൾക്കറിയാവുന്നതാണ്. ആ ജില്ല നിലനിറുത്തുവാൻ മാർക്സിസ്ററു പാർട്ടിക്കുമാത്രമെ കഴിഞ്ഞുള്ളൂ. ഇങ്ങനെ പരിശോധിച്ചാൽ ലീഗ് സാധാരണക്കാരന്റെ താൽപ്പര്യത്തിനെതിരായി ചില പിന്തിരിപ്പൻ തൽപ്പര്യങ്ങൾക്കുമാത്രം പിന്തുണ നൽകിക്കൊണ്ട് എടുത്തിട്ടുള്ള ഒരു നിലപാടാണ് കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി നമുക്കു കാണാൻ കഴിഞ്ഞത്. എന്റെ അറിവു ശരിയാണെങ്കിൽ ഇന്ന് ഈ ധനവിനിയോഗബിൽ പാസ്സാക്കിയിട്ട് ഈ സഭ അനിശ്ചിതകാലത്തേക്ക് പിരിച്ചുവിടാൻ ഉള്ള തീരുമാനം ഭരണകക്ഷി കൈക്കൊണ്ടിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെന്നാണ്. ഈ ബഡ്ജററ് പാസ്സാക്കിയതിനുശേഷവും ഈ സഭയിൽ പാസ്സാക്കിയെടുക്കേണ്ട പല ബില്ലുകളും ഉണ്ട്. ഞാൻ ഉദ്ദേശിക്കുന്നത് പഞ്ചായത്തീരാജ് ബില്ല് അഴിമതി അന്വേഷണബില്ല് എന്നീ പ്രധാനപ്പെട്ട ബില്ലുകളാണ്. ഏതാണ്ട് മൂന്നുനാലു മാസത്തിനു മുമ്പ് ശ്രീ. ഇ. എം. എസ്സിന്റെ കാലത്ത് ഭൂനയബില്ല് പാസ്സാക്കുന്നതിനു മുമ്പുതന്നെ പഞ്ചായത്തുരാജ്ബില്ലും അഴിമതിനിർമ്മാർജനബില്ലും പാസ്സാക്കിയെടുക്കണമെന്നു മുറവിളി കൂട്ടിയ പാർട്ടികൾ ഇപ്പോൾ ഈ ബില്ലുകളൊന്നും പാസ്സാക്കാതെ ഈ സഭ പിരിച്ചുവിടുകയാണ്. ഇതിൽ നിന്നു മനസ്സിലാകുന്നത് അഴിമതിഅന്വേഷണബിൽ വച്ച് താമസിപ്പിച്ച് ഏതെങ്കിലും വിധത്തിൽ തങ്ങൾക്ക് കൈവരിക്കാവുന്ന അത്രയും നേട്ടങ്ങൾ കൈവരിക്കുക എന്നുള്ള ലക്ഷ്യത്തെ മുൻനിറുത്തിയാണെന്നാണ്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, ഈ ഗവൺമെന്റ് ഏതായാലും അധികനാൾ നീണ്ടുനിൽക്കാൻ പോകുന്നില്ല.. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. ഇ. എം. എസ്. ഇന്നു രാവിലെ സൂചിപ്പിച്ചതുപോലെ ഭരണകക്ഷിയിലെ ഒരു പങ്കാളിയായ ആർ. എസ്. പി. യെ സംബന്ധിച്ചിടത്തോളം അവർ ഒരു പുതിയ സമീപനവും തീരുമാനവും കൈക്കൊള്ളാനുള്ള രംഗത്തേക്ക് നീങ്ങിയിരിക്കുകയാണ്. അവർ സന്ദർഭത്തിനു യോജിച്ച ഒരു തീരുമാനം കൈക്കൊണ്ടതിൽനിന്ന് ഈ ഗവൺമെന്റിന്റെ പതനം ഏതാനും ദിവസങ്ങൾക്കുശേഷം ഉണ്ടെന്നു വ്യക്തമാണ്. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുവാനും മുസ്ലീം സമുദായം ഉൾപ്പെടെയുള്ള പാവപ്പെട്ട എല്ലാവിഭാഗങ്ങളുടെയും പുരോഗതിക്കുവേണ്ടി ഒരു ഉറച്ച ഗവൺമെന്റിനെ നിലനിർത്താനും ആഗ്രഹമുണ്ടെങ്കിൽ ശരിയായ തീരുമാനം കൈകൊണ്ടിട്ട് അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ നേതൃത്വം വഹിക്കുന്ന മാർക്സിസ്ററുപാർട്ടിയോടൊപ്പം നിന്നുകൊണ്ട് തിരഞ്ഞെടുപ്പിനെ നേരിടാനും ജനങ്ങൾക്കു നൻമ വരുന്ന സംഗതികൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി അവരുമായി സഹകരിച്ചു നിൽക്കാനും ഉള്ള വിവേകം മുസ്ലീംലീഗിനും മററു പുരോഗമനകക്ഷികൾക്കും കാണുമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. സി. എം. കുട്ടി: സർ, ഞാൻ ബില്ലിനെ അനുകൂലിക്കുന്നു. അതോടൊപ്പം, രാഷ്ട്രീയമായ ഉപജാപത്തെ അതിജീവിച്ച മന്ത്രിസഭയെ അനു
10 A. M. മോദിക്കുകയും ചെയ്യുന്നു. ഇവിടെ ഏതാനും ദിവസങ്ങളായി നടന്ന നാടകീയ സംഭവങ്ങളെ സംബന്ധിച്ച് ഈ സഭയിലുള്ള എല്ലാവർക്കുമറിയാം. ആ അടവുകൾ പരാജയപ്പെട്ടപ്പോൾ, ഇപ്പോൾ കിട്ടിയ സമയമുപയോഗിച്ച് മുസ്ലീം ലീഗിനെ അധിക്ഷേപിക്കാനാണ് അപ്പുറത്തുള്ളവർ ശ്രമിച്ചു കാണുന്നത്. അതിന്റെ കാരണങ്ങളെ സംബന്ധിച്ചൊന്നും വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അത് എല്ലാവർക്കുമറിയാം. അത്രയ്ക്കു നൈരാശ്യം നിറഞ്ഞ പ്രസംഗങ്ങളാണിവിടെ നടന്നത്. ധനവിനിയോഗബില്ലിനെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ സഭയുടെ മുൻപിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ പ്രസംഗം സംബന്ധിച്ച് അവതരിപ്പിച്ച നന്ദിപ്രമേയത്തിനു പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച ഭേദഗതിയെപ്പററിയാണ് ഞാൻ ആദ്യമായി ആലോചിക്കുന്നത്. പ്രമേയത്തിന് അദ്ദേഹം കൊടുത്ത ഭേദഗതിയിൽ. ഗവർണ്ണർ ഒരു കാര്യത്തെസംബന്ധിച്ചു സൂചിപ്പിക്കാത്തതിലാണ് ആക്ഷേപമുള്ളതെന്നു പറയുകയുണ്ടായി. സാർവ്വലൗകികമായി അധിക്ഷേധിക്കപ്പെട്ട കാലുമാററത്തെപ്പററി ഗവർണ്ണർ ഒന്നും പറയാത്തതുകൊണ്ടാണ് എതിർക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത് പലപ്പോഴും ഇ. എം. എസ്. നമ്പൂതിരിപ്പാട് തന്റെ പ്രസംഗങ്ങളിൽ ആയാറാം ഗയാറാം ആയിട്ടുള്ളവരെപ്പററി പറയാറുണ്ടായിരുന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സുപ്രഭാതത്തിൽ എം. കെ. ജോർജിനെ കൂട്ടുപിടിച്ചുകൊണ്ട് അദ്ദേഹത്തെ തന്റെ ഭാഗത്തേക്കു മാററാൻ ശ്രമിച്ചു. ആയാ ജോർജ്ജ് മാരെയും ഗയാ ജോർജ്ജു മാരെയും അദ്ദേഹം കൂട്ടുപിടിച്ചു. ഇങ്ങനെ പ്രവർത്തിച്ച ഒരു നേതാവ് കേരളത്തിന്റെ ചരിത്രത്തിൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടല്ലാതെ മററാരുമില്ല എന്നാണ് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. ഈ ഉപജാപത്തെ അതിജീവിച്ച് ഗവൺമെന്റ് നിലനിൽക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുകയാണ്. അങ്ങനെ ഗവൺമെന്റു നിലനിൽക്കുമ്പോൾ ചില കാര്യങ്ങൾ ചെയ്യുന്നതിന് ഞാൻ ചില നിർദ്ദേശങ്ങൾ വയ്ക്കുകയാണ്.

ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, പല നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ലെന്നുള്ളതിൽ സംശയമില്ല. അതിനു പ്രധാനമായ തടസ്സം സാമ്പത്തികമാണ്. സമ്പത്തിന്റെ കുറവുകൊണ്ട്, നാം ആഗ്രഹിക്കുന്ന പല കാര്യങ്ങളും നടപ്പിൽ വരുത്താൻ സാധിക്കുന്നില്ല. സാമ്പത്തികമായ മേൻമയില്ലെങ്കിൽത്തന്നെയും ഭരണ സമ്പ്രദായത്തിൽ കാര്യക്ഷമതയുണ്ടാക്കാൻ വേണ്ട ശ്രമംകൂടി ഉണ്ടാകണം. ഗവൺമെന്റിന്റെ കാര്യക്ഷമത ഉദ്യോഗസ്ഥൻമാരും ജനങ്ങളും തമ്മിലുള്ള സഹകരണത്തിലാണ് നിലകൊള്ളുന്നത്. ഉദ്യോഗസ്ഥൻമാരും പൊതുജനങ്ങളും ഭരണകർത്താക്കളും സഹകരിച്ചാൽ മാത്രമേ ഭരണത്തിൽ കാര്യക്ഷമത ദർശിക്കാൻസാധിക്കുകയുള്ളൂ. ഈ കാര്യത്തിൽ ഗവൺമെന്റിൽ വളരെ ന്യൂനതകളുണ്ട്. വിദഗ്ധൻമാർ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നാം വേണ്ടത്ര പ്രയോഗത്തിൽവരുത്താൻ ശ്രമിച്ചിട്ടില്ല; നടപ്പാക്കിയിട്ടില്ല. നമുക്ക് ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരുണ്ട്, വകുപ്പുമേധാവികളുണ്ട്. പ്രത്യേകിച്ചു സാങ്കേതികവിദഗ്ദ്ധൻമാരുണ്ട്. എന്നാൽ ഈ സാങ്കേതിക വിദഗ്ദ്ധൻമാരെസംബന്ധിച്ചിടത്തോളം, അവർക്കു വളരെയധികം സീനിയാറിട്ടിയും വൈദഗ്ദ്ധ്യവുമൊക്കെയുണ്ടെങ്കിലും അവരുടെ മേൽ ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ മേധാവിത്വം പുലർത്തുന്ന അനുഭവമുള്ളതിനാൽ അവർക്ക് വെറുപ്പുണ്ട്. ചീഫ് എൻജിനീയർ സാങ്കേതിക വിദഗ്ദ്ധനാണെങ്കിലും അദ്ദേഹത്തെപ്പോലെ പരിചയമില്ലാത്തവർ, ഐ. എ. എസ് കാരാണ് എന്ന കാരണംകൊണ്ട് അദ്ദേഹത്തോടു കാണിക്കുന്ന മേധാവിത്വവും സുപ്പീരിയോറിററി കോംപ്ലക്സും ഇല്ലാതാകേണ്ടതാണ്. ഈ പൊരുത്തക്കേടു മാററുന്നതിനുവേണ്ടി ടെക്നിക്കൽ ഉദ്യോഗസ്ഥൻമാർക്ക് എല്ലാവർക്കും സെക്രട്ടേറിയററ് സ്ററാററസ് കൊടുക്കണം. ഇതിനെപ്പററി വെള്ളോടി കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് ഗവൺമെന്റ് കാര്യമായി പരിഗണിക്കണം.

വികസനപ്രവർത്തനങ്ങളെസംബന്ധിച്ചു പറഞ്ഞാൽ വേണ്ടത്ര കാര്യക്ഷമത ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. ബ്ലോക്കുകൾ ഈ പ്രവർത്തനങ്ങൾ ഏറെറടുത്താൽ ആദ്യഘട്ടത്തിൽ അഞ്ചുവർഷത്തേക്ക് 12 ലക്ഷം രൂപയാണു ചെലവഴിക്കുന്നത്. ഈ 12 ലക്ഷം രൂപ ഒരു ലക്ഷം ആളുകളുള്ള ഒരു ബ്ലോക്കിന് അനുവദിച്ചാൽ ആളോഹരി വളരെ തുച്ഛമാണ്. ഇതുകൊണ്ടു വികസനം എന്തുമാത്രം ഉണ്ടാകാനാണ്? ഭൂരിഭാഗവും ശമ്പളത്തിനുവേണ്ടി ചെലവഴിക്കുന്ന സമ്പ്രദായംകൂടിയാകുമ്പോൾ ആളോഹരി എന്തുമാത്രം വികസനം അനുഭവപ്പെടുമെന്നു നോക്കണം. രണ്ടാമത്തെ ഘട്ടത്തിൽ 5 ലക്ഷം രൂപമാത്രമേ ചെലവഴിക്കുന്നുള്ളു. ഇത്രയും കുറഞ്ഞ സംഖ്യ വികസനത്തിനുവേണ്ടി ചെലവഴിക്കുന്നതുകൊണ്ട് ഫലം ഒന്നും കാണുന്നില്ല; വികസനത്തിന്റെ 'ഇംപാക്ററ്' സംബന്ധിച്ച് ജനങ്ങൾക്ക് വിശ്വാസമില്ല.

ജില്ലാതലത്തിലും താലൂക്കുതലത്തിലും സിവിൽസപ്ലൈ, റവന്യൂ, ഡെവലപ്മെന്റ് മുതലായ പ്രവർത്തനങ്ങൾ ഒരുമിച്ചു ഒരു ഉദ്യോഗസ്ഥനു

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ സാധ്യമല്ലാത്ത സാഹചര്യം വരുന്നുണ്ട്. അതുകൊണ്ട് ജില്ലാനിലവാരത്തിലും താലൂക്ക് നിലവാരത്തിലും സിവിൽസപ്ലൈ, റവന്യൂ, ഡെവലപ്മെൻറ് മുതലായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഈ ഗവൺമെൻറ് വെവ്വേറെ ഉദ്യോഗസ്ഥനെ വയ്ക്കണമെന്നാണ് എനിക്കീയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ സാധാരണയായി വികസനപ്രവർത്തനങ്ങൾക്ക് ഗവൺമെൻറു നൽകാൻപോകുന്ന തുകയെസംബന്ധിച്ച് (അലോട്ടുമെൻറിനെസംബന്ധിച്ച്) മുൻകൂട്ടി യാതൊരു രൂപവും ഉണ്ടായിരിക്കുകയില്ല. എത്രരൂപയാണ് അലോട്ടുചെയ്യുന്നതെന്നറിഞ്ഞാൽ അതു ശരിയായി ഉപയോഗിക്കാൻ സാധിക്കും. അതിനുപകരം ഗവൺമെൻറുതലത്തിലും മററും ആലോചിച്ച് വളരെ ക്കാലംകഴിഞ്ഞ്, സാമ്പത്തികവർഷം അവസാനിക്കുന്ന കാലഘട്ടത്തിൽ കുറച്ചു തുക നീക്കിവയ്ക്കുന്നു. അതുകൊണ്ട്, വളരെ ധൃതിപ്പെട്ട് പണിപൂർത്തിയാക്കേണ്ട സ്ഥിതിഉണ്ടാകുന്നു. ലാപ്സായിപ്പോകാതിരിക്കാനുള്ള പരിശ്രമംമൂലമാണിതു ചെയ്യുന്നത്. കൺട്രാക്ടർമാർ ബദ്ധപ്പെട്ടു പണി നടത്തേണ്ടിവരുന്നു. അതുകൊണ്ടു വികസനപ്രവർത്തനങ്ങൾക്കു വളരെ മുൻകൂട്ടി തുക നീക്കിവച്ചില്ലെങ്കിൽ ബുദ്ധിമുട്ടുണ്ട്.

വിദ്യാഭ്യാസത്തെസംബന്ധിച്ചിടത്തോളം പറഞ്ഞാൽ, വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ 88 ശതമാനത്തോളം സ്ററാഫിൻെറ ശമ്പളത്തിനുവേണ്ടിയാണു ചെലവഴിക്കുന്നത്. ഉദ്യോഗസ്ഥൻമാർക്കു ശമ്പളം കൊടുക്കുന്നതു നല്ലകാര്യമാണ്. കുടുതൽ കൊടുക്കുകയുംവേണം; ആ കാര്യത്തിൽ എനിക്കാക്ഷേപമില്ല. 88 ശതമാനം കഴിഞ്ഞാൽ ബാക്കിയിൽ 2 ശതമാനം മെയിൻറനൻസിനും ഫർണിച്ചറിനും ചെലവഴിക്കേണ്ടിവരുന്നു. ഈ സ്ഥിതിയിൽ വിദ്യാഭ്യാസത്തിൻെറ കാര്യക്ഷമത ഉയർത്താൻ എന്തുമാത്രം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസത്തിനു ചെലവഴിക്കുന്ന തുക പോരാ; കൂടുതൽ വേണം. ഇപ്പോൾത്തന്നെ റവന്യൂഇനത്തിൽ കിട്ടുന്നതിൻെറ നല്ലൊരുഭാഗം—45 ശതമാനം—വിദ്യാഭ്യാസത്തിനുവേണ്ടിചെലവഴിക്കുന്നുവെന്നുള്ളത് സത്യമാണെങ്കിലും വിദ്യാഭ്യാസത്തിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്. ഈ കാര്യം ഗവൺമെൻറ് പരിഗണിക്കണമെന്നാണ് ഇതിനെപ്പററി എനിക്കു പറയാനുള്ളത്.

കുറേക്കാലമായി നിയമസഭയിൽ സപ്ലിമെൻററി ഡിമാൻഡുകൾ കൊണ്ടുവരുമ്പോൾ ഗവൺമെൻറുഭാഗത്തുനിന്നു പറയാറുള്ളത് ലാൻഡ് അക്വിസിഷൻ പ്രശ്നങ്ങൾകൊണ്ട് അനുകൂലമല്ലാത്ത കോടതിവിധി കാരണം പ്രവർത്തനത്തിനു വിഷമമുണ്ടാക്കി എന്നാണ്. ലാൻഡ് അക്വിസിഷൻ ധാരാളം ഉണ്ടാകും. ജനങ്ങളുടെ സഹകരണത്തോടുകൂടിമാത്രമേ ഈ പ്രവർത്തനങ്ങൾ നടത്താൻസാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ട്, ജനങ്ങളുടെ സഹകരണം തേടുകയും, വികസനത്തിനുവേണ്ടി എടുക്കാൻപോകുന്ന സ്ഥലത്തെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളുമായി നെഗോഷിയേററുചെയ്യുകയും അഡ്വാൻസ് പൊസെഷൻ വാങ്ങുകയും ചെയ്യാതെ ലാൻഡ് അക്വിസിഷൻ സംബന്ധിച്ചും പ്രൊസീഡുചെയ്യുകയാണെങ്കിൽ കുഴപ്പമുണ്ടാകും. 90 ശതമാനമാളുകളും സ്ഥലം തരാൻ തയ്യാറായിവന്നാലും ചില്ലറ ശതമാനമാളുകൾ നിഷേധിക്കുകയാണെങ്കിൽ അക്വിസിഷൻ നടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വികസനപ്രവർത്തനം സ്തംഭനാവസ്ഥയിലാകും. അതുകൊണ്ട് നെഗോഷിയേററുചെയ്കയും അഡ്വാൻസ് പൊസെഷൻ വാങ്ങിക്കുകയും ചെയ്യുകയാണെങ്കിൽ വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ വിഷമമുണ്ടാകുകയില്ല എന്നാണ് എനിക്കു പറയാനുള്ളത്.

മറെറാരു കാര്യം പറയാനുള്ളത് ആരോഗ്യകാര്യത്തെസംബന്ധിച്ചാണ്. ഇന്ന് ആശുപത്രികളിൽ സ്ററാഫില്ല, മരുന്നില്ല എന്ന് ധാരാളം ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഉണ്ടായിട്ടുണ്ട്. സാമ്പത്തികബുദ്ധിമുട്ടുകൾകൊണ്ട് ഈ കാര്യങ്ങൾ ശരിയായി നിർവഹിക്കാൻസാധ്യമാകുന്നില്ല എന്ന് എനിക്കു പരിപൂർണ്ണമായി അറിയാം. നമ്മുടെ നാടിനു സ്വാതന്ത്ര്യം കിട്ടിയിട്ട് ഇരുപത്തിരണ്ടിലധികം വർഷമായെങ്കിലും, പല പഞ്ചവൽസരപദ്ധതികൾ നടത്തിയിട്ടുണ്ടെങ്കിലും, ഇന്നും നമ്മുടെ ഗ്രാമങ്ങളിലുള്ളയാളുകൾക്ക് ശുദ്ധമായ വെള്ളം കിട്ടാൻപോലും സാധിച്ചിട്ടില്ല. അവർക്കു ശുദ്ധമായ വെള്ളം കൊടുക്കാൻപോലും ഗവൺമെൻറിനുസാധിച്ചിട്ടില്ലെന്നുള്ളത് ഖേദകരമായ കാര്യമാണ്. നമ്മുടെ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ഇത്തരം ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മന്ത്രി പലപ്പോഴും ഇത്തരം സ്ഥലങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളതാണ്. നാട്ടുംപുറങ്ങളിൽ, പ്രത്യേകിച്ചും കുന്നും പ്രദേശങ്ങളിൽ, ആണ്ടിൽ ഒൻപതു മാസവും വെള്ളം കിട്ടാൻ ബുദ്ധിമുട്ടുണ്ട്. പലയിടത്തും സ്ത്രീകൾരണ്ടും മൂന്നും നാലും നാഴിക നടന്നാണ് വെള്ളം കൊണ്ടുപോയി കുടിക്കുന്നത്. റൂറൽ വാട്ടർ സപ്ലൈ നടപ്പാക്കാൻ സാമ്പത്തികമായ കഴിവു ഗവൺമെൻറിനില്ല എന്നു മനസ്സിലാകുന്നുണ്ട്. എന്നാൽ ഒരു നിർദ്ദേശം ഗവൺമെൻറിൻെറ മുൻപിൽ ഉണ്ട് എന്നറിയുന്നു. വാട്ടർസപ്ലൈ കാർപ്പറേഷൻെറ കാര്യം. ലൈഫ് ഇൻഷ്വറൻസ് കാർപ്പറേഷനിൽനിന്നും മററും പണം വായ്പവാങ്ങി വാട്ടർസപ്ലൈ കാർപ്പറേഷൻ ഉണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അത് ഒരു നല്ല കാര്യമാണ്. അങ്ങനെയൊരു നടപടിയുണ്ടായാൽ ജനങ്ങൾക്ക് ശുദ്ധജലം കുടിക്കാൻ സൗകര്യമുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

തിരുവനന്തപുരത്തെ ഡെൻറൽ കോളേജിൻെറ കാര്യം പലപ്പോഴും ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിന് പരിഹാരമുണ്ടായിട്ടില്ല. മുൻമന്ത്രി അന്യായമായി പ്രവർത്തിച്ചതിൻെറ ഫലമായി, ന്യായംചെയ്യാൻ വൈമനസ്യം കാണിച്ചതിൻെറ ഫലമായി, നടപടികൾ നടക്കാതിരിക്കുകയാണ്. ഈ നിയമസഭയിൽ പല വിമർശനങ്ങൾ ഉണ്ടായതിൻെറ ഫലമായി അസോഷ്യേററ് പ്രൊഫസർമാരെ പ്രൊഫസർമാരായി പ്രമോട്ടുചെയ്യാമെന്ന് എഴുതിവച്ചുവെങ്കിലും 'തനിക്കുമാത്രമറിയാവുന്ന കാരണംകൊണ്ട്' അതു പിന്നീടു മാററുകയാണുണ്ടായത്. അതുകൊണ്ട് ആ പ്രശ്നത്തിന് ഇന്നും പരിഹാരമുണ്ടായിട്ടില്ല. കാര്യക്ഷമതയും സത്യസന്ധതയും കഴിവുമുള്ള ഇന്നത്തെ ആരോഗ്യമന്ത്രി ഇക്കാര്യത്തിൽ നീതി ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്.

ഗവൺമെൻറുഭാഗത്തുണ്ടാകേണ്ട കാര്യക്ഷമതയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും, സത്യസന്ധമായ ഭരണം നടത്തുകയാണെങ്കിൽ ഏതുവിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളെയും വിമർശനങ്ങളെയും വകവയ്ക്കേണ്ടതില്ലെന്നുള്ളതിനാൽ ഈ നാട്ടിലെ ജനങ്ങളുടെ മുൻപിൽ അങ്ങനെ ഒരു സൽപ്പേര് ഈ ഗവൺമെൻറു നേടണമെന്നും ബഹുമാനപ്പെട്ട മന്ത്രിമാരോട് അപേക്ഷിച്ചുകൊണ്ടും ഈ ധനവിനിയോഗബില്ലിനെ അനുകൂലിച്ചുകൊണ്ടും എൻെറ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

Shri K. Mahabala Bhandari: While supporting the Approriation Bill, I am constrained to make some reference regarding Kasaragode. Very many friends are asking me whether I am not going to speak about the neglect of Kasaragod. I said certainly that is my job and probably most of the honourable Members of this House are convinced about that.

Shri K. P. Raghava Poduval: Why not you make some reference about Taliparamba also.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Mahabala Bhandari: Yes, I don't for a moment say that all developmental works must be concentrated in a particular area. If Taliparamba is neglected that area must be treated properly. I say, Sir, if any part of the State is badly treated, they have to be treated properly. What I am going to impress here is that probably there is no place in the entire State which is as much neglected as Kasaragode Taluk. In regard to Manjeshwar and Hosdurg also, the position is the same.

While participating in the discussion on the Governor's Address, I placed before this House a request to appoint a Committee consisting of officials and Members of this House to go into these complaints; to make an on-the-spot study about the problems of Kasaragode, to find out for themselves whether the charges that have been levelled in this House are true or not. Let them make a report to Government and find out ways and means of improving the position of that area. Now, when I say that there has been no improvement in our place, especially in Kasaragode Taluk, particularly in my constituency, Manjeshwar, let not anybody think that I am making a specific charge against the Government. So far as we are concerned, this Government or the previous Government, whichever Government was in power, and whichever political parties were in power, we were given the same treatment. I have been consistently raising these matters since 1960. A perusal of the proceedings of this House will convince anyone. Perhaps it has become a job for us to say that we must be given equal treatment and it has been equally the job of the Goverument to ingnore them. I recall to my mind an incident when Shri Pattom Thanu Pillai was the Chief Minister of this State. What happened was, we were talking and talking and making representations after representations. Ultimately we persuaded Shri Thanu Pillai to visit Manjeshwar and Kasaragode for some function. Fortunately he agreed to our invitation. At that time, the West Coast Road was not laid. So to reach Kasaragode from Manjeshwar, which was only a distance of 15 miles, normally one had to travel 50 miles by an indirect route through Mysore State also. Shri Pattom Thanu Pillai had also to cover this distance and he was perplexed to see the difficulty of communication there. Then of course he did not require further representations. He said "It is a shame to our State if things are allowed to continue like this". And without any representation, as soon as he reached Trivandrum, he passed an order, saying that some roads must be repaired immediately. I am only recalling this to my mind. I wish some of our Ministers will come there or we can invite them for some function there, so that they will be in a position to understand the position for themselves. It is not because they have not understood our problems. But the misfortune is that nothing has been done to improve these things. Now therefore my submission is that while pleading, it has become a fancy for Members to rise up and say my constituency is neglected, it is the most neglected in the State, therefore you must concentrate more in my constituency. Sir, therefore I plead let a Committee or a Commission be appointed consisting of Members of the Legislature or Officials and let them come there, make a survey and find out for themselves whether we are saying all these things, just for fancy or whether they are true.

LIBRARY ARCHIVES Kerala Legislative Assembly

There is no use Government saying, you have got the Siriya anicut as that was there even prior to the States Reorganisation when we were part of Madras. Let us admit facts. And if there is still any doubt, that is why, I ask you to appoint a Committee to go through our complaints. After all you have got a duty towards us. No doubt we want to go to Mysore. But you have got a duty towards us, to protect our interests especially in the matter of development and in other matters. Therefore I am only appealing to this Government that we do not want any special consideration. We do not want the Government to go out of their way ignoring other peoples' claims, we only wants to be treated with proper essentials. It is a long list. Myself and the honourable Member from Kasaragode were very sorry when we were passing through the pages of the detailed budget estimates, we were thoroughly disappointed. Even before the budget was prepared, we made several representations. But there was nothing worth while included in the budget so that we could go and tell the people in our constituency; look here we have made these representations before the Government and these are the things that the Government gave us. After all every representative of the people would expect it. Therefore it is that we are constrained to place before this House.........

Shri M. Ramunni: Are you supporting the Bill?

Shri K. Mahabala Bhandari: Probably, the Honourable Member is absent-minded, otherwise he would not have asked such a question. If am supporting this Bill, that does not mean that I should not place before this House the genuine grievances of the people of my constituency. I think it is my duty to support the Government.

Shri K. P. Raghava Poduval: Don't you think that Cannanore District as a whole is neglected?

Shri K. Mahabala Bhandari: I do agree. As a matter of fact, the hon. Member from Kasaragode said yesterday that the Cannanore District was neglected. What we are saying is particularly all Districts which were under the Madras Government, not only Hosdurg Taluk, we are all neglected. But I say in particular, the Kasaragode Taluk is the most neglected place. I do'nt say that Cannanore is not neglected. Sir, so I submit, I plead to the Government, please do us justice. This is what our people are expecting from you.

Our area is backward in regard to communication facilities, irrigation facilities and in fact in everything. The other day, a number of people from my constituency met me and told me of a particular Harijan School. I think it is called a Welfare School now. It has fallen down and the local people have constructed a thatched building. But they say hereafter it is not possible and if a new building is not constructed before the rainy season, it will be very difficult. There are a number of instances like this. Therefore, I request Government to take all these aspects into consideration. Before concluding, I reaffirm that I am supporting the Appropriation Bill.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെ. കമാലിയാസ്മൊറായിസ്: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെൻറ് കാണിക്കുന്ന അവഗണന വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. നാലാം പഞ്ചവൽസരപദ്ധതിയിൽ കേരളസംസ്ഥാനത്തിന് ആകെയുള്ള അടങ്കലിൽ ഒരു കാശുപോലും കൂട്ടിത്തരാൻ കേന്ദ്രഗവൺമെൻറു മുന്നോട്ടു വന്നിട്ടില്ലെന്നുള്ള സംഗതി ഖേദപൂർവ്വം നാം എല്ലാവരും ഓർക്കണം. അതിനുള്ള കാരണം എന്താണെന്ന് അന്വേഷിക്കുമ്പോൾ ഈ സംസ്ഥാനത്തിൽ രാഷ്ട്രീയാനിശ്ചിതത്വം ആണെന്നുള്ള സംഗതി നാം എല്ലാവരും പ്രത്യേകിച്ച് ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഓർക്കേണ്ടതാണെന്ന് ഞാൻ വീണ്ടും ഓർമ്മിപ്പിക്കുന്നു. നാലാംപഞ്ചവൽസരപദ്ധതിക്ക് അവസാനരൂപം കൊടുക്കുമ്പോൾ. എല്ലാ സ്റേററുകളിലേയും മുഖ്യമന്ത്രിമാരും ഡൽഹിയിൽപ്പോയി സ്റേററിൻെറതായ ആവശ്യങ്ങൾ നിരത്തിവയ്ക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ഈ ഗവൺമെൻറു നിലനിൽക്കണമോ വേണ്ടയോ എന്നുള്ള വടംവലയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഇങ്ങനെയായാൽ നമ്മുടെ അവകാശങ്ങൾ അവരുടെ മുമ്പിൽ വയ്ക്കുന്നതിന് എങ്ങനെ സാധിക്കും. തീർച്ചയായും സാധിക്കുകയില്ല.—തമിഴ്നാട് മുഖ്യമന്ത്രി, തമിഴ്നാട് സംസ്ഥാനത്തിൻെറ ആവശ്യങ്ങൾ നിരത്തിവച്ചുകൊണ്ട് പറഞ്ഞു ഇതെല്ലാം അനുവദിച്ചു തന്നില്ലെങ്കിൽ ഞങ്ങളുടെ സംസ്ഥാനം ഈ പദ്ധതികളോടു യോജിക്കുകയില്ല എന്ന്. അപ്പോൾ പ്രധാനമന്ത്രി അതെല്ലാം അംഗീകരിച്ചുകൊടുത്തു. നമുക്ക് അങ്ങനെ ചെയ്യാൻ സാധിച്ചിട്ടുണ്ടോ? നാം അതു ചെയ്യേണ്ട മൂന്നു ദിവസവും എന്തു ചെയ്യുകയായിരുന്നു? നമ്മുടെ രാജ്യത്തെ തീറെഴുതുകയും, രാജ്യത്ത് അനിശ്ചിതത്വം നിലനിറുത്തുകയും, രാജ്യത്തിൻെറ ക്ഷേമകരമായ പുരോഗതിക്ക് ഗണ്യമായ സ്ഥാനം നൽകാതിരിക്കുകയും ചെയ്യുന്നതിനുള്ള ശ്രമമാണ് ഇവിടെ നടന്നിട്ടുള്ളതെന്ന് വ്യസനസമേതം ഞാൻ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. നാലാംപഞ്ചവൽസരപദ്ധതിക്ക് അവസാനരൂപം കൊടുക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിൻെറ ആവശ്യങ്ങൾ നിരത്തിവയ്ക്കുന്നതിനു വേണ്ടി അവിടെ എത്തിയതു ഉദ്യോഗസ്ഥൻമാരാണ്. മററുള്ള സംസ്ഥാനങ്ങളിൽനിന്നും ചെന്നിട്ടുള്ള മുഖ്യമന്ത്രിമാർ അവരുടെ ആവശ്യങ്ങൾ വളരെ ശക്തമായും വീറോടും കൂടി വയ്ക്കുമ്പോൾ ഇവിടെനിന്നും പോയ ഉദ്യോഗസ്ഥൻമാർക്ക് എന്തു ചെയ്യാൻ സാധിക്കും. "Your Honour. This is our humble submission എന്നു പറയാം. ഇതിൽ കൂടുതലായി ഈ ഗവൺമെൻറിൻെറ ആവശ്യങ്ങൾ കേന്ദ്രഗവൺമെൻറിൻെറ മുമ്പാകെ വയ്ക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. ഇനിയെങ്കിലും നാം നമ്മുടെ സംസ്ഥാനത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളും ഏകോപിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കുമോ? അതിന് ഈ വൈകിയവേളയിലെങ്കിലും കഴിയുമെന്നുള്ള സംഗതി കണക്കിലെടുത്തു നാം എല്ലാവരും മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, അടുത്തതായി എനിക്കു പറയുവാനുള്ളത് ഹെൽത്ത് ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചാണ്. ഹെൽത്ത് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം അതൊരു കാര്യക്ഷമമല്ലാത്ത ഡിപ്പാർട്ടുമെൻറാണെന്നു പറയേണ്ടി വന്നതിൽ വളരെയധികം ഖേദമുണ്ട്. ഇത് പൊതുജനങ്ങൾക്കുവേണ്ടി സേവനം നടത്തുന്ന ഒരു ഡിപ്പാർട്ടുമെൻറാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എൻെറ നിയോജകമണ്ഡലത്തിൽ കമ്മീഷൻ ചെയ്തിട്ടുള്ള വാട്ടർ സപ്ലൈ സ്കീം പ്രവർത്തനരഹിതമായിരിക്കുകയാണ്. തിരുവല്ലത്തിനടുത്തു പനത്തുറ ഒരു വാട്ടർസപ്ലൈ സ്കീം അനുവദിച്ചുവെങ്കിലും ഇതുവരെയായിട്ടും അതിൻെറ യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല. അവിടെ കൂടുതലും മൽസ്യത്തൊഴിലാളികളാണ് താമസിക്കുന്നത് അവിടെ ശുദ്ധജലം കിട്ടുന്നതിനുള്ള യാതൊരു മാർഗ്ഗവുമില്ല. പടിഞ്ഞാറുവശം

LIBRARY ARCHIVES Kerala Legislative Assembly

അറേബ്യൻ സമുദ്രവും കിഴക്കുവശത്ത് തോടും, വടക്കുവശത്ത് പുഴയും, തെക്കുവശത്ത് പാറക്കൂട്ടവുമാണ് ഉള്ളത്. അവിടെ വാട്ടർ സപ്ലൈ സ്കീമിന് പണി തുടങ്ങിയിട്ട് ഇപ്പോൾ യാതൊന്നും ചെയ്യാതെ കിടക്കുകയാണ്. ഒന്നരക്കൊല്ലത്തിനുമുമ്പ് അവിടെ കുറുകെ ഇട്ടിരുന്ന പൈപ്പുകൾ കടൽക്ഷോഭത്തിന്റെ ഫലമായി പൊട്ടിപോകുകയുണ്ടായി. അവിടെയുള്ള ആളുകളുടെ നിരവധി നിവേദനങ്ങളുടെ ഫലമായി 8000 രൂപ അനുവദിച്ചിട്ട് ഏകദേശം ഒരുകൊല്ലമായിയെങ്കിലും ഇതുവരെയായിട്ടും അതിന്റെ പ്രവർത്തനം കംപ്ലീററാക്കുന്നതിനോ അവിടെയുള്ളവർക്ക് ശുദ്ധജലം കിട്ടുന്നതിനോ സാധിച്ചിട്ടില്ല. ഇതിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറു സെക്രട്ടറിയും ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്ന് അപേക്ഷിക്കുകയാണ്. കോട്ടുകാൽ പഞ്ചായത്തിലും ഒരു ശുദ്ധജലവിതരണ സ്കീം ഉണ്ട്. അവിടെ ഏകദേശം പതിനായിരത്തോളം മൽസ്യബന്ധനത്തൊഴിലാളികൾ താമസിക്കുന്നുണ്ട്. അവർക്ക് കുടിക്കുന്നതിനോ മററൊന്നിനും തന്നെ ആവശ്യമായ ശുദ്ധജലം ലഭിക്കുന്നില്ല. അവിടെ വെള്ളം നൽകിക്കൊണ്ടിരിക്കുന്ന ഒരു മോട്ടോറിന് കഴിഞ്ഞ ഒന്നരക്കൊല്ലമായി കേടുവരികയുണ്ടായി. ആ യന്ത്രം നന്നാക്കുന്നതിന് ഗവൺമെൻറാ ഡിപ്പാർട്ടുമെൻറാ മുൻകൈയെടുത്തിട്ടില്ല. ആവശ്യത്തിനുള്ള ശുദ്ധജലം കിട്ടാതെ അവിടെയുള്ള അനേകായിരം ജനങ്ങൾ വിഷമിക്കുന്നുവെന്നുള്ള കാര്യം ഈ സന്ദർഭത്തിൽ ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽ വയ്ക്കുകയാണ്. അതിനാവശ്യമായ പരിഹാരനടപടികൾ അടിയന്തിരമായും എടുക്കണമെന്നഭ്യർത്ഥിക്കുകയാണ്. യൂണിസെഫിന്റെ ആഭിമുഖ്യത്തിൽ പൂവാറിൽ കാരിച്ചൽ എന്ന സ്ഥലത്ത് ഒരു വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുന്നതിനുള്ള പരിപാടിയുണ്ട്. അതിൽ ഈ ഗവൺമെൻറിന് യാതൊരു ചെലവും ഇല്ല, എല്ലാ കാര്യങ്ങളിലും യൂണിസെഫിന്റെ സഹായം കിട്ടും. പക്ഷെ ആ പദ്ധതി ഈ സ്റേററിലെ ഉദ്യോഗസ്ഥൻമാർക്ക് ഇതുവരെയായിട്ടും കമ്മിഷൻ ചെയ്യാൻ സാധിക്കാത്തത് വളരെയധികം ഖേദമകരമാണ്.

സർ, മൽസ്യത്തൊഴിലാളികൾ പൊതുവേ നിർദ്ധനരാണ്. അവരുടെ സാമൂഹ്യമായോ സാമ്പത്തികമായോ ഉള്ള പുരോഗതിക്കുവേണ്ടി ഈ ഗവൺമെൻറു യാതൊന്നും ശ്രമിച്ചിട്ടില്ലെന്നുള്ള ഖേദകരമായ സംഗതി പറയാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്. മൽസ്യഉൽപാദനസഹകരണസംഘങ്ങൾ വഴിയെന്തെങ്കിലും സഹായം ചെയ്യുന്നുണ്ടെങ്കിലും മൽസ്യത്തൊഴിലാളികൾക്ക് വലിയ പ്രയോജനമൊന്നുമില്ലെന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. സഹകരണസംഘങ്ങൾ വഴി മൽസ്യത്തൊഴിലാളികൾക്ക് യന്ത്രബോട്ടുകൾ വിതരണം ചെയ്യുന്നുണ്ട്. ഇന്ന് മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങൾ മുക്കാലും ലിക്വിഡേഷൻ സ്റേറജിലാണ്. ഗവൺമെൻറിൽനിന്നും കൊടുക്കുന്ന യന്ത്രവൽകൃതബോട്ടുകൾ കടലിൽ ഇറക്കുമ്പോൾതന്നെ കേടു സംഭവിക്കുന്നതായിട്ടാണ് കാണുന്നത്.

ഇതു കേൾക്കാനുള്ള മന്ത്രിമാരും മറുപടി പറയാനുള്ള മന്ത്രിമാരും ഇവിടെയില്ല. ഹെൽത്തു ഡിപ്പാർട്ടുമെൻറിലെ മന്ത്രി ഇവിടെയില്ല, ഫിഷറീസ് ഡിപ്പാർട്ടുമെൻറിലെ മന്ത്രി ഇവിടെയില്ല. ഫൈനാൻസ്മന്ത്രി ഇതിന് മറുപടി പറയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നുമില്ല. ഞങ്ങൾ വനരോദനംപോലെ ഇവിടെവന്നു സംസാരിക്കുക, ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിലില്ലാതിരിക്കുക മറുപടി പറയാതിരിക്കുക, ഇങ്ങനെ കഴിയുന്നതുകൊണ്ടാണ് ഇവിടെ രാഷ്ട്രീയ അനിശ്ചിതത്വം ഉണ്ടാകുന്നതെന്നു ചൂണ്ടിക്കാണിക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല.

ശ്രീ. എം. കെ. എ. ഹമീദ്: ഇതിന്റെ പേരിൽ ഈ മന്ത്രിസഭക്കുള്ള പിൻതുണ പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെ. കമാലിയസ് മൊറായിസ്: എന്നെ സംബന്ധിച്ചിടത്തോളം ഇവിടെ രാഷ്ട്രീയ അനിശ്ചിതത്വം ഉണ്ടാകാൻ പാടില്ലെന്നുള്ള അഭിപ്രായമാണുള്ളത്. കടൽക്കരയിൽനിന്നും ഏകദേശം പത്തു മൈലിനും പതിനഞ്ചു മൈലിനും ദൂരെയുള്ള സമുദ്രത്തിൽനിന്നു മൽസ്യങ്ങളെല്ലാം പിടിച്ചുതീർന്നുപോയി എന്നും 50 മുതൽ 70 മൈൽവരെ ദൂരെയുള്ള മൽസ്യം പിടിക്കേണ്ടതാണെന്നും അതിന് 30—ഓളം ട്രാളറുകൾ ഗവൺമെൻറിന് കിട്ടിയിരിക്കുകയാണെന്നും അതിൽ നിന്ന് പത്തു ട്രാളർ ഫിഷറീസ് കോർപ്പറേഷന് കൊടുക്കാൻ തയ്യാറാണെന്നും ഗവൺമെൻറു സെക്രട്ടറി കൂടിയായ ഡവലപ്പുമെൻറു കമ്മീഷണർ ഒരു പ്രസ്താവന കൊച്ചിയിൽവച്ച് ഇറക്കിയിട്ടുണ്ട്. ആ പ്രസ്താവന ഫെബ്രുവരി 2—ാം തീയതിയലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നിട്ടുണ്ട്. 30—ഓളം ട്രാളറുകൾ ഈ സംസ്ഥാനത്തിനു കിട്ടും. അതിൽനിന്ന് പത്തെണ്ണം ഫിഷറീസ് കോർപ്പറേഷനു കൊടുത്താൽ ബാക്കി വരുന്നതായ 20 എണ്ണം, നിങ്ങൾ എന്തു ചെയ്യാൻ പോകുന്നുവെന്ന് ഞങ്ങൾക്ക്, മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് അറിയാൻ ആഗ്രഹമുണ്ട്. ഞങ്ങൾക്ക് അറിയേണ്ട അവകാശമുണ്ട്. ബാക്കിവരുന്ന ട്രാളറുകൾ സ്വകാര്യ വ്യക്തികൾക്കു കൊടുക്കുകയാണോ, മുതലാളിമാരെ ഏൽപ്പിക്കുവാൻ പോകുകയാണോ, മൽസ്യോൽപ്പാദക സഹകരണ സംഘങ്ങൾക്ക് കൊടുത്ത് ആഴക്കടലിൽപോയി മൽസ്യം പിടിക്കാൻ പ്രോൽസാഹനം കൊടുക്കുകയാണോ, എന്താണ് ചെയ്യുന്നതെന്നുള്ളത് ഞങ്ങൾക്കറിയണം. അത് അറിഞ്ഞാൽ മാത്രമേ ഞങ്ങളുടെ പ്രവർത്തനങ്ങൾ അതനുസരിച്ച് രൂപീകരിക്കുവാൻ സാധിക്കുകയുള്ളു. മറൈൻ എൻജിനെ സംബന്ധിച്ചിടത്തോളം യാൽമർ എൻജിൻ ഘടിപ്പിച്ചിട്ടുള്ള ബോട്ടുകൾ കിട്ടുന്നതിനു ബുദ്ധിമുട്ടുണ്ട്. 100 ബോട്ടുകൾ വരുമ്പോൾ നാലോ അഞ്ചോ എണ്ണം മാത്രം യാൽമർ എൻജിൻ ഘടിപ്പിച്ചിട്ടുള്ള ബോട്ടുകൾ കാണും. അത് കിട്ടാൻവേണ്ടി മൽസ്യോൽപ്പാദക സഹകരണസംഘങ്ങൾ എന്തു കോഴ വേണമെങ്കിലും കൊടുക്കുന്ന ഒരു പരിതഃസ്ഥിതി ഇന്നുണ്ട്. മൽസ്യോൽപാദന സഹകരണ സംഘങ്ങൾക്ക് ബോട്ടു കൊടുക്കുമ്പോൾ യാൽമർ എൻജിൻ ഫിററുചെയ്ത ബോട്ടുകൾ കൊടുത്തുകൂടേ എന്നു ഞാൻ ചോദിക്കുകയാണ്. 20 കോടി രൂപാ മൽസ്യബന്ധനത്തിൽനിന്നും വിദേശനാണ്യമായി കിട്ടുമ്പോൾ എന്തുകൊണ്ട് അതിൽനിന്ന് ഒരു കോടി രൂപാ ചെലവായി യാൽമർ എൻജിൻ ഘടിപ്പിച്ച ബോട്ടുകൾ വാങ്ങി കൊടുത്തുകൂടാ എന്നു ചോദിക്കുകയാണ്. അങ്ങനെയാണെങ്കിൽ കോഴ കൊടുത്തും സ്വാധീനം ചെലുത്തിയും ബോട്ടു വാങ്ങുന്നതായ ഒരു സ്ഥിതിവിശേഷം ഒഴിവാക്കാൻ സാധിക്കും. അത് ഇന്നു നടക്കുന്നില്ല. അത് നടത്തണമെന്നാണ് എൻെറ വിനീതമായ അഭിപ്രായം. അതുപോലെതന്നെ മൽസ്യബന്ധനതൊഴിലാളികൾക്ക് നൽകുന്ന സഹായത്തെ സംബന്ധിച്ചിടത്തോളം ഒരു എക്കണോമിക്ക്സർവ്വേ നടത്തേണ്ടതായ ആവശ്യമുണ്ട്. മൽസ്യബന്ധനകാർക്ക് ധാരാളം സഹായങ്ങൾ ചെയ്യുന്നുണ്ടെന്നും അവർക്കുവേണ്ടി കോടിക്കണക്കിനു രൂപ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു എന്നും പറയുന്നുണ്ട്. ഗവൺമെൻറ് കൊടുത്തിട്ടുള്ളതായ ഈ ആനുകൂല്യത്തെ സംബന്ധിച്ചിടത്തോളം എത്ര കുടുംബങ്ങൾ എന്തുമാത്രം പുരോഗമിച്ചിട്ടുണ്ടെന്നുള്ളതിന് ഒരു എക്കണോമിക്ക് സർവ്വേ നടത്താൻ ഈ ഗവൺമെൻറ് തയ്യാറാകുമോ? അതിനുവേണ്ടി ഒരു ഇവാലുവേഷൻ കമ്മിററിയെ വയ്ക്കാൻ നിങ്ങൾ തയ്യാറാകുമോ? അതിന് മറുപടി പറയണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്

ശ്രീ. കെ. കെ. അബു: സർ, ഇത് അപ്രോപ്രിയേഷൻ ബില്ലിൻെറ ചർച്ചയാണ്. ഇതേപ്പററി ചിന്തിക്കുമ്പോൾ നാളെ തൂക്കാൻ വിധിച്ച ഒരാൾ ഇന്നു പാട്ടുപാടുന്ന ഓർമ്മയാണ് ഉണ്ടാകുന്നത്. വിയ്യൂർ സെൻട്രൽ

ജയിലിൽ കിടന്ന ഒരാറം നല്ല ശാലീനമായി• പാട്ടുപാടുന്നതുകേട്ടു. പിറേറന്നു കാലത്ത് തൂക്കാൻ വിധിച്ച ആളാണ്. എനിക്ക് അയാളോട് ബഹുമാനം ഉണ്ട്. അതേ ബഹുമാനം ധനകാര്യമന്ത്രിയോടും, ഈ മന്ത്രിസഭയിലെ ആളുകളോടും തോന്നുകയാണ്. എന്തു ധീരത കാണിക്കുന്നു? കഴിഞ്ഞ തവണ ഒരുവിധത്തിൽ സർക്കാർ രക്ഷപ്പെട്ടു. എങ്ങനെ രക്ഷപ്പെട്ടു എന്നുള്ളത് ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ആ കാര്യം എല്ലാവർക്കുമറിയാം. അങ്ങേയ്ക്കും വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്. ഈ സർക്കാർ രക്ഷപ്പെട്ടതിന്റെ പേരിൽ വലിയ വില കൊടുക്കേണ്ടിവന്നിട്ടുണ്ട്, വളരെ ത്യാഗം ചെയ്യേണ്ടിവന്നിട്ടുണ്ട്. പാപികളെ പുണ്യവാളൻമാരാക്കി നല്ല സ്ഥാനം കൊടുക്കാമെന്നു പറഞ്ഞു. പ്രസ്താവന ഇറക്കിയവരെ മാററി പ്രസ്താവന ഇറക്കിച്ചും ഉന്നതമായ പദവിയിൽ ചില ആളുകളെ അവരോധിക്കാമെന്ന് വാഗ്ദത്തം ചെയ്തു. ഈ മന്ത്രിസഭയുടെ ആരംഭംമുതൽതന്നെ വളരെ വ്യക്തമായ ഒരു കാര്യമാണ്, കാൺഗ്രസ്സിന്റെ ആനുകൂല്യത്തിലാണ് ഈ മന്ത്രിസഭ നിലനിൽക്കുന്നു എന്നുള്ളത്. അതിന് യാതൊരു സംശയവുമുണ്ടായിരുന്നില്ല. പക്ഷേ അന്നും ആർ. എസ്. പി. സൗകര്യപ്രദമായി രണ്ടു പ്രമേയം പാസാക്കി. ഒരു പ്രമേയത്തിൽ, രാവിലെ പാസാക്കിയ പ്രമേയത്തിൽ പറഞ്ഞു, മാർക്സിസ്ററുകാരില്ലാത്ത മന്ത്രിസഭയിൽ ഞങ്ങറം പങ്കാളിത്തം വഹിക്കുകയില്ലെന്നു. കുറേ കഴിഞ്ഞു പാസാക്കിയ മറെറാരു പ്രമേയത്തിൽ കാൺഗ്രസ്സേതര ഗവൺമെൻറുകളെ ഞങ്ങറം സഹായിക്കുമെന്നു പറഞ്ഞു. അതിനവർ ശ്രമിക്കുകയുംചെയ്തു. ഒരു കാൺഗ്രസ്സേതര ഗവൺമെൻറ് ഉണ്ടാക്കാനും എസ്. എസ്. പി. യെ അതിൽ ഉറംപ്പെടുത്താനും എല്ലാ ശ്രമങ്ങളും ആർ. എസ്. പി. നടത്തിയിരുന്നു. ആ കാര്യത്തിൽ ഞാൻ അവരെ കുററപ്പെടുത്തുന്നില്ല. പക്ഷേ ഇന്നിവിടെ കാണുന്നത് ഒരു കാൺഗ്രസ്സേതര ഗവൺമെൻറല്ല. എന്നിട്ട് ആർ. എസ്. പി. അതിന് പിൻതുണ കൊടുത്തോ? ആരുടെ ഭരണത്തിലാണ് മുഖ്യമന്ത്രി ഒരാളും , സഭാനേതാവ് മറെറാരാളുമായിട്ടുള്ളത്? അങ്ങനെയുള്ള മാററങ്ങളുണ്ടായിട്ടുണ്ട്. അവരുടെ കേന്ദ്രനേതൃത്വവും വ്യക്തമായി പറഞ്ഞിരിക്കുന്നു, ഈ വോട്ടെടുപ്പോടുകൂടി കാൺഗ്രസ്സിന്റെ പിൻതുണയോടുകൂടി മാത്രമേ ഈ ഗവൺമെൻറിന് ഭൂരിപക്ഷമുള്ളുവെന്ന്. പക്ഷെ അവരുടെ ആ അഭിപ്രായം നിലനിൽക്കുമോ എന്നറിയുകയില്ല. ബേബി ജാൺ വിചാരിച്ചാൽ അതിൽ മാററം വരുത്താം. റാഞ്ചിയിൽ വച്ച് ആ അഭിപ്രായംമാററാൻ സാധിക്കും. കാരണം അദ്ദേഹമാണ് ഇന്ന് ഈ പ്രസ്ഥാനത്തെ നയിക്കുന്നത്. അവരുടെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം മാററമുണ്ടായാലും ഇല്ലാതായിരുന്നാലും ഒരു കാര്യം വ്യക്തമാണ്. ആർ. എസ്. പി. യുടെ ഈ പ്രമേയം ഇന്നത്തെ പത്രങ്ങളിലെല്ലാം നാലുകാളം ഹെഡ്ഡിംഗിൽ വന്നിട്ടുണ്ട്. കേരളകൗമുദി ആ വാർത്ത വളരെ പ്രാധാന്യത്തോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാൺഗ്രസ്സിന്റെ ആനുകൂല്യത്തോടെയാണ് ഈ ഗവൺമെൻറ് മുന്നോട്ടുനീങ്ങുന്നുവെന്നുള്ളത് ഇപ്പോറം കണ്ടുപിടിച്ചെങ്കിലും. മുൻപുതന്നെ ഇവർക്ക് ഈ കാര്യം ബോദ്ധ്യമായിരുന്നു. പല കാരണങ്ങളാലും അവർ അതിന്റെ മുമ്പിൽ കണ്ണുചിമ്മി. കാലുമാററക്കാരെ കൂട്ടുപിടിച്ച് മന്ത്രിസഭയുണ്ടാക്കി. എസ്. എസ്. പി. ക്കാരെ മുഴുവൻ കിട്ടിയില്ലെങ്കിലും ഒരു വിഭാഗം ആളുകറം നിങ്ങളുടെകൂടെയാണ്. എസ്. എസ്. പി. യിലെ കുറേ ആളുകറം നിങ്ങറം ചാക്കിട്ടുപിടിച്ച് ഈ ഗവൺമെൻറിന്റെകൂടെ നിറുത്തി. ഞാനല്ല ഇതു പറയുന്നത്. ഭരണകക്ഷിയിലെ ഒരു പ്രഗൽഭനായ നേതാവ്, ഇന്നു മന്ത്രിസഭയുമായി ഇണങ്ങിച്ചേർന്ന നേതാവായ ശ്രീ. പി. കെ. കുഞ്ഞു പിണങ്ങിയിരുന്ന സമയത്താണ് ഇത് പറഞ്ഞത്. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറയുന്നത് ഇങ്ങനെയാണ് ''മറെറാരു ആരോപണകർത്താവായ പി. പി.

LIBRARY ARCHIVES Kerala Legislative Assembly

വിൽസന് ശരിയായ പ്രതിഫലം* അച്യുതമേനോൻ കൊടുത്തു കഴിഞ്ഞു. അച്യുതമേനോൻ ചെയർമാനായുള്ള ഭാഷാ കമ്മിററിയിലെ അംഗമെന്നുള്ള നിലയിൽ വിൽസന് പാരിതോഷികം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്.'' അതിന് താഴെയുള്ള ഭാഗങ്ങളിൽ അദ്ദേഹത്തിന് ഒരു ചിരട്ടപ്പൊടി ഫാക്ടറി അനുവദിച്ചുകൊടുത്ത കാര്യംവരെ പറഞ്ഞിട്ടുണ്ട്. വിൽസൻ ഒരുകാലത്ത് ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹം ഒരാദർശവാദിയായിരുന്ന കാലമുണ്ടായിരുന്നു. 1948-ൽ കാൺഗ്രസ് പാർട്ടിയിൽവച്ച് അഭിപ്രായവ്യത്യാസമുണ്ടായി സോഷ്യലിസ്ററുപാർട്ടിയിൽ ചേരാൻ വേണ്ടി എം. എൽ. എ. സ്ഥാനം രാജിവച്ചു എന്നാണ് പത്രങ്ങളിലുണ്ടായിരുന്നത്, ആ വിൽസൻ ഇപ്പോൾ അവസരവാദിയായപ്പോൾ ഞങ്ങളുടെ പാർട്ടിയിൽനിന്നു വിട്ടുപോയിട്ട് എം. എൽ. എ. സ്ഥാനം രാജിവച്ചില്ല. ഇൻഡ്യയിൽ കാലുമാററത്തിനെതിരായ നിയമങ്ങളില്ല. അങ്ങനെയുള്ള നിയമങ്ങളുണ്ടാക്കാൻ പരേതനായ ഡാക്ടർ റാംമനോഹർ ലോഹ്യ ശ്രമം നടത്തിയിരുന്നു. നെഹ്റു ജിവിച്ചിരുന്ന കാലത്ത് പലപ്പോഴും പാർലമെൻറിൽവച്ചു അദ്ദേഹം ഈ കാര്യം പറഞ്ഞിരുന്നു. കാലുമാററക്കാരെ തടയണം, അവരെ തിരിച്ചുവിളിക്കാനുള്ളള വ്യവസ്ഥയുണ്ടായിരിക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതാണ്. നെഹ്റു ഉൾപ്പെടെയുള്ള ആളുകൾ ഞങ്ങളുടെ പാർട്ടിയിൽനിന്നും മററു പാർട്ടികളിൽനിന്നും ആളുകളെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്. കാലുമാററകാരെ തടയുന്നതിന് നിയമമൊന്നുമില്ലെങ്കിലും കാലുമാററക്കാരുടെ കാലു തല്ലിയൊടിക്കണമെന്നുള്ള അഭിപ്രായമുണ്ട്. കാലുമാററക്കാർക്ക് അച്യുതമേനോൻ ഗവൺമെൻറ് രണ്ടു പോലീസുകാരെവീതം സഹായത്തിന് കൊടുത്തിട്ടുണ്ട്. പകൽ ഒരു പോലീസ്, രാത്രി ഒരു പോലീസ്. ഈ രീതിയിൽ മററു പാർട്ടികളിൽനിന്ന് ആളുകളെ ചാക്കിട്ടുപിടിച്ച് ഈ ഗവൺമെൻറിനെ നിലനിറുത്തുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഭാഷാ കമ്മിററിയിലെ ഒരു അംഗമാണ് വിൽസൻ. അഞ്ചു മലയാളം വാക്കു പറയുമ്പോൾ അദ്ദേഹം ആറു ഇംഗ്ളീഷു വാക്കു പറയും. അങ്ങനെയുള്ള ആളെയാണ് ഭാഷാകമ്മിററിയിൽ അംഗമാക്കിയിരിക്കുന്നത്. അദ്ദേഹം ഞങ്ങളുടെ പാർട്ടിയിൽ ഭാഷാനയത്തെ സംബന്ധിച്ച് വാദിക്കുന്ന കാലത്തും അദ്ദേഹം ഇംഗ്ളീഷിലാണ് വാദിക്കുക. അങ്ങനെയുള്ള പല ആളുകളേയും ചാക്കിട്ടുപിടിച്ച് കാൺഗ്രസ്സിൻെറ ആനുകൂല്യത്തോടെയാണ് ഈ മന്ത്രിസഭ നിലനിറുത്തുന്നത്. ജനാധിപത്യത്തിൻെറ ഈററില്ലമായ ഇംഗ്ളണ്ടിൽ ലേബർ പാർട്ടി ഭരിക്കുന്ന അവസരത്തിൽ യാഥാസ്ഥിതിക മെമ്പറൻമാരെ ചാക്കിട്ടു പിടിക്കാറുണ്ട്. യാഥാസ്ഥിതിക കക്ഷി ഭരിക്കുമ്പോൾ ലേബർപാർട്ടി മെമ്പറൻമാരെയും ചാക്കിട്ടു പിടിക്കാറുണ്ട്. അവർ പറയുന്ന കാര്യങ്ങളും മററാനുകൂല്യങ്ങളുമൊക്കെ കാലുമാറിയവർക്കുവേണ്ടി അധികാരത്തിലിരിക്കുന്ന ഗവൺമെൻറ് ചെയ്തുകൊടുത്താലും ഞങ്ങളോടുള്ള സ്നേഹവും ബഹുമാനവും അവരോട് ഉണ്ടാകുകയില്ല. ഞങ്ങളെ വിട്ടുപോയ ആളുകൾക്ക് അച്യുതമേനോൻ കൈകൊടുക്കുകയും വേണ്ട ആനുകൂല്യങ്ങളുമൊക്കെ ചെയ്തുകൊടുക്കുകയും ചെയ്യുമെങ്കിലും, ഞങ്ങൾക്കുവേണ്ടി ഇതൊന്നും ചെയ്തില്ലെങ്കിലും ഞങ്ങൾ ഒരാദർശത്തിനുവേണ്ടി നിലനിൽക്കുന്നവരാണെന്നുള്ള ബഹുമാനമുണ്ടാകും. വർക്കല മെമ്പറായ ശ്രീ. മജീദടക്കമുള്ള മെമ്പറൻമാർ ഞങ്ങൾ മന്ത്രിസഭ സ്വപ്നം കാണുന്നുവെന്ന് പറഞ്ഞ് ചിരിക്കാറുണ്ട്. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ശ്രീ. മജീദ് രാഷ്ട്രീയം വളരെ ഗൗരവതരമായേ കാണുകയുള്ളൂ. അദ്ദേഹം എന്തു പറഞ്ഞാലും ക്ഷോഭിച്ചുപറയുന്നതുപോലെയേ തോന്നുകയുള്ളൂ. 1965-ൽ നിങ്ങൾ മൂന്നുപേരെ ഉണ്ടായിരുന്നുള്ളൂ. അന്നു ഞങ്ങൾ 13 പേരുണ്ടായിരുന്നു. പിന്നീടുവന്ന ഐക്യമുന്നണിയുടെ പേരിലാണ് ഇത്രയും ആളുകൾ വന്നത്. അപ്പോൾ മന്ത്രിസഭയെന്നു പറയുന്നത് ഏതെങ്കിലും പാർട്ടിയുടെ കുത്തകയല്ല. തറവാട്ട് സ്വത്തല്ല. ആർകു

LIBRARY ARCHIVES Kerala Legislative Assembly

മാകാം. ഞങ്ങളെപ്പററി പിന്നീട് ഒരാക്ഷേപമുള്ളത്, മാർക്സിസ്ററുകാർ പറയുന്നതിനെ ഏസ് മൂളുന്ന ഒരു പാർട്ടിയാണന്നാണ്. അങ്ങനെ പറയുന്നതിൽ കാര്യമില്ല. മാർക്സിസ്ററുകാരുടെ കയ്യിൽ അധികാരമില്ല. അധികാരമില്ലാത്തവരുടെ കൂടെ അടുത്തു. ഞങ്ങൾ അവരോട് പല കാര്യങ്ങളിലും യോജിക്കുന്നുണ്ടെങ്കിലും ഞങ്ങളുടെ നയം വിശദീകരിച്ചു ആദർശങ്ങളിൽ ഉറച്ചുനിൽക്കുകയാണ് ചെയ്യുന്നത്. അഭിമാനം വേണ്ടായിരുന്നെങ്കിൽ നിങ്ങളുടെകൂടെ വരുമായിരുന്നല്ലോ. ടി. വി. തോമസ്സിൻെറ ആളുകൾ മന്ത്രിസഭയിൽ ചേരുന്നതിന് ഞങ്ങളെ വിളിച്ചതല്ലേ? ഞങ്ങൾ അതിന് പോകാത്തത് അഭിപ്രായവ്യത്യാസമുള്ളതുകൊണ്ടാണ് വിരോധമുള്ളതുകൊണ്ടാണ്. ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഇങ്ങനെ കടിച്ചുവലിച്ചു തൂങ്ങിക്കിടന്ന് ഏതെങ്കിലും നിലയിൽ ഈ ഗവൺമെൻറിനെ നിലനിറുത്തിക്കൊണ്ടു പോകണമോ എന്നുള്ളകാര്യം ആലോചിക്കണം. ഇന്നു നിയമസഭ നിറുത്തിവയ്ക്കാൻ ശ്രമിക്കുകയാണെന്നു കേട്ടു. സങ്കടമുള്ള കാര്യമാണ്. അടുത്ത ആറുമാസംകൊണ്ട് 16 കാർപ്പറേഷനുകളെങ്കിലുമുണ്ടാക്കി ഭരണകക്ഷിയിലെ ആളുകളെ കുത്തിനിറച്ച് കൊള്ളയടിച്ച് രാജ്യത്തെ നശിപ്പിക്കാമെന്നു വിചാരിക്കുകയാണ്. അതിന് ഈ രാജ്യത്തെ ജനങ്ങൾ പകരം ചോദിക്കും. യാതൊരു സംശയവും വേണ്ട.

ശ്രീ. പി. പി. വിൽസൻ: ഈ പ്രസംഗത്തിനിടയിൽ എൻെറ പേരു പറഞ്ഞതുകൊണ്ട് എനിക്ക് ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ നടത്താനുണ്ട്. എൻെറ പേരിൽ ചില ആരോപണങ്ങൾ വയ്ക്കുകയുണ്ടായി. അത് അദ്ദേഹത്തിൻെറ ആരോപണങ്ങളാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിൽ അദ്ദേഹം മുന്നോട്ടുവന്ന് ആ ആരോപണങ്ങൾ തെളിയിച്ചാൽ ഈ നിയമസഭയിലെ എൻെറ അംഗത്വം രാജിവയ്ക്കാൻ ഞാൻ തയ്യാററാണ്. മറിച്ച് അത് തെളിയിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിൻെറ നിയമസഭാംഗത്വം രാജിവയ്ക്കാൻ തയ്യാററാണോ എന്നുള്ള ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. കെ. കെ. അബു: അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ കാലുമാറുന്നതിനുമുൻപ് അസംബ്ളിസ്ഥാനം രാജിവയ്ക്കേണ്ടതായിരുന്നു.

ശ്രീ. ബി. മാധവൻനായർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ രാഷ്ട്രീയ സ്ഥിതിഗതികൾ നോക്കിയാൽ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലെ പല കാര്യങ്ങളെ സംബന്ധിച്ചും മഹത്തായ ഒരു മാതൃകയായിട്ടാണ് കഴിഞ്ഞകാലങ്ങളിലത്രയും പ്രവർത്തിച്ചു പോന്നിട്ടുള്ളതെന്നു കാണാൻ സാധിക്കും. ഇന്നു നിലനിൽക്കുന്നുതും നാളെ ഉണ്ടാകാൻ സാദ്ധ്യതയുള്ളതുമായ രാഷ്ട്രീയപ്രവർത്തനങ്ങളും ഇൻഡ്യയിലെ മററു സംസ്ഥാനങ്ങൾക്ക് മാതൃകയായിത്തീരുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. നമ്മുടെ സംസ്ഥാനത്തിലെ ഇന്നത്തെ സ്ഥിതിഗതികളെല്ലാം വച്ചുകൊണ്ട് കഴിഞ്ഞ 23–ാം തീയതി ഈ രാജ്യത്തിൻെറ രാഷ്ട്രീയന്തരീക്ഷത്തിലുണ്ടായിരുന്ന കാറും കോളുമെല്ലാം മാറി 24–ാം തീയതി രാവിലെ സുപ്രഭാതത്തിൽ കേരളത്തിൻെറ രാഷ്ട്രീയാന്തരീക്ഷത്തിൻെറ കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുയർന്ന സൂര്യകിരണങ്ങളെ ആശാദീപമായിട്ടാണ് കാണുന്നത്. എന്നാൽ ഇന്നും ഈ ഗവൺമെൻറിനെതിരായി, ഈ ഗവൺമെൻറിൻെറ നിലയിൽപ്പിനേയും രാഷ്ട്രീയമായ സ്ഥിരതയേയും ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും, ബഹുമാനപ്പെട്ട അബുസാഹിബുമെല്ലാം പ്രസംഗിക്കുന്നതു കേൾക്കുകയുണ്ടായി ബഹുമാനപ്പെട്ട അബുസാഹിബ്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി, തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുന്ന ഒരാളെപ്പോലെയാണ് ധനകാര്യമന്ത്രി ഇവിടെ ധനവിനിയോഗബിൽ കൊണ്ടുവന്നിരിക്കുന്നതെന്ന്.

ശ്രീമതി. കെ. ആർ. ഗൗരി: ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. ഒരു ഗവൺമെൻറിനെ കളയുന്നതിന് സമയം കുറിച്ചുവരുത്തണമോ? ഗവൺമെൻറിനെ കളയാൻ ഏതു സമയവും ഉപയോഗിക്കുന്നതിന് ഞങ്ങൾക്ക് അവകാശമില്ലേ? അതിന് പാഴൂർ പടിക്കൽ കവടിവച്ച് നോക്കിയിട്ടാണോ ചെയ്യാൻ?

ശ്രീ. ബി. മാധവൻനായർ: പ്രതിപക്ഷ ഉപനേതാവ് ചോദിച്ച ചോദ്യത്തിന് പിന്നീട് ഞാൻ മറുപടി പറയാം. അബുസാഹിബ് പറഞ്ഞ പ്രശ്നത്തെക്കുറിച്ച് പറയാം. മനുഷ്യനായി ജനിച്ചാൽ മരിക്കുമെന്നുള്ളത് എല്ലാവർക്കുമറിയാം. ജനിച്ച അന്നുതൊട്ടേ ജീവിക്കേണ്ട മരിച്ചുകളയാമെന്നാണ് അബുസാഹിബ് വിചാരിക്കുന്നതെങ്കിൽ അതിൽ എനിക്ക് അത്ഭുതമില്ല. ജനിച്ചാൽ മരിക്കുമെന്നുള്ളതുകൊണ്ട് ജീവിതമേ വേണ്ടാ എന്നുള്ള ഒരു വാദഗതിയാണ് അദ്ദേഹം ഇവിടെ പറഞ്ഞുകേട്ടത്. ജനാതിപത്യ വ്യവസ്ഥിതിയിൽ നിലവിലിരിക്കുന്ന പാർലമെൻററി സംപ്രദായത്തിൻെറ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഗവൺമെൻറുകൾ കാലാകാലങ്ങളിൽ മാറുകയും മാററപ്പെടുകയും ചെയ്യുമെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ഒരു ശാസ്ത്രീയ സത്യമാണ്. കിഴക്കൻ മലയോരങ്ങളിൽനിന്ന് നദികൾ ഉൽഭവിച്ച് പടിഞ്ഞാറോട്ടൊഴുകി സമുദ്രത്തിൽ വന്നുചേരുന്നതുപോലെ പാർലമെൻററി ജനാധിപത്യ വ്യവസ്ഥിതിയിൽ അധികാരത്തിൽ വരുന്ന ഗവൺമെൻറുകൾ മാറുകയും പ്രതിപക്ഷം വീണ്ടും അധികാരത്തിൽ വരികയും, വീണ്ടും ഭരണകക്ഷി പ്രതിപക്ഷമാകുകയും ചെയ്യുന്നത് സ്വാഭാവികമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഇന്നത്തെ ഗവൺമെൻറിനെ താഴെയിറക്കാൻ ശ്രമിക്കുന്ന പ്രധാന പ്രതിപക്ഷം ഒരു ഗവൺമെൻറ് രൂപീകരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വളരെ നിക്ഷേധാത്മകമായ നിലപാട് എടുത്തിരിക്കുന്നു എന്നുള്ളതുകൊണ്ട് ഒരു പ്രതിപക്ഷത്തിൻെറ ജനാധിപത്യപരമായ കടമയാണ് നിർവ്വഹിക്കുന്നതെന്ന് മെമ്പർക്ക് അഭിപ്രായമുണ്ടോ?

ശ്രീ. ബി. മാധവൻനായർ: ഇല്ലെന്ന് ഞാൻ കഴിഞ്ഞ ദിവസം തന്നെ പറഞ്ഞല്ലോ. അത് ചെയ്യാൻ തയ്യാറാകാതെ അവർ ഈ മന്ത്രിസഭയെ മറിച്ചിടാൻ നടത്തിയ പരിശ്രമങ്ങളെപ്പററി ഞാൻ ഇവിടെ കഴിഞ്ഞ ദിവസം പറഞ്ഞതാണ്. നമ്മുടെ ഭാരത ഇതിഹാസങ്ങളിൽ, പ്രത്യേകിച്ച് മഹാഭാരതത്തിലെ കഥാപാത്രമായ ദ്രോണരുടെയും ശകുനിയുടേയും കഥയാണ് ഓർമ്മവരുന്നത്. വളരെ ധീരതയോടുകൂടി പ്രശ്നങ്ങളെ സത്യസന്ധതയോടുകൂടി കാണുന്ന ഒരു കഥാപാത്രമാണ് ദ്രോണർ. നമ്പൂതിരിപ്പാടിൻെറ തീസിസ് വായിച്ചാൽ ദ്രോണരെപ്പോലെ തോന്നും. പക്ഷേ നിയമസഭയിൽ അദ്ദേഹം കാട്ടുന്ന തന്ത്രങ്ങളും പ്രസംഗങ്ങളും ഇന്നത്തെ ഗവൺമെൻറിനെ മറിച്ചിടാൻവേണ്ടി ചതുരംഗപ്പലകയിലെ കരുനീക്കം നടത്തലുമെല്ലാം കാണുമ്പോൾ ശകുനിയെപ്പോലെയാണ് തോന്നുക. ശകുനിയുടെ തന്ത്രമുപയോഗിച്ചുകൊണ്ട് അട്ടിമറി നടത്തി ഇവിടെ രാഷ്ട്രീയ അസ്ഥിരതയുണ്ടാക്കണമെന്ന അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ വിജയിക്കുമോ എന്നാണ് പരീക്ഷിക്കുന്നത്. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ എന്തൊക്കെയായാലും നാളെ ഞങ്ങളുമായി ഐക്യം പുന:സ്ഥാപിക്കുമെന്നാണ് എൻെറ പ്രതീക്ഷ ഈ രാജ്യത്ത് പുരോഗമന ശക്തികളുടെ ഐക്യം ഊട്ടിവളർത്തുന്നതിന്, പുരോഗമനശക്തികളുടെ ഒരു പ്രസ്ഥാനം വളർത്തിയെടുക്കുന്നതിന് മററു

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികളുമായി അദ്ദേഹത്തിന്റെ കക്ഷിക്ക് യോജിച്ചുനിൽക്കേണ്ടിവരും. അപ്പോൾ നിങ്ങളുടെ നയത്തിൽ മാററമുണ്ടാകുകയും, സ്വയം വിമർശനാത്മകമായി തെററുതിരുത്തൽ നടത്തുകയുംചെയ്യും. അങ്ങനെ നിങ്ങളുടെ ഭാഗത്തുനിന്ന് വിട്ടുവീഴ്ചാ ചിന്താഗതി ഉണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനിടയിൽ ഈ കുതന്ത്രങ്ങളുപയോഗിക്കുന്ന രീതി അപലപനീയമാണ്. സ്വതന്ത്രൻമാരുടെ കാലുമാററത്തെക്കുറിച്ച് പറഞ്ഞ് അബുസാഹിബ് ഇവിടെ ആക്ഷേപിക്കുന്നതുകേട്ടു. ഞാൻ അബുസാഹിബിനോട് ചോദിക്കുകയാണ്, നിങ്ങൾ ചന്ദ്രസേനനെപ്പററി പറയാത്തത് എന്തുകൊണ്ടാണ് എന്ന്. ചന്ദ്രസേനൻ നിങ്ങളുടെകൂടെ നിൽക്കുന്നതുകൊണ്ടാണോ? വിൽസനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ വ്യക്തിപരമായി വിമർശിച്ച് അബുസാഹിബ് അദ്ദേഹത്തിന്റെ പേരിൽ ചില ആരോപണങ്ങൾ നിരത്തിവച്ചു. ഇംഗ്ലീഷിൽ മലയാളഭാഷയ്ക്കുവേണ്ടി അദ്ദേഹം വാദിക്കുന്നു എന്നാണ് പറഞ്ഞത്. ദേശീയത്വം പറഞ്ഞുനടക്കുന്ന എസ്. എസ്. പി. യിലെ അബുസാഹിബ് ഖദർധരിക്കാതെ ടെർലിൻ ഷർട്ടുമിട്ട് പാൻറും ധരിച്ച് അത്തറുംപൂശി ഖാദിയുടെ പ്രചരണം നടത്തുകയല്ലേ എന്തു ദേശീയത്വമാണ് ഇത്? ടെർലിൻ ഷർട്ടും പാൻറുമിടുന്നതിന് പകരം ശ്രീ. ശിവരാമഭാരതിയെപ്പോലെ ഖദർ ഉപയോഗിച്ചുകൂടേ? മലയാളത്തെപ്പററി വീറോടെ വാദിക്കുന്ന നേതാവ് കാൺവെൻറിലും ഇംഗ്ലീഷു മീഡിയത്തിലും അയച്ചാണ് തന്റെ കുട്ടികളെ പഠിപ്പിക്കുന്നത്. എന്തുകൊണ്ട് മലയാളം പഠിപ്പിക്കുന്നതിന് അയച്ചുകൂടാ? അതുകൊണ്ട് വ്യക്തിപരമായി ഓരോരുത്തരേയും വെറുതേ അവരുടെ ജീവിതത്തെ പരാമർശിച്ച് പറയേണ്ട കാര്യമില്ല. അവരവരുടെ പാർട്ടിയുടെ നയങ്ങളെക്കുറിച്ച് പറയാതെ മററുള്ളവരുടെ വ്യക്തിജീവിതത്തെക്കുറിച്ച് പരാമർശിച്ചു സംസാരിക്കുന്നത് ഖേദകരമാണ്. ഇനി ഞാൻ ആ വിഷയത്തിലേക്ക് കടക്കുന്നില്ല.

പുരോഗമനപരമായ നടപടികൾ ചെയ്യുന്നതിനുവേണ്ടി ഈ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്നബഡ്ജററിനെയും അതിനു ധനം വിനിയോഗിക്കുന്നതിനുള്ള ധനവിനിയോഗബില്ലിനേയും അനുകൂലിച്ച് സംസാരിക്കുമ്പോൾ ചില വസ്തുതകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ പോലീസുകാർക്കെതിരായാണല്ലോ എല്ലാ ആളുകളും ഇവിടെ പ്രസംഗിച്ചത്. എനിക്ക് ചില കാര്യങ്ങൾ പോലീസുകാർക്കുവേണ്ടി പറയാനുണ്ട്. കാരണം ഞാൻ ഇതു ഇവിടെ പറയുന്നത് പോലീസുകാരുടെ സംഘടനയുടെ പ്രതിനിധിയായിട്ടല്ല. അവർക്ക് സംഘടനയില്ല. നിവേദനം നടത്താൻ പാടില്ല. അതുകൊണ്ട് ഈ സംസ്ഥാനത്തിലെ പോലീസുകാർ അവരുടെ സർവ്വീസിനെ സംബന്ധിച്ചും പ്രമോഷനെ സംബന്ധിച്ചും വളരെയേറെ പ്രയാസങ്ങൾ ഇന്നു അനുഭവിക്കുന്നുണ്ട്. അത് പരിശോധിക്കുന്നതിന് സ്ഥിരമായ ഒരു മെഷീനറി, നിഷ്പക്ഷമായ ഒരു ഏർപ്പാട് ഈ ഗവൺമെൻറ് ഉണ്ടാക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. അവരുടെ പ്രമോഷനെ സംബന്ധിച്ച് ഐ. പി. എസ്. കേഡറിലുള്ളവരെ കൊണ്ട് പ്രമോഷൻ പോസ്ററുകൾ ഫില്ലപ്പ് ചെയ്യുന്നത് മാററി സർവ്വീസിൽ സീനിയാറായിട്ടുള്ള പോസ്ററുകളിൽ അവർക്ക് പ്രമോഷൻ കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണം. പോലീസ് വകുപ്പിൽ പ്രത്യേകിച്ചും തിരുവനന്തപുരം സിററിയിലെ സർക്കിൾ ഇൻസ്പെക്ടർമാർ മുതൽ താഴോട്ടുള്ള പോലീസുകാർക്കുവരെ അലവൻസുണ്ടായിരുന്നു. നമ്പൂതിരിപ്പാട് പോലീസ് വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലത്ത് പേ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതോടുകൂടി സിററിയിലെ പോലീസുകാർക്ക് കിട്ടിക്കൊണ്ടിരുന്ന ഈ അലവൻസ് നിറുത്തൽ ചെയ്യുകയും അതിനുപകരം സിററിക്ക് പുറത്തു സഞ്ചരിച്ചാൽ അതിന് പ്രത്യേകമായ ചില വ്യവസ്ഥകളോടുകൂടിമാത്രം ഒരു അലവൻസ് ഉണ്ടാക്കുകയും ചെയ്തു. മുൻപുണ്ടായിരുന്നത് സിററിക്ക് പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

കേസ് അന്വേഷണത്തിനും മററും പോകുന്നതിന് ഒരു നിശ്ചിത അലവൻസ് പ്രതിമാസം കിട്ടിക്കൊണ്ടിരുന്നതാണ്. അത് എടുത്തുകളഞ്ഞത് നിർഭാഗ്യകരമാണ്. അതു തുടർന്നു കൊടുക്കണമെന്നുള്ള കാര്യമാണ് എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്. കാരണം സിററിയിലെ പോലീസുകാർക്ക് എട്ടു മണിക്കൂറല്ല ഡ്യൂട്ടി, 24 മണിക്കൂറും ഡ്യൂട്ടിയാണ്. മന്ത്രിമാരുടേയും തലസ്ഥാന നഗരിയുടേയും സെക്രട്ടറിയേററിൻേറയും ആസ്ഥാനമെന്നുള്ള നിലയിൽ സമരങ്ങളുടേയും ആലോചനകളുടേയും ഘോഷയാത്രകളുടേയും എല്ലാം ബഹളം കൂടിയാകുമ്പോൾ ഒരു നിശ്ചിത സമയം ഡ്യൂട്ടി ചെയ്താൽപോരാ. അതുകൊണ്ട് അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ശമ്പളപരിഷ്ക്കരണ റിപ്പോർട്ടിൻമേൽ ഗവൺമെൻറുത്തരവ് പുറപ്പെടുവിച്ചപ്പോഴുണ്ടായ ഈ അപാകത പരിശോധിച്ച് പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

1967 വരെ സംസ്ഥാന സർവ്വീസിലുണ്ടായിരുന്ന എല്ലാ കണ്ടിജൻസി ജീവനക്കാരേയും പെർമെനൻറ് എസ്റ്റാബ്ളിഷ്മെൻറിൽ പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1967—ൽ കണ്ടിജൻസി ജീവനക്കാരായി റിക്രൂട്ട് ചെയ്യുകയും 1969 വരെ സർവീസുലുണ്ടായിരിക്കുകയും ചെയ്ത രണ്ടുകൊല്ലത്തെ കണ്ടിജൻസി സർവ്വീസിലുള്ള ആളുകളെ സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. അവരെക്കൂടി റഗുലർ പെർമനൻറ് എസ്റ്റാബ്ളിഷ്മെൻറിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ഈ പട്ടണത്തിൻെറ അതിർത്തിക്കുള്ളിൽ ധാരാളം കൃഷിക്കാരുണ്ട്. ധാരാളം പാഡീ ഫീൽഡുമുണ്ട്. അവർക്ക് യാതൊരു സഹായവും ലഭിക്കുന്നില്ല. വിത്തു ലഭിക്കുന്നില്ല. കാർഷിക ഡിപ്പാർട്ടുമെൻറിൻെറ മററു സഹായങ്ങൾ ലഭിക്കുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ കൃഷിക്കാർക്ക് ലഭിക്കുന്ന എല്ലാ സഹായങ്ങളും ആനുകൂല്യങ്ങളും നഗരാതിർത്തിക്കുള്ളിലുള്ള കൃഷിക്കാർക്കും കിട്ടുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തിരുവനന്തപുരം സിററിയുടെ വികസനത്തിനുവേണ്ടി സംസ്ഥാനഗവൺമെൻറിൻെറ ഖജനാവിൽനിന്ന് വമ്പിച്ച ഒരു തുക ചെലവാക്കി ഒരു മാസ്റററർപ്ലാൻ തയ്യാറാക്കിയത് ഇന്നും സെക്രട്ടറിയേററിലെ കോൾഡ്സ്റേറാറേജിൽ സൂക്ഷിച്ചിരിക്കുകയാണ്. അഞ്ചുകൊല്ലക്കാലംകൊണ്ട് പടിപടിയായി നടപ്പാക്കുന്നതിനുള്ള ഒരു സ്കീമാണ് അത്. തിരുവനന്തപുരം നഗരത്തിൻെറ വികസനത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ആ മാസ്റററർപ്ലാൻ പുറത്തെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽകോളേജ് ഏരിയാ ഡെവലപ്പ്മെൻറ് കമ്മിററി ആ പ്രദേശത്തിൻെറ വികസനത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു കമ്മിററിയാണ്. 12 വർഷത്തിനു മുൻപ് രൂപീകരിച്ച ഒരു കമ്മിററിയാണ്. കാലകാലങ്ങളിൽ വരുന്ന ഗവൺമെൻറുകൾ ആ കമ്മിററിയുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടേ പോകുന്നു. ആ കമ്മിററി നിർദ്ദേശിച്ച ഏരിയാ ഡെവലപ്പ് ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും അത് നടപ്പാക്കാൻ തിരുവനന്തപുരം നഗരസഭയെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കാർപ്പറേഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് ഇവിടെ ആരോപണങ്ങൾ ഉന്നയിച്ചുകേട്ടു. അതുകൊണ്ട് എനിക്ക് പറയുന്നതിന് മടിയൊന്നുമില്ല. ആരേയും ചെയർമാനാക്കാൻ വേണ്ടിയല്ല ഞാൻ ഇതു പറയുന്നത്. ബാങ്കിംഗ് ഫൈനാൻസ് ഈ മേഖലയിൽ കൊണ്ടുവരുന്നതിന് കാർപ്പറേഷനുകൾ ഉണ്ടാക്കണമെന്നുള്ള തത്വത്തിൽ ഞാൻ വിശ്വസിക്കുന്നു. പബ്ളിക്ക് അണ്ടർ

LIBRARY ARCHIVES Kerala Legislative Assembly

ടേക്കിംഗ്സ് കമ്മിററിയിലെ ഒരു മെമ്പർ എന്നുള്ള നിലയിൽ ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ ആ കമ്മിററി പര്യടനത്തിനു പോയപ്പോഠം പഞ്ചാബ് സംസ്ഥാനത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു പൌംട്രി കാർപ്പറേഷൻ സന്ദർശിക്കുകയുണ്ടായി. കോഴികളെ വളർത്തി അതിൻെറ ഇറച്ചിയെടുത്ത് പാകംചെയ്ത് വിമാനത്തിൽ കയററി അയക്കുന്നുണ്ട്. അവിടെ ഉൽപ്പാദിപ്പിക്കുന്ന മുട്ട ഇൻഡ്യയ്ക്ക് പുറത്ത് അയക്കുന്നതിനാവശ്യമായ എല്ലാ ആധുനിക സജ്ജീകരണങ്ങളും അവിടെ ചെയ്തിട്ടുണ്ട്. അങ്ങനെ നല്ല നിലയിൽ ആ കാർപ്പറേഷൻ അവിടെ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തും, കൂടുതൽ മുട്ട ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയിൽ കോഴിവളർത്തലിന് പ്രോൽസാഹനം നൽകുന്നതിനും, മുട്ടയും ഇറച്ചിയും കയററി അയക്കുന്നതിനും, ആവശ്യമായ നിലയിൽ ഒരു പൌംട്രി കാർപ്പറേഷൻ രൂപീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നല്ല കന്നുകാലികളെ വളർത്തുന്നതിനുവേണ്ടി ഇൻഡോ സ്വിസ് പ്രോജക്ടിന് 9 കോടി രൂപ ചെലവഴിച്ചിരിക്കുകയാണെന്ന് എനിക്ക് ഒരു ചോദ്യത്തിന് മറുപടിയായി വിവരം ലഭിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ നല്ല പശുക്കളേയും മാടുകളേയും ആളുകഠംക്ക് വിതരണം ചെയ്യാനുള്ള പദ്ധതിയെന്നുള്ള നിലയിൽ ലൈവ്സ്ററാക്ക് ഫാമുകളെ റിസർച്ച് യൂണിററുകളെന്നുള്ളത് മാററി പ്രൊഡക്ഷൻ യൂണിററുകളാക്കണം. അതുപോലെ തന്നെ നല്ല കന്നുകാലികളെ വളർത്തിയെടുക്കാനും ആളുകഠംക്ക് വിതരണം ചെയ്യാനും ഉപകരിക്കുന്ന നിലയിലും, ബാങ്കിംഗ് ഫൈനാൻസ് ഈ രംഗത്ത് കൊണ്ടുവരാനും സഹായിക്കുന്ന നിലയിൽ ഇതിനുവേണ്ടിയും ഒരു കോർപ്പറേഷൻ രൂപീകരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ശ്രീ. എം. എൻ. ഗോവിന്ദൻനായർ ഈ വകുപ്പിൻെറ ചുമതല വഹിച്ചിരുന്നപ്പോഠം ഇതിനുവേണ്ടി ചില ഫയലുകഠം ഉണ്ടായിട്ടുണ്ടെന്നാണ് മനസിലാക്കുന്നത്. ആ കാര്യംകൂടി വരുന്ന സാമ്പത്തികവർഷത്തിൽ നടപ്പിലാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. കെ. ദിവാകരൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ പിൻതാങ്ങുന്നു. ഈ ധനവിനിയോഗ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോഠം ആദ്യമായി എനിക്ക് സർക്കാർ സർവ്വീസിനെ
11 A. M. ക്കുറിച്ചാണ് ചില കാര്യങ്ങഠം പറയാനുള്ളത്. നമ്മുടെ സർക്കാർ ജീവനക്കാർക്ക് ഈ അടുത്തകാലത്തായി വളരെയേറെ ആനുകൂല്യങ്ങഠം ചെയ്തുകൊടുത്തിട്ടുണ്ട്. പക്ഷേ ഇന്നും ആ ജീവനക്കാർ അതൃപ്തരാണ്. ഓരോ കാരണങ്ങഠം അതിനു പറയാനുണ്ട്. 1965—66—ൽ ഈ സ്റേററിൻെറ മൊത്ത വരുമാനത്തിൽ 45 ശതമാനമാണ് അവർക്കു കൊടുത്തിരിക്കുന്നത്. എന്നാൽ ഇന്നത് 64 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഈ അസംബ്ളിയിൽ ഒരു ചോദ്യത്തിനുത്തരമായി കിട്ടിയ കണക്കിൽ 30 കോടി രൂപ 66—നു ശേഷം ശമ്പള വർദ്ധനവിനു ഉപയോഗിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇപ്പോഴും ഈ സർക്കാർ ജീവനക്കാർ സമരത്തിലും പ്രക്ഷോഭണത്തിലുമാണ്. എനിക്ക് അവരുടെ അവകാശവാദത്തെക്കുറിച്ചോ അവകാശബോധത്തെക്കുറിച്ചോ ഒന്നും പരാതിയില്ല. അതിനുവേണ്ടിയുള്ള സമരത്തെക്കുറിച്ചും എനിക്കൊന്നും പറയാനില്ല. പക്ഷേ നമ്മുടെ ഈ സ്റേററിൻെറ പൊതു സാമ്പത്തികനില പരിഗണിച്ചുകൊണ്ട് വേണം അവരുടെ അവകാശവാദങ്ങഠം കേഠംക്കാനും പരിഗണിക്കാനും എന്ന് എനിക്ക് അഭിപ്രായമുണ്ട്. സർക്കാർ സർവ്വീസ് ഈ സ്റേററിനെ സേവിക്കാനും ജനങ്ങളെ സേവിക്കാനും എന്നാണ് സങ്കൽപ്പിച്ചിരിക്കുന്നത്. ഇന്നത്തെ നിലയിൽ മുന്നോട്ടു പോവുകയാണെങ്കിൽ ഈ സ്റേററും ജനങ്ങളും സർക്കാർ സർവ്വീസിനുവേണ്ടി അവരെ

2/3028/MC

LIBRARY ARCHIVES Kerala Legislative Assembly

സേവിക്കാൻ എന്ന നിലവാരത്തിലേയ്ക്ക് ചെന്നെത്തും. ഇവിടെ ഉണ്ടാകുന്ന വരുമാനം മുഴുവൻ സർക്കാർ ജീവനക്കാർക്കു കൊടുക്കുക എന്ന സ്ഥിതിയിൽ എത്തിച്ചേരും. എന്നാൽ ഇന്നത്തെ ജീവിതനിലവാരം വച്ചുകൊണ്ട് അവർക്കു പലതും പറയാൻ കാണും. പക്ഷേ നമ്മുടെ സ്റേററിന്റെ പൊതു സാമ്പത്തിക നിലയെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. 1960–61–ലെ വിലനിലവാരം അടിസ്ഥാനമാക്കി ഈ സ്റേററിന്റെ ആളോഹരി വരുമാനം 297 രൂപയാണ്. എന്നാൽ ഇന്നത്തെ വിലനിലവാരം 504 രൂപയായി ഉയർന്നിട്ടുണ്ട്. ഇങ്ങനെ ദരിദ്രമായ ഈ രാജ്യത്ത് ഈ സർക്കാർ ജീവനക്കാർ താരതമ്യേന മെച്ചപ്പെട്ട ജീവിതംതന്നെ നയിക്കുന്നു എന്നു ഞാൻ പറയുന്നു. അതു കൊണ്ട് പരിപൂർണ്ണ സംതൃപ്തിയാണെന്നൊന്നും ഞാൻ പറയുന്നില്ല. ഇനിയും ഈ ശമ്പള വർദ്ധനവിനെക്കുറിച്ചു പറയുമ്പോഠം ഈ നാട്ടിലെ ദരിദ്ര ലക്ഷങ്ങഠംക്കുവേണ്ടി, ഈ രാജ്യത്തെ സാധാരണ കൃഷിക്കാർക്കും കാർഷിക ത്തൊഴിലാളികഠംക്കും വേണ്ടി നമുക്ക് എന്തു ചെയ്യാൻ കഴിയും, എന്തു ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് എന്നതിനെക്കുറിച്ചുകൂടി ആലോചിക്കണം. ഇല്ലെങ്കിൽ വർഗ്ഗബോധത്തെക്കുറിച്ചും വർഗ്ഗബന്ധത്തെക്കുറിച്ചും നമ്മഠം പറയുന്നതിൽ അർത്ഥമില്ല. ഉള്ളവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുക, അഭിവൃദ്ധിപ്പെടണം അതിൽ ആക്ഷേപമില്ല. എന്നാൽ ഇല്ലാത്തവർക്കുവേണ്ടി നമുക്ക് എന്തു ചെയ്യാൻ കഴിയുന്നുണ്ട്. നാട്ടിൻപുറത്തെ ദരിദ്രലക്ഷങ്ങഠംക്കുവേണ്ടി കാർഷികത്തൊഴിലാളികഠംക്കുവേണ്ടി നമുക്ക് എന്തു ചെയ്യാൻ കഴിയുന്നുണ്ട്. ഒന്നും ചെയ്യുന്നില്ല. സർക്കാർ ജീവനക്കാരെക്കുറിച്ച് പറയുമ്പോഠം ചിലർ പറയും എനിക്കു ജീവിക്കാനുള്ള കാശുകിട്ടുന്നില്ല എന്നുള്ളതല്ല ആക്ഷേപം. ഞാൻ മറെറാരു ഡിപ്പാർട്ടുമെൻറിൽ ആയിരുന്നെങ്കിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു. അതൊക്കെ ശരിയായിരിക്കാം. അതുപോലെതന്നെ സർക്കാരിൽനിന്നു ജനങ്ങഠംക്കു കിട്ടുന്ന സഹായങ്ങളെക്കുറിച്ച് നാം ആലോചിക്കേണ്ടതുണ്ട്. സർക്കാർ സർവ്വീസിനകത്ത് ഒരു ഡിപ്പാർട്ടുമെൻറിൽത്തന്നെ ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള മൽസരം, ഡിപ്പാർട്ടുമെൻറുകഠം തമ്മിലുള്ള മൽസരം ഇതിന്റെയൊക്കെ ഫലമായി കാര്യങ്ങഠം നടക്കാൻ വളരെ പ്രയാസമുണ്ട്. എൻ. ജി. ഒ. വിഭാഗക്കാർക്ക് അവരുടെ ആഫീസറൻമാരെക്കുറിച്ച് വളരെ പരാതികളുണ്ട്. പക്ഷേ നാട്ടിൻപുറത്തുനിന്നു വരുന്ന സാധാരണക്കാരുണ്ട്. ഇവർ എൻ. ജി. ഒ. മാരെ സമീപിച്ചാൽ അവരുടെ അനുഭവമെന്താണ്? അവരുടെ കാര്യങ്ങഠം പെട്ടെന്നു ചെയ്തുകൊടുക്കുന്നതിന് എൻ.ജി.ഓ. മാർ തയ്യാറാകുന്നില്ല. എൻ.ജി.ഒ. മാർക്ക് ആഫീസറൻമാരോടു പരാതിയുള്ളതുപോലെ നാട്ടിൻപുറത്തുള്ള പാവപ്പെട്ട തൊഴിലാളികഠം ആഫീസുകളിൽ ചെന്നാൽ അവരുടെ കാര്യം നടക്കുന്നില്ല എന്ന പരാതിയുണ്ട്. ഇങ്ങനെ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ പ്രേരണ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ മേൽ ചെലുത്തേണ്ടതാണ്. മറെറാരു കാര്യംകൂടി പറയാനുണ്ട്. സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് രാഷ്ട്രീയസ്വാതന്ത്ര്യം അനുവദിച്ചിട്ടില്ല. അങ്ങനെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും തോന്നുന്നില്ല. പക്ഷേ രാഷ്ട്രീയലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിക്കുന്ന ചില ജീവനക്കാരുണ്ട്. ചിലരെന്നേ ഞാൻ പറയുന്നുള്ളൂ. സർക്കാർ സർവ്വീസിൽ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ജീവനക്കാരെ നിലക്കു നിറുത്താൻ കഴിയണം. ഇല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള രാഷ്ട്രീയത്തിലേയ്ക്ക് പോകുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കണം. രണ്ടിലൊന്ന് ചെയ്യണം. ഇല്ലെങ്കിൽ എല്ലാ സർക്കാർ ജീവനക്കാർക്കും രാഷ്ട്രീയസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കണം. ഇതാണ് എനിക്കു പറയാനുള്ളത്. സർക്കാരിനെ സമീപിച്ച് ഒരുകാര്യം നടപ്പിലാക്കിക്കിട്ടുന്നതിന് ഉള്ള കാലതാമസം വളരെയാണ്. സെക്രട്ടേറിയററിൽ ഫയൽ ആരംഭിച്ച് വില്ലേജാഫീസുവരെ പോയി മടങ്ങി വന്ന് വീണ്ടും ഓർഡറാവാൻ വളരെയധികം സമയം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ സർവ്വീസ് ഘടന ഉടച്ചുവാർക്കുന്നതിനുള്ള ശ്രമം നടത്തണം. പഞ്ചായത്തുരാജ് നിയമം ഉണ്ടാക്കുന്നതിന് ആലോചിച്ചിട്ടുണ്ട്. പക്ഷേ അതൊന്നും നടപ്പിലായിട്ടില്ല. അതു നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തണം. അതോടൊപ്പംതന്നെ ഈ ശമ്പളവർദ്ധനവ് പ്രത്യുൽപ്പാദനപരമായ മാർഗ്ഗത്തിലല്ല ചെലവാക്കുന്നത്. അതിന്റെ ഫലമായി ഉണ്ടാവുന്നത് നാണയപ്പെരുപ്പമാണ്. ഇത് വിലക്കയററം സൃഷ്ടിക്കുന്നതിന് ഇടയാക്കുന്നുണ്ട്. വൻകിട നദീതടപദ്ധതികൾ പലതും ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്നുണ്ട്. അതിന്റെ ഫലമായി നാണയപ്പെരുപ്പം വരുന്നുണ്ട്. പ്രത്യുൽപ്പാദനപരമല്ലാതെ പണം മുടക്കിയതിന്റെ ഫലമായി പദ്ധതികൾ പൂർത്തിയാകാതെ കിടക്കുന്നുണ്ട്. ഇത് പൂർത്തിയാക്കുന്നതിനും നാണയപ്പെരുപ്പം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ നമ്മുടെ പൊതുമേഖലാ വ്യവസായങ്ങളെല്ലാം നഷ്ടത്തിലാണ് നടക്കുന്നത്. 1967—68 വർഷത്തെ നഷ്ടമെന്നു പറയുന്നത് 35 കോടി രൂപയാണ്. കേട്ടാൽ ഞെട്ടലുണ്ടാക്കുന്ന കണക്കാണ്. നമുക്കു തന്നിട്ടുള്ള എക്കണോമിക് റിവ്യൂവിൽ പറയുന്ന കണക്കാണ്. ഈ നഷ്ടം നികത്താൻ എങ്ങനെ കഴിയും. വ്യവസായങ്ങൾ ലാഭകരമായി മാററാൻ എങ്ങനെ കഴിയും? പണം മുടക്കിയാൽ അതിൽ നിന്നും ആദായം ഉണ്ടാക്കി വ്യവസായങ്ങളിൽ മുടക്കുന്നതിനും തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാക്കുന്നതിനും എന്തു ചെയ്യാൻകഴിയും? ഇതിനെക്കുറിച്ച് ഗവൺമെൻറു കാര്യമായി ആലോചിക്കണം. തൊഴിൽ സ്ഥാപനങ്ങളിൽ പണി എടുക്കുന്ന ജീവനക്കാർക്കാവശ്യമായ പുനർനിർമ്മാണപ്രവർത്തനത്തിൽ എന്തു പങ്കാണ് വഹിക്കാനുള്ളത്. അവർക്ക് ഇതിൽ ഒരു പങ്കു വഹിക്കാനുണ്ടായിരിക്കണം. നമ്മുടെ തൊഴിലാളിവർഗ്ഗം ദേശീയവിമോചനസമരത്തിലും, രാജഭരണം അവസാനിപ്പിക്കുന്നതിനും എല്ലാംതന്നെ ധീരോദാത്തമായ സമരം നടത്തിയിട്ടുണ്ട്. ഈ രാജ്യത്തിന്റെ പുനർനിർമ്മാണകാര്യത്തിൽ ഇവിടത്തെ തൊഴിലാളികൾക്ക് വലിയ സംഭാവന ചെയ്യാൻ കഴിയും. ചൈനീസ് ആക്രമണമുണ്ടായ കാലത്തും പാക്കിസ്ഥാൻ ആക്രമണമുണ്ടായ കാലത്തും ഒക്കെത്തന്നെ തൊഴിലാളികൾ തൊഴിലാളിവർഗ്ഗ ദേശാഭിമാനത്തിന്റെ പതാക ഉയർത്തിപ്പിടിച്ചു. പുനർനിർമ്മാണത്തിൽ നിർമ്മാണപരമായി എന്തു പങ്കു വഹിക്കാൻകഴിയും. അത്തരത്തിൽ രാഷ്ട്രീയനേതാക്കൻമാരും തൊഴിലാളിവർഗ്ഗ നേതാക്കൻമാരും ഇതിനു തയ്യാറാകുമോ? എങ്കിൽ തൊഴിലാളിവർഗ്ഗം തീർച്ചയായും അവരുടെ പങ്കുവഹിക്കും. അതിനെക്കുറിച്ചു ചിന്തിച്ചുതുടങ്ങും. ഞാൻ ഇതു പറയുന്നതു ഈ രാജ്യത്തെ ഏററവും വിപൽപ്രശ്നമായ തൊഴിലില്ലായ്മയെ കുറിച്ചാണ്. ലക്ഷക്കണക്കായ തൊഴിലില്ലാത്ത ആളുകളുണ്ട്. ഇവിടെ വിതരണം ചെയ്തിട്ടുള്ള എക്കണോമിക് റവ്യൂവിൽ 1969 അവസാനമായപ്പോഴേക്കും വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രണ്ടുലക്ഷത്തിനാൽപ്പതിനായിരം പേർ രജിസ്ററർ ചെയ്തിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷവും നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾതന്നെയാണ്. തൊഴിലില്ലാത്ത എത്രയോ അധികം പേർ നാട്ടിൻപുറങ്ങളിലുണ്ട്. അവർക്ക് തൊഴിൽ നൽകാൻ കഴിയുമോ? നമ്മുടെ നാട്ടിലെ യുവജനങ്ങളുടെ ഇടയിലുള്ള അസ്വസ്ഥതയെക്കുറിച്ചും വിദ്യാർത്ഥികളുടെ ഇടയിലുള്ള അസ്വസ്ഥതയെക്കുറിച്ചും പലരും ചിന്തിക്കാറുണ്ട്. പക്ഷേ ഇവിടെയുള്ള ശൂന്യത, വിദ്യാർത്ഥികൾ പരീക്ഷ പാസായി വന്നാലുള്ള ശൂന്യത, തൊഴിൽ നൽകുന്നതിന് പ്രോൽസാഹകരമല്ല. അതിന്റെ ഫലമായി ഉണ്ടാവുന്ന അസ്വസ്ഥതകളെക്കുറിച്ച് കാര്യമായി ചിന്തിക്കണം. ഒരു പക്ഷേ ഈ രാജ്യത്ത് ഏററവും ആപത്തു സൃഷ്ടിക്കുന്ന പൊട്ടിത്തെറിതന്നെ ഉണ്ടാക്കുന്നത് തൊഴിലില്ലാത്ത ഈ യുവലോകമായിരിക്കും. ഈ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നമുക്ക് എന്താണ് ചെയ്യാൻ കഴിയുന്നത്. നമ്മുടെ സ്റ്റേറ്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനമാണെങ്കിൽ ശമ്പളമായും മററിനത്തിലും പോകുന്നുണ്ട്. വൻകിടപദ്ധതികൾക്കുവേണ്ടി മുടക്കിയിട്ടുള്ള പണമാണെങ്കിൽ പ്രത്യുൽപ്പാദനപരമായി ഉപയോഗിക്കാൻ കഴിയുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ മുടക്കിയിട്ടുള്ള പണമാണെങ്കിൽ നഷ്ടത്തിലാണ്. കൂടുതൽ വരുമാനമുണ്ടാക്കുന്നതിനും തൊഴിൽ നൽകുന്നതിനും ഇതുവരെ ഒരു മാർഗ്ഗവും ഉണ്ടായിട്ടില്ല. ഈ അവസരത്തിൽ നിർഭാഗ്യകരമെന്നു പറയട്ടെ, കേരളത്തിൻെറ നാലാം പദ്ധതിക്ക് രൂപംകൊടുത്തുകഴിഞ്ഞു. അങ്ങനെ രൂപം കൊടുത്ത അവസരത്തിൽ കേരളത്തിൻെറ കാര്യം പറയാൻ കേന്ദ്രത്തിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. പക്ഷേ ഈ പദ്ധതിയുടെ കരടുപദ്ധതി തയ്യാറാക്കിയപ്പോൾ കേരളത്തിനു നീക്കിവച്ച 258 കോടി രൂപയിൽ കലാശിച്ചിരിക്കുകയാണ്. പദ്ധതികൾക്കു രൂപം കൊടുക്കുമ്പോഴൊന്നും, രണ്ടും മൂന്നും പദ്ധതിക്ക് രൂപം കൊടുത്തകാലത്തും, കേരളത്തെ പ്രതിനിധീകരിച്ച് എന്തെങ്കിലും സംസാരിക്കാൻ ആരും ഉണ്ടായിരുന്നില്ല. നാലാം പഞ്ചവൽസരപദ്ധതിക്കു രൂപം കൊടുക്കുന്ന കാലത്ത് ഈ നിർഭാഗ്യകരമായ അവസ്ഥ ഉണ്ടാക്കിയത് പ്രതിപക്ഷമാണ്. ഇവിടെ 1967—ൽ ഉണ്ടായ ഗവൺമെൻറ്, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിസ്ഥാനം ഉപേക്ഷിച്ചു പോകുമ്പോൾ ഒരു പുതിയ ഗവൺമെൻറ് ഉണ്ടാകുമെന്നാണ് എല്ലാവരും ആഗ്രഹിച്ചിരുന്നത്. അങ്ങനെ രണ്ടും മൂന്നും പദ്ധതിക്കാലത്തുണ്ടായ ദുരവസ്ഥ നാലാം പദ്ധതിക്കാലത്ത് ഉണ്ടാവുകയില്ലെന്ന് എല്ലാവരും പ്രതീക്ഷിച്ചു. ആ സമയത്താണ് പ്രതിപക്ഷം രാഷ്ട്രീയമായ കുഴപ്പമുണ്ടാക്കിയത്. മാർക്സിസ്ററുപാർട്ടി ഈ രാഷ്ട്രീയ കുഴപ്പം ഉണ്ടാക്കിയതിൽ അൽഭുതമൊന്നുമില്ല. പദ്ധതിവിഹിതം കണക്കു പറഞ്ഞ് വാങ്ങിക്കുന്നതിലോ കിട്ടുന്ന തുക ഇവിടെ വിനിയോഗിക്കുന്നതിലോ ഇവർക്ക് വലിയ താൽപര്യമൊന്നുമില്ല. അവരുടെ നേതാവു പറഞ്ഞിട്ടുള്ളതുപോലെ, ഞങ്ങളുടെ പാർട്ടി കേരളത്തിലും ബംഗാളിലും അധികാരത്തിൽവന്നത് ജനങ്ങൾക്ക് നൻമ ചെയ്യാനല്ല, വിപ്ലവത്തിൻെറ മൂർച്ച കൂട്ടാനാണ്. ഈ വിപ്ലവത്തിൻെറ പാതയിൽക്കൂടിയാണ് ഇ. എം. എസ്സിൻെറ ഗവൺമെൻറു പോയത്. ഈ ഭരണഘടന ഇരിക്കുന്നിടത്തോളംകാലം കേരളത്തിൽ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല, കേന്ദ്രഗവൺമെൻറ് ഇരിക്കുന്നിടത്തോളംകാലം കേരളത്തിൽ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അങ്ങനെ അവർ കേന്ദ്രത്തെ തകർക്കാൻ പോയി, ഭരണഘടന തകർക്കാൻ പോയി സ്വയം തകർന്നിരിക്കുകയാണ്. അങ്ങനെ വീണ്ടും ഒരു ഗവൺമെൻറുണ്ടായി. പഞ്ചവൽസരപദ്ധതികൾക്ക് രൂപം കൊടുക്കുന്ന സമയത്ത് കാര്യങ്ങൾ പറയാൻ ഒരു ഗവൺമെൻറുണ്ടായി. എന്നാൽ കൃത്യസമയത്ത് രാഷ്ട്രീയ അട്ടിമറികളും കുഴപ്പങ്ങളും സൃഷ്ടിച്ചു. എന്നിട്ട് എന്തു നേട്ടമുണ്ടായി. അവർക്ക് എന്തെങ്കിലും നേട്ടമുണ്ടായോ? അവർക്ക് നേട്ടമുണ്ടായില്ല. ''വണ്ടേ നീ തുലയുന്നു, വിളക്കും നീ കെടുത്തുന്നു'' എന്നു പറഞ്ഞതുപോലെ സ്വന്തം ആത്മാഭിമാനവും രാഷ്ട്രത്തിൻെറ ഭാവിയും ഇവർ നഷ്ടപ്പെടുത്തി. പദ്ധതിക്ക് അവസാനരൂപം കൊടുക്കുമ്പോൾ അടങ്കൽ തുകയിൽ വളരെയേറെ വർദ്ധനവുണ്ടായി. അടങ്കൽ തുകയിൽ 484 കോടി രൂപ വർദ്ധിച്ചു. സ്റേററിൻെറ വിഹിതത്തിൽ 540 കോടി രൂപ വർദ്ധിച്ചു. ഇതൊന്നും കേരളത്തിനു കിട്ടുകയില്ല. 175 കോടി രൂപ ചെറിയ സ്റേററുകൾക്ക് പ്രത്യേക സഹായമായി നിശ്ചയിച്ചു. ആ കൂട്ടത്തിൽ കേരളത്തിൻെറ പേരില്ല. ഇതെല്ലാം വരുത്തിവച്ചതാരാണ്. ഈ സ്റേററിനെ പ്രതിനിധീകരിച്ച് ആരും ഉണ്ടായിരുന്നില്ല. കേരളത്തിലെ ജനങ്ങൾ തീർച്ചയായും ഇതിൽ സന്തോഷിക്കുകയില്ല. വ്യവസായവൽക്കരണത്തിനുവേണ്ടി കേഴുന്ന കേരളത്തെ ചതിക്കുകയാണ് ശ്രീ. നമ്പൂതിരിപ്പാടും അട്ടിമറിക്കുവേണ്ടി ശ്രമിച്ച ആളുകളും ചെയ്തത്. തൊഴിലിനുവേണ്ടി ദാഹിക്കുന്ന യുവജനങ്ങൾ ഇവർക്ക് മാപ്പു കൊടുക്കുകയില്ല, കേരളത്തോടു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത വഞ്ചന പൊറുക്കുകയില്ല. ഈ പദ്ധതിക്കു രൂപം കൊടുത്ത അവസരത്തിൽ നമുക്കിവിടെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും പ്രധാനമന്ത്രിയുടെ സൂചനയിൽ നിന്നും ദേശീയവികസന കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൂടുമ്പോൾ ചില നീക്കുപോക്കുകൾ വന്നേക്കാമെന്നു പറഞ്ഞിട്ടുണ്ട്. ആ അവസരം ഉപയോഗിച്ചുകൊണ്ട് ഈ കേരളത്തിലെ ജനലക്ഷങ്ങളെ അണിനിരത്തിക്കൊണ്ട് വിശേഷിച്ചും തൊഴിലില്ലാത്ത യുവജനങ്ങളെ അണിനിരത്തിക്കൊണ്ട് പദ്ധതി വിഹിതം കൂട്ടിക്കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: സർ, ഞങ്ങളുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. ''പുത്തനച്ചി പുരപ്പുറം തൂക്കും''. ഈ ഗവൺമെന്റിന്റെ കഥയും ഏതാണ്ട് അതുപോലാണെന്നു തോന്നുന്നു. സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് നിയമസഭ കൂടുന്നതിനു മുമ്പുതന്നെ ഇവർ പറഞ്ഞു ജനോപകാരപ്രദങ്ങളായ പല നിയമങ്ങളും ഞങ്ങൾ കൊണ്ടു വരാൻ പോകുന്നുവെന്ന്. സർ, അസംബ്ലി കൂടുന്നതിന്റെ തലേദിവസം ഗവർണ്ണറെക്കൊണ്ടു ആർഡിനൻസ് പാസാക്കിച്ച സംഭവങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ നിയമസഭാ സമ്മേളനത്തിന്റെ അജണ്ടയിൽത്തന്നെ ഒറ്റെ നിയമങ്ങൾ, രണ്ടു മൂന്നു കൊല്ലത്തിനുമുമ്പ് ഇവിടെ അവതരിപ്പിച്ചതും വളരെയധികം ജനോപകാരപ്രദമെന്നും കൊട്ടിഘോഷിക്കപ്പെട്ടതുമായ നിയമങ്ങളുടെ പട്ടികകൾ ഉണ്ടായിരുന്നു. വളരെയധികം ജനാധിപത്യപരമെന്നു പറഞ്ഞ പഞ്ചായത്തുരാജ് ബിൽ എവിടെയെന്ന് ഞാൻ ചോദിക്കുകയാണ്. ഇതുപോലുള്ള പലപല നിയമങ്ങളും ഈ നിയമസഭയിൽ ചർച്ചചെയ്തു പാസാക്കിയെടുക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. നിർഭാഗ്യമെന്നുതന്നെ പറയട്ടെ, ആദ്യംകേട്ടതിനു വിപരീതമായി ഈ സെഷനും മാററി വയ്ക്കാൻപോവുകയാണ്. സർ, ഭയപ്പെട്ടിട്ട് കാര്യമെന്താണ്? എന്തോ ഭയപ്പെട്ടുകൊണ്ടല്ലേ ഇതു മാററിവയ്ക്കുന്നതെന്നു ഞാൻ സംശയിക്കുകയാണ്. ജനോപകാരപ്രദങ്ങളായ നിയമം നിർമ്മിക്കുന്ന കാര്യത്തിൽ എന്തിനു ഭയന്നു മാററിവയ്ക്കണമെന്നു ഭരണാധികാരികളോട് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഈ ഐക്യമുന്നണിയെന്നു പറയുന്ന സംപ്രദായം അമ്പേ പരാജയപ്പെട്ടുവെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇന്നു രാവിലെ കേരളകൗമുദിപത്രം കണ്ടപ്പോൾ ഇന്നലെവരെ ഒരുമിച്ചുനിന്നു ഒരു സംഘടനയുടെ അഖിലേൻഡ്യാ നേതൃത്വം ഐക്യമുന്നണിക്കുതന്നെ കളങ്കം വരുത്തിയിരിക്കുന്നതാണ് കണ്ടത്. ഈ ഐക്യമുന്നണിയുടെ അടിത്തറതന്നെ തകർക്കപ്പെട്ടിരിക്കുകയല്ലേയെന്ന് ഞാൻ സംശയിക്കുകയാണ്. ഈ രീതിയിലാണെങ്കിൽ ഈ ഗവർമ്മെൻറിന് കെട്ടുറപ്പായി എങ്ങനെ പ്രവർത്തിക്കാൻ സാധിക്കുമെന്ന് ഞാൻ സംശയിക്കുന്നു. ഇപ്പോൾത്തന്നെ ഇവിടെ കേൾക്കുന്ന വാർത്തകൾ ശരിയാണെങ്കിൽ ആടിയാടി നിൽക്കുന്നവരേയും ആയാറാം കാരെയും ഗയാറാംകാരെയും അധികാരത്തിലേക്ക് ഉയർത്താനും അഴിമതിയാരോപണത്തിനു വിധേയരായിട്ടുള്ളവരെ അധികാരത്തിലേയ്ക്കു ഉയർത്താനുമുള്ള പ്രവണതകൾ വളർന്നുവരുകയാണ്. സർ, അന്തസ്സായി, അഭിമാനമായി ഈ ഗവൺമെൻറിനു ഭരിക്കാൻ സാധിച്ചില്ലെങ്കിൽ പൊതുജനങ്ങളെ നേരിടുകയായിരിക്കും നല്ലതെന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഈ സന്ദർഭത്തിൽ മററുചില കാര്യങ്ങൾകൂടി പറഞ്ഞുകൊള്ളട്ടെ. ഇന്നത്തെ ഗവൺമെൻറും ധനം വിനിയോഗിക്കുന്നത് മുമ്പത്തെ ഗവൺമെൻറു ചെയ്തതുപോലെതന്നെ, മാർക്സിസ്ററു ഗവൺമെൻറു ചെയ്തതുപോലെതന്നെ ചില പാർട്ടികളുടെ ആളുകളെ സഹായിക്കുന്നതിനുവേണ്ടിയാണെന്നാണ് എനിക്കു പറയാനുള്ളത്. എനിക്കു കിട്ടിയ റിപ്പോർട്ടു ശരിയാണെങ്കിൽ ഡൽഹിയിൽ ഒരു പബ്ലിക്ക് റിലേഷൻസ് [illegible]

LIBRARY ARCHIVES Kerala Legislative Assembly

700 മുതൽ 1000 രൂപ ശമ്പളത്തിൽ നിയമിക്കാൻ പോവുകയാണ്. ഒരു ഐ. എസ്. പി. എം. പി. യുടെ ഫ്ളാററിൽ താമസിക്കുന്ന, റിസർച്ച് ചെയ്യുന്ന ഒരാൾക്കുവേണ്ടിയാണ് ഈ തസ്തിക സൃഷ്ടിക്കുന്നത്. എന്റെ അറിവു ശരിയാണെങ്കിൽ അയാളുടെ പേര് വിവേകാനന്ദൻ എന്നാണ്. അങ്ങനെ ഒരാൾക്കുവേണ്ടി ഒരു തസ്തിക പബ്ലിക് റിലേഷൻസ് വകുപ്പിൽ രൂപംകൊണ്ടുവരുന്നതായി കേൾക്കുന്നു.

അതുപോലെതന്നെ എക്സിക്യൂട്ടീവ് ആഫീസർ എന്ന ഒരു തസ്തികയും ഈ പബ്ലിക് റിലേഷൻസ് വകുപ്പിൽ മുൻപറഞ്ഞ എം. പി. യുടെ ആൾക്കുവേണ്ടി രൂപംകൊണ്ടുവരുകയാണ്. മാർക്സിസ്ററുകാർ ഭരിക്കുന്ന അവസരത്തിൽ അവരുടെ ആളുകളെ പേഴ്സണൽ സ്ററാഫിൽ എടുത്തതിനെ വിമർശിച്ചവരാണ് ഞങ്ങൾ. ഇന്ന് ഇവിടെ എന്താണ് ചെയ്യുന്നത്? ആ കാര്യങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇനി സൗകര്യമുണ്ടെങ്കിൽ എല്ലാം വിശദമായിട്ടു പറയാം.

സർ, നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന ചില പ്രശ്നങ്ങൾ കൂടി ഉന്നയിച്ചുകൊള്ളട്ടെ. എലക്ട്രിസിററിബോർഡിൽ ചില സാധനങ്ങൾക്ക് കാൺട്രാക്ട് കൊടുക്കുന്ന സംപ്രദായമുണ്ട്. എനിക്ക് ഇന്നലെ കിട്ടിയ വിവരം അനുസരിച്ച് മുൻ ഗവർമ്മെൻറ് ഉത്തരവിൽ പറഞ്ഞിട്ടുള്ളത് സംസ്ഥാനത്തിലെ ഇൻറസ്ട്രീസിന് പ്രോൽസാഹനം കൊടുക്കുന്നതിനുവേണ്ടി ഇവിടെനിന്നുംതന്നെ സാധനങ്ങൾ വാങ്ങിക്കണമെന്നാണ്. എന്നാൽ ഇലക്ട്രിസിററി ബോർഡിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള കാൺട്രാക്ടിനുവേണ്ടി ചില ആളുകൾ അപേക്ഷിച്ചിട്ട് അതൊന്നും സ്വീകരിക്കാതെ കൽക്കട്ടയിലുള്ള ഏതോ കമ്പനിക്കു കൊടുത്തുവെന്നു കേൾക്കുന്നു. അതിന്റെ ഫലമായി തിരുവനന്തപുരത്തുള്ള ഒരു വ്യവസായസ്ഥാപനത്തിലെ പത്തു നൂറു ആളുകൾ തൊഴിലില്ലാതെയിരിക്കുകയാണ്. എന്തുകൊണ്ടു നമ്മുടെ സംസ്ഥാനത്തിനകത്തുള്ള വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഇതു കൊടുത്തുകൂടാ? മററു സംസ്ഥാനങ്ങൾ വളരെയേറെ പ്രോൽസാഹനം കൊടുക്കുന്നുണ്ട്. അത് ഈ ഗവൺമെൻറും ഇലക്ട്രിസിററി ബോർഡും മനസ്സിലാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ടൂറിസ്ററുവകുപ്പിനെ സംബന്ധിച്ചുകൂടി എനിക്ക് ഒരു കാര്യം പറയാനുണ്ട്. മുമ്പ് മന്ത്രിയായിരുന്ന ശ്രീമാൻ ടി. കെ. ദിവാകരനും ടൂറിസ്ററു വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഒരുമിച്ച് കഴിഞ്ഞകൊല്ലം നെയ്യാററിൻകര താലൂക്കിലുള്ള മനോഹരമായ കള്ളിക്കാട്ടുഡാം സന്ദർശിക്കുകയുണ്ടായി. ഡാമിൽക്കൂടി ഉള്ളിലോട്ടും വളരെയധികം സഞ്ചരിച്ച് അവിടത്തെ കാഴ്ചകൾ കണ്ടിട്ട് സംസ്ഥാനത്തിലെ മററു കേന്ദ്രങ്ങളെപ്പോലെ തന്നെ ഇതിനെയും വികസിപ്പിക്കാൻ സാധ്യതയുണ്ടെന്നു അന്ന് വിധിയെഴുതുകയുണ്ടായി. അതിനുവേണ്ട എന്തോ ചില നടപടികളും എടുത്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. നിർഭാഗ്യമെന്നുതന്നെ പറയട്ടെ നമ്മുടെ ശേഷൻമാസ്ററർ അവർകളുടെ ബഡ്ജററിൽ തിരുവനന്തപുരത്തെ പൊതുവേ അവഗണിച്ചതുപോലെതന്നെ ഈ കാര്യവും അവഗണിച്ചിരിക്കുകയാണ്.

സർ, ഇന്ന് ഈ സംസ്ഥാനത്ത് ഹൈക്കോടതിയിൽ അന്വേഷിച്ചാൽ മററു എല്ലാവിധ കേസ്സുകളേയുംകാൾ കേസ്സുകൾ റിട്ടുകളാണ്. ഈ റിട്ടുകൾക്കുള്ള പ്രധാനകാരണം നമ്മുടെ ഗവർമ്മെൻറ് ഉദ്യോഗസ്ഥൻമാരുടെ ഉത്തരവാദിത്വമില്ലാത്ത പ്രവർത്തനങ്ങളാണ്. ഇങ്ങനെയുള്ള റിട്ടുകൾ കാരണം വളരെയധികം രൂപാ നമ്മുടെ സ്റേററിന് നഷ്ടപ്പെടുന്നുണ്ട്. ഇവിടെനിന്നും ഒരു സൂപ്രണ്ടോ ഒരു അസിസ്ററൻറു സെക്രട്ടറിയോ അവിടെ പോവുകയാണെങ്കിൽ അതിനുവേണ്ട ചെലവും മററു ചെലവുകളും എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കൂടി പ്രതിവർഷം വലിയ ഒരു സംഖ്യ വേണ്ടിവരുന്നുണ്ട്. എനിക്ക് ഇതിൽ ഒരു നിർദ്ദേശമുണ്ട്. തിരുവനന്തപുരത്തുനിന്നും എറണാകുളം വരെയുള്ള യാത്രച്ചെലവും മററു ചില ചെലവുകളും കുറയ്ക്കാൻ സാധിക്കും. മുമ്പു തിരുവനന്തപുരത്തുണ്ടായിരുന്നതും പിന്നെ നിവേദനങ്ങളും സത്യാഗ്രഹങ്ങളും സമരങ്ങളും നടത്തി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനു കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അതു നേടിയെടുത്താൽ ഭാരിച്ച തുക ഖജനാവിന് നഷ്ടംവരുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നാണ് എനിക്കു പറയാനുള്ളത്.

മറെറാരുകാര്യം വിദ്യാഭ്യാസമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അടുത്തകൊല്ലം ചില വിദ്യാലയങ്ങൾ അനുവദിക്കാൻ പോകുന്നുവെന്നും പോകുന്നില്ലെന്നും ഒക്കെ കേൾക്കുന്നു. എനിക്ക് നിശ്ചയമില്ല. ഏതായാലും അങ്ങനെ അനുവദിക്കുകയാണെങ്കിൽ—മലബാറിലെഅവികസിത പ്രദേശങ്ങൾക്ക് കൂടുതൽ വിദ്യാലയങ്ങൾ അനുവദിക്കുന്നതിൽ വിരോധമില്ല. പക്ഷേ അതിൻെറ കൂട്ടത്തിൽ തിരുവനന്തപുരത്തിനു കിട്ടേണ്ടതായ വിഹിതം അനുവദിക്കാൻ മറന്നുപോകരുതെന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

വനംവകുപ്പിനെ സംബന്ധിച്ചാണ് അടുത്തതായി എനിക്കു പറയാനുള്ളത്. സർ, എൻെറ അറിവു ശരിയാണെങ്കിൽ മുള വെട്ടിക്കൊണ്ടുപോകുന്നതിന് ഒരു കാൺട്രാക്ട് സീനിയറേജു റേററിന് ഇന്ന് ഇവിടെ കൊടുത്തിരിക്കുകയാണ്. മുൻ നിബന്ധനകളെയെല്ലാം ലംഘിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ കാൺട്രാക്ടർക്കു കൊള്ളലാഭമടിക്കാൻ പററിയനിലയിൽ മൂന്നുനാലു രൂപാ വിലയുള്ള മുള അറുപതു പൈസയ്ക്കു കൊടുത്തിരിക്കുകയാണ്. സർ, ഇത് മുൻഗവൺമെൻറ് ഈ സംസ്ഥാനത്തിനു വരുത്തിവച്ചതുപോലെയുള്ള ഒരു നഷ്ടമാണ്. ഗവൺമെൻറ് ആവശ്യത്തിനുവേണ്ടിയോ പൊതു ആവശ്യത്തിനുവേണ്ടിയോ അല്ലാതെ മുള ഇതുപോലെ കൊടുക്കാൻ ഇടവരരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നെയ്യാററിൻകര താലൂക്കിൽ നെയ്യാററിൻകര ഇറിഗേഷൻപ്രോജക്ടിൽനിന്നും വെള്ളം ഉപയോഗിക്കുന്നവരിൽനിന്നും ബററർമെൻറു ലെവി ഈടാക്കുന്നുണ്ട്. എന്നാൽ ഈ ഇറിഗേഷൻ പ്രോജക്ടുകൊണ്ട് യാതൊരു പ്രയോജനവും ഇല്ലാത്ത പാവപ്പെട്ട കൃഷിക്കാർപോലും ഈ ബെററർമെൻറു ലെവി കൊടുക്കേണ്ടിവരുന്ന പരിതഃസ്ഥിതിയാണ് ഇന്നുള്ളത്. കളക്ടർക്ക് അപേക്ഷ കൊടുത്താൽ ഇങ്ങനെയുള്ളവരെ ഒഴിവാക്കുന്നുണ്ടെങ്കിലും ഒരുതുള്ളി വെള്ളം പോലും ഉപയോഗിക്കാത്ത കൃഷിക്കാരൻ അപേക്ഷയിൽ സ്ററാമ്പ് ഒട്ടിച്ചു കൊടുക്കേണ്ടിവരുന്നു. അതുകാരണം പലരും വിഷമിക്കുകയാണ്. നെയ്യാററിൻകര ഇറിഗേഷൻ പ്രോജക്ടുകൊണ്ട് പ്രയോജനമില്ലാത്ത ആളുകളിൽനിന്നും യാതൊരു കാരണവശാലും ഈ ബെററർമെൻറു ലെവി ഈടാക്കാൻ പാടില്ലെന്നു വ്യക്തമായ നിർദ്ദേശം കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

അതുപോലെതന്നെ വനംവകുപ്പിൽനിന്നും മരച്ചീനിക്കൃഷിക്കും നെൽക്കൃഷിക്കും എല്ലാം ചില സൊസൈററികൾക്ക് കാൺട്രാക്ടുകൊടുക്കുന്നുണ്ട്. കാൺട്രാക്ടു കൊടുക്കുന്ന അവസരത്തിൽ ചില സ്ഥലങ്ങളിൽ കപ്പക്കൃഷിചെയ്താൽ ടണ്ണിന് 270 രൂപാ കിട്ടുമായിരുന്നു. ഇന്ന് 90 രൂപാ മാത്രമേ കിട്ടുകയുള്ളൂ. അങ്ങനെ എഗ്രിമെൻറുണ്ടാക്കിയ കാലത്തെ സ്ഥിതിയിൽനിന്നും ഇന്നു സ്ഥിതിക്ക് വ്യത്യാസമുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് അതുമൂലം ആർക്കെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അതു ഇളവുചെയ്തു കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്. നെൽക്കൃഷിചെയ്തിരുന്നവർക്കും വളരെയധികം നഷ്ടമുണ്ടായിട്ടുണ്ട്. അവരുടെ കാര്യവും പ്രത്യേകം പരിഗണിക്കണം. സർ, തിരുവനന്തപുരത്തെ

LIBRARY ARCHIVES Kerala Legislative Assembly

അവഗണിക്കുകയില്ലെന്നു ചില മെമ്പറൻമാർ ഉറപ്പു തന്നിട്ടുണ്ടെങ്കിലും അത് ഒന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുകയാണ്. ഈ ഗവൺമെൻറിന് ഈ ബില്ലു നടപ്പാക്കാൻ കഴിയുകയില്ല. നടപ്പാക്കുന്നതിന് ഇവർ കാണിക്കുന്ന മാർഗ്ഗങ്ങൾ വളരെ തെററായിട്ടുള്ളതാണ്. ഈ ഗവൺമെൻറ് ഉടലെടുത്തതുതന്നെ ഒരു രാഷ്ട്രീയ അനിശ്ചിതത്വത്തിൽ നിന്നുമാണ്. ഈ ഗവൺമെൻറ് ഉടലെടുത്തതിനുശേഷം ഭൂരിപക്ഷം ഉണ്ടാക്കുന്നതിനുവേണ്ടി നിയമസഭ നീട്ടിവച്ചു. ഏതാണ്ട് 70 ദിവസത്തോളം നീട്ടിവച്ചു. നവമ്പർ 17-ാം തീയതി കൂടാൻ തീരുമാനിച്ചിരുന്ന നിയമസഭ — നവമ്പർ 17-ാം തീയതി കൂടാമെന്നു പറഞ്ഞാണ് നമ്മൾ പിരിഞ്ഞത്. ഇന്നത്തെ ഗവൺമെൻറിന് ആളുകളെ ഉണ്ടാക്കുന്നതിനുവേണ്ടിയോ ഐവർജനിംഗ്സും ചാക്കും മററു പലതും ഉപയോഗിച്ചു. എന്തെല്ലാം ഉപയോഗിച്ചുവെന്ന് കൃത്യമായി പറയാൻ പററുകയില്ല. അങ്ങനെ പലവഴിക്കും ആളുകളെ ഉണ്ടാക്കാനുള്ള ശ്രമം നടത്തി. ആളുകളെ ഉണ്ടാക്കിക്കഴിഞ്ഞതിനുശേഷമാണ് നിയമസഭ വിളിച്ചുകൂട്ടിയത്. മററു പല സംഭവവികാസങ്ങളും നാം പത്രങ്ങൾവഴി അറിയുകയാണ്. ഇന്നുകാണുന്നു, ഇന്നലെ പത്രത്തിൽ കണ്ടു, നാളെയും കാണും. അങ്ങനെ രാഷ്ട്രീയ അനിശ്ചിതത്വത്തിന്റെ നിഴൽ ഈ ഗവൺമെൻറിനെ എന്നും ആവരണംചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറിനെ നിലനിറുത്താൻവേണ്ടി എന്തുതട്ടിപ്പും വൃത്തികേടും കാണിക്കുന്നുണ്ട്. അതു നിയമസഭയെക്കൊണ്ട് അംഗീകരിപ്പിക്കാനും നിയമസഭയെ അതിനുള്ള ഒരു ഉപകരണമാക്കിത്തീർക്കുന്നതിനും ഉള്ള നടപടികൾ നടത്തുന്നുണ്ട്. ഇങ്ങനെയെല്ലാം ചെയ്തുകഴിഞ്ഞതിനുശേഷം ചില ആളുകൾ വിശേഷിച്ചും കഴിഞ്ഞ ദിവസം നിയമസഭാനേതാവ് ഒരു പുതിയ രാഷ്ട്രീയ സിദ്ധാന്തവുമായി ഒരു പുതിയ തീസിസുമായി രംഗപ്രവേശം ചെയ്യുകയുണ്ടായി. സ്വതന്ത്രൻമാരെ നോക്കിയിട്ടദ്ദേഹം പറഞ്ഞു,—മന്ത്രിയാക്കാമെന്നു പറഞ്ഞുകൊണ്ട് തന്നെ സമീപിച്ച ആളുകളെ മുഖ്യമന്ത്രിയാക്കാമെന്നു പറഞ്ഞ് തിരിച്ചുവിളിച്ചു. ശ്രീമാൻ ചന്ദ്രസേനൻ പറഞ്ഞതിനെ ശ്രീമാൻ ദിവാകരൻ ഇവിടെ ആക്ഷേപിക്കുകയുണ്ടായി. സ്വതന്ത്രൻമാരോട് അദ്ദേഹത്തിനു വെറുപ്പാണ്, പുച്ഛമാണ്. ഒററക്കാര്യമേ എനിക്കു പറയാനുള്ളു. മാർച്ചു 17-ാം തീയതിക്കു ശേഷമല്ലേ ഈ എതിർപ്പുണ്ടായത്? ഞങ്ങൾ മറന്നിട്ടില്ല. സർ, ഞങ്ങളുടെ ഗവൺമെൻറ് ഇരുന്നപ്പോൾ ഞങ്ങളുടെ കക്ഷിയിൽപ്പെട്ട ശ്രീമാൻ കെ. എസ്. നായരെ ആദ്യം സ്വതന്ത്രൻമാരുടെ സീററിലേയ്ക്കു മാററുകയും പിന്നെ വലതുകമ്മ്യൂണിസ്ററു ബ്ലാക്കിൽ ഇരുത്തുകയും ചെയ്തു. അന്നു പുച്ഛം തോന്നിയില്ല. അതിനുശേഷം സഭാനേതാവിന്റെ പാർട്ടിയുടെ ഗവൺമെൻറിനെ നിലനിറുത്താൻ കക്ഷിമാററത്തെ പ്രോത്സാഹിപ്പിച്ചു. കാലുമാററക്കാരെ പ്രോത്സാഹിപ്പിച്ചു. അതിനു നേതൃത്വം കൊടുത്തു. അങ്ങനെ ഉണ്ടാക്കിയതാണ് ശ്രീ. അച്യുതമേനോൻ മന്ത്രിസഭ. മന്ത്രിസഭയെ പിൻതാങ്ങുന്ന വിൽസൺ ഏതു പാർട്ടിയിലായിരുന്നു? ശ്രീ. മജീദ് എങ്ങനെ അവിടെ വന്നു. അതുപോലെ ശ്രീ. എം. കെ. ജോർജ്ജ് ഇവരെല്ലാം നിങ്ങളുടെ പാർട്ടിയായിരുന്നോ? എന്നിട്ടു പറയുകയാണ് കാലുമാററക്കാരെ ഞങ്ങൾക്കു പുച്ഛമാണെന്ന്. ഇന്നലെവരെ പുച്ഛമല്ലായിരുന്ന തത്വത്തിന് ഇന്നു പുച്ഛമായി. വാളെടുത്തവൻ വാളാൽ മരിക്കണം. ഇവർ ഉണ്ടാക്കിയതാണ് ഈ സ്വതന്ത്രൻമാരുടെ പ്രസ്ഥാനം, കാലുമാററപ്രസ്ഥാനം. ഈ കാലുമാററംമൂലം നിങ്ങളുടെ ഭരണം വീഴും. നിങ്ങളുടെ ഭരണം വന്നതിനുശേഷമാണ് കക്ഷിമാററക്കാർക്കും കാലുമാററക്കാർക്കും രാഷ്ട്രീയപാർട്ടികളിൽനിന്നു രാജിവയ്ക്കുന്നവർക്കും സ്ഥാനവും മററാനു

കൂലങ്ങളും കിട്ടിയത്. എന്നിട്ടും ആദർശം പ്രസംഗിക്കുകയാണ്. ശ്രീ. ടി. കെ. ദിവാകരനും ശ്രീമാൻ ടി. വി. തോമസും ശ്രീ. എം. എൻ. ഗോവിന്ദൻനായരും എല്ലാവരും ആദർശം പ്രസംഗിക്കുകയാണ്. തിരഞ്ഞെടുപ്പിൽ കൂട്ടായി വോട്ടു വാങ്ങിവന്ന മന്ത്രിസഭയെ മറിച്ചിട്ടതിനുശേഷം നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പിനെ നേരിടുന്നതിനുപകരം പുതിയ മന്ത്രിസഭയുണ്ടാക്കി അതിനുഭൂരിപക്ഷം കിട്ടാൻ വേണ്ടി പല പാർട്ടികളിൽ നിന്നും പ്രലോഭനം നടത്തി കക്ഷിമാററം നടത്തി എല്ലാ വൃത്തികേടും കാണിച്ചതിനുശേഷം സ്വതന്ത്രൻമാരോടും കക്ഷിമാററക്കാരോടും പുച്ഛം കാണിച്ച് ഇത് ആദ്യം ഉണ്ടായതാണ് എന്ന തത്വവുമായി സഭാനേതാവ്, യാതൊരു വൃത്തികേടും കാണിക്കാത്ത ഭരണകക്ഷിയുടെ നേതാവുമായി അരങ്ങേററം നടത്തുകയാണ്—പത്രങ്ങൾ പ്രസിദ്ധീകരണം നടത്തും—നല്ലപിള്ള പുറത്താകും—വേശ്യയുടെ വേദമോതലാണ്.

തിരു—കൊച്ചിയിൽ ശ്രീ. പനമ്പള്ളി ഗോവിന്ദമേനവനാണ് ആദ്യം കാലുമാററത്തിനു പ്രേരണനടത്തിയത്. 1954—ൽ തുടങ്ങിയതായിരുന്നു അന്ന് ശ്രീമാൻ പനമ്പള്ളി ഗോവിന്ദമേനോൻ അന്നത്തെ പി. എസ്. പി. മന്ത്രിസഭയെ മറിച്ചിടുന്നതിനുവേണ്ടി കക്ഷിമാററി മെമ്പർമാരെ ഇരുത്തി. വേറെ ചില ആളുകളെ കക്ഷിമാററാൻ ഉള്ള ശ്രമങ്ങൾ നടത്തി. പുതിയ കോൺഗ്രസ്സ് മന്ത്രിസഭയുണ്ടാക്കി. എന്നാൽ ആ മന്ത്രിസഭ എത്ര കാലമിരുന്നു. അധികനാൾ ഇരിക്കാൻ കഴിഞ്ഞില്ല. ശ്രീ. പനമ്പള്ളി കാലുമാററത്തിനു പ്രോൽസാഹിപ്പിച്ചു. അദ്ദേഹത്തിന്റെ കൂടെ നിന്നവർ അവരുടെ ആവശ്യത്തിനു കാലുമാറി മന്ത്രിസഭ താഴെ വീണു. കാലുമാററക്കാർ നിയമസഭാ ഹാളിനുചുററും കറങ്ങിയടിച്ചുനടന്നു. അസംബ്ലിയിൽ കയറിയില്ല. അങ്ങനെ മന്ത്രിസഭ പോയി. പിന്നെ നടന്നത് ഐവർജന്നിംഗ്സുമായിട്ടാണ്. നാട്ടുകാരെ ഞങ്ങൾ രാജി വയ്ക്കുന്നില്ല. വിശ്വാസവോട്ടിൽ തോററ മന്ത്രിസഭ രാജി വയ്ക്കണമെന്ന് ഐവർജന്നിംഗ്സ് പറഞ്ഞിട്ടില്ല. അതുകൊണ്ടു രാജിവയ്ക്കുന്നില്ല.. തിരഞ്ഞെടുപ്പിൽ ഞങ്ങൾക്കു വോട്ടുതരണം. ജനങ്ങൾ വോട്ടുകൊടുത്തില്ല. അതുകഴിഞ്ഞതിനുശേഷം ശ്രീമാൻ പനമ്പള്ളി ഗോവിന്ദമേനോന് ഈ നിയമസഭയ്ക്കകത്ത് കാലുകുത്താൻ കഴിഞ്ഞിട്ടില്ല. ഈ മന്ത്രിസഭയ്ക്കും അതാണു വരാൻപോകുന്നത്. ഈ മന്ത്രിസഭയ്ക്കെതിരായി ഉപജാപങ്ങൾ നടത്തുന്നു എന്നിവിടെ പറഞ്ഞു. ഞങ്ങൾ തുറന്നു പറയുന്നത് അതാണ്. ഈ മന്ത്രിസഭയെ അധികാരത്തിൽ നിന്നു മാററുക എന്നത് ഞങ്ങളുടെ നയമാണ്—ഞങ്ങൾ അതുചെയ്യും.. നിങ്ങൾവന്ന വളഞ്ഞവഴിയെ ഞങ്ങൾ അനുകൂലിക്കുന്നില്ല. ഐക്യമുന്നണിയിൽക്കൂടിവന്ന ആളുകൾ പ്രതിപക്ഷവുമായി ചേർന്നുനിന്നുകൊണ്ട് അവരുടെ പരിപാടി നടപ്പിലാക്കാൻ വന്നവരാണ് എന്നു നാണമില്ലാതെ പറയുന്നു. ഏതായാലും ഇവർ അധികാരത്തിൽ വന്നതിനുശേഷം പ്രലോഭനങ്ങൾ നൽകി എം. എൽ. എ. മാരെ കക്ഷിമാററി ഭൂരിപക്ഷമുണ്ടാക്കി—അതുതകർന്നു എന്നുകണ്ടപ്പോൾ സഭാനേതാവ് ആദർശധീരനായി—ഇതുവരെ ഉരിയാടാത്ത ആദർശം എന്ത് ആദർശവാൻമാരാണെന്നോ ഈ സഭാനേതാവ് ഉൾക്കൊള്ളുന്ന ഭരണകക്ഷി—സ്വതന്ത്രൻമാരെ പുച്ഛരിക്കാതെന്തുചെയ്യും. ശ്രീമാൻ ലൂയിസിനെ പുച്ഛരിക്കാതെന്തുചെയ്യും. ശ്രീമാൻ ലൂയിസിന്റെ സ്വീകരണത്തെപ്പററിയും പറയുന്നതുകേട്ടു. അതെപ്പററി ഞാൻ പിന്നാലെ പറഞ്ഞുകൊള്ളാം. ശ്രീമാൻ ദിവാകരൻ പ്രസ്ഥാനങ്ങളുണ്ടായതും അതിന്റെ വളർച്ചയെപ്പററിയും അതിന് അദ്ദേഹം കൈക്കൊണ്ട നടപടികളെസംബന്ധിച്ചും പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വയലാറിനെപ്പററി പറഞ്ഞു, പുന്നപ്രയെപ്പററി പറഞ്ഞു. അങ്ങേയററം പാണ്ടനാടുവരെ പറഞ്ഞു. അസാധാരണധീരൻമാരായ സഖാക്കളുടെ ത്യാഗോജ്ജ്വലമായ മരണം പറഞ്ഞുകൊണ്ട് അദ്ദേഹം ദു:ഖിച്ചു. വയലാർ ഉൾപ്പെടെ വഞ്ചിക്കപ്പെട്ട വേണാടിന്റെ കഥകളൊന്നും ഞാൻ പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. പാണ്ടനാട്ട് രക്തസാക്ഷികളെ ഉണ്ടാക്കി എന്നു പറയുന്ന ദിവാകരൻ അവരെ വെടിവച്ചുവീഴ്ത്താൻ കൂട്ടുനിന്നിട്ട് മന്ത്രിസഭയുടെ നേതാവായിഇരുന്നുകൊണ്ടാണ് ഈ അസാധാരണധീരൻമാരെയും ഈ പ്രസ്ഥാനത്തെയും പററി ദു:ഖിക്കുന്നത്. വെടിവെച്ചിട്ട് ഗവൺമെൻറിൻെറ നടപടികളെപ്പററി ഒരക്ഷരം മിണ്ടാനില്ല. തൻെറ കക്ഷിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയല്ലേ. കാഞ്ചി വലിച്ചു വെടിവച്ചത് ഞങ്ങളാണെന്നു പറയുന്നതിൽ നന്ദിയുണ്ട്. ഈ മന്ത്രിസഭ പോകേണ്ടതാണ്. ഈ മന്ത്രിസഭ ഇന്നുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? മന്ത്രി സഭ നിലനിറുത്തുന്നതിനുവേണ്ടി ചെയ്യരുതാത്തത് ചെയ്തിട്ടുള്ള വേറെ ഒരൊററ മന്ത്രിസഭയും കാണുകയില്ല. ഞാൻ മുമ്പുപറഞ്ഞതുപോലെ അതിനുവേണ്ടി നമ്മുടെ നിയമസഭയെപ്പോലും ഉപകരണമാക്കുന്നതിനുള്ള ശ്രമംനടത്തി. മന്ത്രിസഭയുണ്ടാക്കിക്കഴിഞ്ഞതിനു ശേഷം നിയമസഭാ സമ്മേളനം നീട്ടിവച്ച് നീട്ടിവച്ച് അനിശ്ചിതകാലത്തേക്ക് നീട്ടിവച്ചു. ഭൂരിപക്ഷം ഉണ്ടാക്കുന്നതിനാണ് സമ്മേളനം നീട്ടിവച്ചത്. അങ്ങനെ ഭൂരിപക്ഷം ഉണ്ടാക്കി. എന്നിട്ട് നിയമസഭ വിളിച്ചുകൂട്ടി, പിരിച്ചുവിട്ടു. ശ്രീമാൻ ടി. കെ. ദിവാകരൻ പറഞ്ഞത് ജനാധിപത്യസിദ്ധാന്തം ആണെന്നും നിങ്ങൾ പറയുന്ന ജനാധിപത്യ സിദ്ധാന്തമാണെന്നും പറഞ്ഞ് ഞങ്ങൾ അംഗീകരിക്കുകയില്ല. വിശ്വാസവോട്ടു അവതരിപ്പിച്ചിട്ട് നിയമസഭ അതെപ്പററി ചർച്ച ചെയ്യാതെ മൂന്നുനാലു ദിവസത്തേയ്ക്ക് മാററിയതെന്തിനാണെന്നു പറയുന്നോ ഇത് വലിയ ജനാധിപത്യ സിദ്ധാന്തമാണെന്നാണ് ശ്രീമാൻ എം. എൻ. അടക്കമുള്ളവർ പറയുന്നത്. എന്തിനാണ് ഇങ്ങനെ നിയമസഭ മാററിവച്ചത് എന്ന്?—ഒരു വിശ്വാസപ്രമേയം വരികയാണെങ്കിൽ ഏററവും വേഗം അതുചർച്ചചെയ്തു വോട്ടിനിടുകയാണ് പതിവ്. അതുചെയ്തില്ല. നാലുദിവസം മാററിവച്ചു. 18-ാം തീയതി കൊണ്ടുവന്ന പ്രമേയം 23-ാം തീയതിയാണ് വോട്ടിനിട്ടത്. അതുകഴിഞ്ഞതിനുശേഷം എല്ലാ സ്വതന്ത്രൻമാരും ചൊപ്പടിക്കു കിട്ടുന്നില്ല. എന്നായപ്പോൾ ഇവിടെ സ്വതന്ത്രൻമാരെ പുച്ഛത്തോടുകൂടി സംസാരിച്ചു. ഡോക്ടർ ജോർജുതോമസിൻെറ ജൂബയുടെ കീശയിലും ശ്രീമാൻ ലൂയിസിൻെറ ട്രൗസറിൻെറ കീശയിലും തപ്പിനടക്കേണ്ട രാഷ്ട്രീയാധ:പതനം മാർക്സിസ്ററുപാർട്ടിക്ക് വന്നു എന്നു ശ്രീമാൻ ദിവാകരൻ പറയുന്നതുകേട്ടു. മാർക്സിസ്ററുപാർട്ടിക്ക് അത്രയൊന്നും അധ:പതനം വന്നുപോയിട്ടില്ല. ശ്രീമാൻ ദിവാകരനും ശ്രീമാൻ ബേബിജോണും ശ്രീമാൻ എം. എൻ. ഗോവിന്ദൻനായരും ശ്രീമാൻ ടി. വി. തോമസും ശ്രീ. മുഹമ്മദുകോയയും ഒക്കെയാണ് കഴിഞ്ഞകാലത്ത് ശ്രീമാൻ ലൂയിസിൻെറ ട്രൗസറിൻെറ പോക്കററിലും കോട്ടിൻെറ അററത്തും ഒക്കെ പിടിച്ചു തൂങ്ങി ഈ രാജ്യത്ത് രാഷ്ട്രീയാനിശ്ചിതത്വം ഉണ്ടാക്കുന്നതിന് സൽക്കരിച്ചും സ്വീകരിച്ചും നടന്നത്. ഞങ്ങളാരെങ്കിലും ഈ സൽക്കാരത്തിൽ പങ്കെടുത്തുവെന്ന് ഇവർക്കു പറയാൻ കഴിയുമോ, ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയക്ക് പറയാൻകഴിയുമോ മസ്ക്കററ് ഹോട്ടലിൽപോയി ശ്രീമാൻ ലൂയിസിൻെറ സൽക്കാരം സ്വീകരിച്ചില്ലെന്ന്? മരിച്ചുപോയ കുരിക്കൾക്കു പറയാൻകഴിയുമോ? ഇവരൊക്കെ ശ്രീമാൻ ലൂയിസിൻെറ സൽക്കാരവും പേറി മന്ത്രിസഭ മറിച്ചിടാൻ നടന്നു. ഇന്നും നിങ്ങളുടെ ഭരണകക്ഷിയിൽപ്പെട്ടവർതന്നെ സൽക്കാരം വാങ്ങുന്നു, പണം വാങ്ങുന്നു, ബാദ്ധ്യതപ്പെടുന്നു. മന്ത്രിസഭ മറിക്കുന്നതിനുള്ള ശ്രമങ്ങളെല്ലാം നടത്തി. അതുകഴിഞ്ഞതിനുശേഷം ആദർശശാലികൾ പറയുകയാണ് സ്വതന്ത്രൻമാർ ഈ രാജ്യത്തുപാടില്ല, കക്ഷിമാററൽ ഈ രാജ്യത്തു പാടില്ല എന്ന്. അടുത്തകാലത്ത് ശ്രീമാൻ ചവറൻ നെഞ്ചത്തടിച്ചു കക്ഷിമാററത്തെപ്പററി പറയുന്നതു കേട്ടു. ഞങ്ങൾ കക്ഷിമാറാൻ നടന്നില്ല. നിങ്ങൾ തുടങ്ങി—അതു തുടരും. ഈ മന്ത്രി സഭ വീഴുന്നതു നിങ്ങളുടെ ഭരണകക്ഷികളിൽ പെട്ടവർ തന്നെ രണ്ടാകും—മൂന്നാകും—അങ്ങനെ പോകുന്നു. നിങ്ങളുടെ കക്ഷിയിൽപെട്ടവർ കക്ഷികൾ ഉണ്ട

LIBRARY ARCHIVES Kerala Legislative Assembly

കാൻ പ്രേരിപ്പിച്ചു. കൂടുതൽ കക്ഷികൾ ഉണ്ടാക്കി. അതിൽ ചിലരെ സ്ഥാനത്തും അസ്ഥാനത്തും പുകഴ്ത്തി. പാർട്ടികളുടെ നേതാക്കൻമാരെ ധിക്കരിക്കാൻ സഹായിച്ചു. കൂട്ടുനിന്നു. അങ്ങനെയാണ് ഈ മന്ത്രിസഭ ഉടലെടുത്തതുതന്നെ. ഇപ്പോൾ ഈ മന്ത്രിസഭയുടെ അസ്ഥിവാരം: തകർന്നു വീണുകൊണ്ടിരിക്കുന്നു. അങ്ങനെ തകർന്നു വീഴുന്ന ഈ മന്ത്രിസഭയെ എടുത്ത് ഒരു തൂണിൽ നിറുത്തുന്നതിനുള്ള ശ്രമമാണ് നിങ്ങൾ ഇപ്പോൾ ചെയ്യുന്നത്. ആ ശ്രമം വിജയിക്കില്ല. ശ്രീമാൻ എം. എൻ. ഗോവിന്ദൻനായർ ബംഗാളിനെപ്പററി പറഞ്ഞു. അദ്ദേഹത്തിന് ബംഗാളിനെ പുച്ഛമാണ്, കേരളത്തെ പുച്ഛമാണ്, മാർക്സിസ്ററു പാർട്ടിയെയും പുച്ഛമാണ് ബംഗാളിനെപ്പററി ശ്രീമാൻ ദിവാകരനും പറഞ്ഞു. അതാണ് ഇതിലും കഷ്ടം. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. ഇവിടെ കുറുമുന്നണി ഉണ്ടാക്കിയതിനെപ്പററി ബാസു പറഞ്ഞിട്ടുണ്ട്. ബംഗാളിലും കേരളത്തിലും ഒരുപോലെയുള്ള രാഷ്ട്രീയസ്ഥിതിഗതിയായിരുന്നോ? ശ്രീമാൻ ദിവാകരൻ ഇത് അദ്ദേഹത്തിന്റെ പാർട്ടിയിൽച്ചെന്ന് ഒന്നു പറയണം. ഇപ്പോൾ സെൻട്രൽക്കമ്മിററി യോഗം കൂടാൻ പോകുകയാണല്ലോ. അവിടെപ്പോയി ഇതു പറയണം. ബംഗാളിൽ അജയ്മുക്കർജിയെ മുഖ്യമന്ത്രിസ്ഥാനത്തുനിന്ന് മാററുന്നതിന് മാർക്സിസ്ററുപാർട്ടി ഒരുകാലത്തും നിന്നിട്ടില്ല. ഐക്യമുന്നണി അതുപോലെ തുടരണമെന്നാണ് മാർക്സിസ്ററുപാർട്ടി പറഞ്ഞത് അതിന് എതിര് അജയ്മുക്കർജിയാണ് നിന്നത്. കേരളത്തിലെ സ്ഥിതി അവിടെ ആവശ്യമാണെന്നു ചിത്രീകരിക്കുന്ന ശ്രീമാൻ എം. എന്. ഇതാവശ്യമാണ്. കേരളത്തിലെ സ്ഥിതി ബംഗാളിലേതായിരുന്നില്ല. ഇവിടെ മന്ത്രിസഭയെ തകർക്കലായിരുന്നു. അതിനുശേഷം പറയുകയാണ്. പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല' എന്ന്. അതിനു ശേഷം പറയുകയാണ് ഇ. എം. എസിന് ജനപിന്തുണയില്ലെന്ന്. ഞങ്ങൾ ഇപ്പോഴും നിയമസഭയിൽനിന്ന് ഉറപ്പിച്ചു പറയുന്നു ഞങ്ങൾ പാർലമെൻററി ജനാധിപത്യം മാത്രമേ ഞങ്ങളുടെ പാർട്ടി പ്രവർത്തനത്തിൽ നടപടിക്രമമായി ഉപയോഗിക്കൂ എന്ന്. ആർക്കും ഉറപ്പുകൊടുത്തിട്ടില്ല. പാർലമെൻററി സംപ്രദായം നിങ്ങൾ ഉപയോഗിക്കുന്നതുപോലെ ഞങ്ങളും ഉപയോഗിക്കും. തുടരാൻ അനുവദിക്കുന്ന കാലത്തോളം തുടരും. നിങ്ങൾ കാണിക്കുന്നതുപോലെ ഞങ്ങളും അൽപ്പം കാണിച്ചുതുടങ്ങിയപ്പോൾ നിങ്ങൾക്ക് വേവലാതിയായി, പരാതിയായി. ഒരൊററക്കാര്യമേ എനിക്കു പറയാനുള്ളു.. ഞങ്ങൾക്ക് പൊതുജനപിന്തുണ നഷ്ടപെട്ടു. നഷ്ടപ്പെട്ടാലും ഞങ്ങൾ ഒരു പൊത തിരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണ്. അതിനുവേണ്ടി' ഞങ്ങൾ ശ്രമിക്കുകയാണെന്ന് അപ്പുറത്തു നിന്ന് എല്ലാവരും പറയുന്നതുകേട്ടു. ശ്രീ. ബി. മാധവൻനായരും പി. കെ. രാഘവനും മാർക്സിസ്ററുകാരുമായി ഐക്യം ഉണ്ടാക്കുന്നതിനെപ്പററി അവരുടെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ പഴയകാലത്ത് ഐക്യവിരോധികളായിരുന്നില്ല. ഐക്യം എന്നുള്ളത് പെട്ടെന്ന് ഉണ്ടാകുന്നതല്ല. ഐക്യം നശിപ്പിച്ചവരാണ് നിങ്ങൾ. ഞങ്ങൾ ഞങ്ങളുടെ വർഗ്ഗത്തിന്റെ താൽപ്പര്യത്തിനുവേണ്ടി നിന്നു. അതിനുവേണ്ടിയാണ് കമ്മ്യൂണിസ്ററുപാർട്ടി 1964-ൽ രണ്ടായി പിളർന്നപ്പോൾ പുതിയ പാർട്ടി ഞങ്ങളുണ്ടാക്കിയത്. ഈ നാട്ടിലെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഇവിടെ എന്തു മർദ്ദനം നടത്തിയാലും ഞങ്ങൾ അവരുടെ താൽപ്പര്യത്തിനുവേണ്ട് നിൽക്കും. ഈ മന്ത്രിസഭ വന്നുകഴിഞ്ഞതിനുശേഷം 22 പേരെ നിങ്ങൾ കൊലപ്പെടുത്തി ഞങ്ങളുടെ പാർട്ടിയിൽനിന്ന്. ഇതുപറയുമ്പോൾ പറയും ഞങ്ങൾ ആളെ കൊടുക്കാൻ നടക്കുകയാണെന്ന്.

ഇത്തരത്തിൽ മർദ്ദനം നടത്തി ഈ രാജ്യത്തെ ജനങ്ങളെ തല്ലിക്കൊന്ന് ഈ നാട്ടിലെ ജനങ്ങളുടെ താൽപ്പര്യങ്ങളെ ബലികഴിക്കുന്ന ഒരൊററ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

യോടും ഞങ്ങൾക്ക് ഐക്യമില്ല. അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ കൂടെയാണ് ഞങ്ങൾ നിൽക്കുന്നത്. കഴിഞ്ഞകാലത്തെ ഗ്യാലറിയുടെ കഥ അറിയാം. ചിലപ്പോൾ ഇവിടെ ചിലർ കഥ പറയുമല്ലോ. 'രാമൻ നല്ലവനാണ്, രാമൻ പാഠങ്ങൾ പഠിക്കും പക്ഷെ ജയിക്കുകയില്ല.' രാമൻ ജയിക്കുമെന്നു പറഞ്ഞിട്ടില്ല എന്നു ഞാൻ പറയുകയാണ്. രാമൻ നല്ലവനാണ്, രാവിലെ ഉണരും—പഠിക്കും എല്ലാക്ലാസ്സിലും ജയിക്കും പക്ഷെ അണ്ട തൊടുകയില്ല. മുകളുവരെ കയറും അണ്ട തൊടാതെ ഇറങ്ങിപ്പോരും. ഞങ്ങൾ ജനങ്ങളുടെ കൂടെ നിൽക്കും. ജനങ്ങൾക്ക് വേണ്ടി സമരം ചെയ്യും ഞങ്ങൾ അവരുടെ താൽപ്പര്യമനുസരിച്ചുള്ള നിയമങ്ങൾ ഉണ്ടാക്കി. ഞങ്ങൾ ഉണ്ടാക്കിയതാണ് കാർഷികപരിഷ്ക്കരണനിയമം. ആ ഗവൺമെന്റിനെ തകിടം മറിച്ച ആളുകൾ പറയുകയാണ് ഞങ്ങൾ ആണ് ഇതൊക്കെ ചെയ്തതെന്ന്. ആരുടെ ചുടലയിൽ നിന്നുകൊണ്ടാണ് നിങ്ങൾ ഉണ്ടാക്കാൻ പോകുന്നത്. ആനുകൂല്യം കിട്ടേണ്ട വിഭാഗക്കാരുടെ ചുടലയിൽ നിന്നുകൊണ്ടാണ്. കെ. എം. ജോർജിന്റെയും അതുപോലെയുള്ള പിന്തിരിപ്പൻ സ്ഥാപിതതാൽപര്യക്കാരുടെയും ഈ ഗവൺമെന്റിനെ നിലനിറുത്തുന്നതിനുവേണ്ടി ഒരിക്കലും വരാത്തവരുടെയും കൂട്ടുവേണമെന്നാണ് പറയുന്നത്. പണക്കാരൻ, നാട്ടുപ്രമാണി, ജൻമി—മുതലാളി, ഗുണ്ടാ കൂട്ടുകെട്ടിന്റെ ഈ ഗവൺമെന്റ് ഒരു തട്ടിപ്പ് സർക്കാർ ആണെന്ന് ഞാൻ ആരോപിക്കുകയാണ്. ചെയ്തത് പറയാൻ ധൈര്യമില്ലാത്ത സർക്കാർ, നിങ്ങൾ ഇറങ്ങി പോകണം; നിങ്ങൾ ഇരുന്നുകൂടാ, നിങ്ങൾ രാജി വയ്ക്കണം. നിയമസഭയെ മറികടന്നുകൊണ്ടുള്ള പ്രവർത്തനങ്ങളെ കേരളത്തിലെ ജനത സമ്മതിക്കുകയില്ലെന്ന കാര്യം നിങ്ങളുടെ ഓർമ്മയിലിരിക്കട്ടെ.

ശ്രീ. കെ. കെ. അണ്ണൻ: സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ എതിർക്കുകയാണ്. കാരണം ഈ ബിൽ പാസ്സാക്കിതന്നുകൂടായെന്നു നിർബന്ധമുള്ളതുകൊണ്ടാണ്. എന്തുകൊണ്ടെന്നാൽ ഈ അപ്രോപ്രിയേഷൻ ബില്ലുമുഖേന ഗവൺമെന്റു ഈ നിയമസഭാസാമാജികൻമാരോട് ഒരു അഭ്യർത്ഥനയാണു വച്ചിരിക്കുന്നത്. അതായത് കേരളത്തിലെ ജനങ്ങൾ രണ്ടു ചേരിയായി തിരിഞ്ഞിരിക്കുകയാണ്. ജനാധിപത്യമെന്നും ഫാസിസമെന്നും ചേരിമാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഫാസിസത്തിന്റെ ഒരു ഭരണകൂടം നിലവിലുണ്ട്. ഈ ഭരണകൂടം ജനാധിപത്യവിഭാഗത്തിന്റെ ചേരിയെ മർദ്ദിക്കുന്നതിനുവേണ്ടി ഉള്ള തോക്കും വടിയും ഉണ്ടാക്കുന്നതിനുള്ള പണം നിങ്ങൾ തരണമെന്നാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. അത്തരം ഒരു സ്ഥിതിവിശേഷത്തിൽ ഈ രാജ്യത്തെ ജനങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി പണം പാസാക്കികൊടുക്കുക എന്നു പറയുന്നതിനോടു യോജിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും ഇങ്ങനെയുള്ള ഗവൺമെന്റിനെ അധികാരത്തിൽ തുടരുന്നതിന് അനുവദിക്കുവാൻ പാടില്ലാത്തതുകൊണ്ടുമാണ്, എതിർക്കുകയാണ് എന്നു പറയുവാനുള്ള കാരണം. ഇക്കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ ഇവിടെ നടന്നിട്ടുള്ള സ്ഥിതിഗതികളെസംബന്ധിച്ച് ആകമാനം പരിശോധിക്കുന്നതിനു സമയമില്ലാത്തതുകൊണ്ട് അത്രയധികം ദീർഘമായി അതിലേക്ക് ഞാൻ കടക്കുന്നില്ല. ഏററവും ചെറിയ ഒന്നു രണ്ടു ഉദാഹരണങ്ങൾ മാത്രം ഈ സഭയുടെ മുമ്പിൽ വയ്ക്കുവാനേ ആഗ്രഹിക്കുന്നുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി മർദ്ദനങ്ങളുടെ കഥകൾ ഈ സഭയിൽ വിവരിക്കുകയുണ്ടായിട്ടുണ്ട്. അതു നിഷേധിക്കുവാൻ സാധ്യമല്ല. മാത്രമല്ല, അത്തരം കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് അംഗീകരിക്കുമോ? എന്നുമാത്രമല്ല അതു ന്യായമല്ലെന്ന് വരുത്താനുള്ള ശ്രമവും നടത്തിയെന്നുള്ളതാണ് വസ്തുത. മററൊന്ന് എന്തെല്ലാം നികൃഷ്ടമായിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചും കൈയിൽ കിട്ടിയ അധികാരം തുടരുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഏതു മാർഗ്ഗവും സ്വീകരിക്കുന്ന ഗവൺമെൻറാണിത്. അതേ സമയത്ത് പ്രതിപക്ഷത്തിനു മറെറാരു സ്വഭാവമുണ്ട്. എന്താണ് ആ സ്വഭാവം? അധികാരത്തിൽ കയറുന്നതിനു വേണ്ടി കടിപിടികൂടുന്ന സ്വഭാവം അവർക്കുമുണ്ടെന്നുള്ളത് വിസ്മരിക്കുവാൻ ആഗ്രഹിക്കുന്നില്ല. മൂന്നു ഗ്രൂപ്പുകൾ ഇപ്പോൾ നിയമസഭയിൽ ഉണ്ട്. ഭരിക്കുന്ന കക്ഷി, പ്രതിപക്ഷം, നിഷ്പക്ഷം ഈ മൂന്നു ഗ്രൂപ്പുകളും കൂടി അങ്ങോട്ടും ഇങ്ങോട്ടും എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടു നിൽക്കുന്ന സ്ഥിതിവിശേഷത്തിൽ നാം എത്തിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ എനിക്കു പറയുവാനുള്ളത്, കഴിഞ്ഞ ഏതാനും മാസങ്ങളിൽ നിങ്ങൾ ചെയ്തിട്ടുള്ള അക്രമങ്ങളെ സംബന്ധിച്ചും പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ചും ഈ രാജ്യത്തെ ജനങ്ങളോട് നിങ്ങൾ കണക്കു പറയേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നാണ്. ഏതാനും ദിവസത്തിനുമുമ്പ് ഇവിടെ നിയമസഭാസാമാജികൻമാരെ നിങ്ങൾ കൈയേററം ചെയ്തതിനെ സംബന്ധിച്ച് പ്രതിപക്ഷം ഇവിടെനിന്ന് കുററപ്പെടുത്തി. എന്നുപറഞ്ഞാൽ അപ്പീൽ കോടതിയിൽ ആണ് നിൽക്കുന്നതെന്നു നിങ്ങൾ മനസ്സിലാക്കണമെന്ന് ഓർമ്മപ്പെടുത്തുകയാണ്. അതായത് ബഹുജനങ്ങളുടെ അപ്പീൽ കോടതിയിൽ ആണ് നിങ്ങൾ നിൽക്കുന്നതെന്ന്. കേരളത്തിലെ ബഹുജനങ്ങൾ നിങ്ങളെ പ്രതിക്കൂട്ടിൽ കയററിയിരിക്കുകയാണ്. അവിടെവച്ച് നിങ്ങളെ ശിക്ഷിക്കപ്പെടാൻ പോകുകയാണ്, സംശയമില്ല. അതുകൊണ്ട് ഈ രാജ്യത്ത് അന്തസ്സായി ജീവിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും നിങ്ങൾ ചെയ്തിട്ടുള്ള തെററുകൾ കഴിയുംവേഗം ഏററുപറയുകയും ആ തെററുകൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഇത്രയും പറഞ്ഞതിനു പ്രത്യേകമായി ഒരു ഉദാഹരണം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്.. ഈ പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ വയനാട്ടിൽ ഉണ്ടായ സംഭവങ്ങൾ ശ്രീ. കെ. പി. ആറും, ഞാനും പ്രതിപക്ഷവും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. അടുത്തകാലത്തെങ്ങും ഇങ്ങനെ മനുഷ്യക്കൊല കേരളത്തിൽ മാത്രമല്ല ഇൻഡ്യയിൽ എവിടെയും ഉണ്ടായിട്ടില്ല. മനുഷ്യനെ പിടിച്ച് ജീവനോടെ എന്തെല്ലാം ചെയ്യാൻ കഴിയുമോ ആ രീതിയിൽ എല്ലാം ചെയ്തതിനുശേഷം ജീവിക്കുകയില്ലെന്ന് ബോധ്യമായതിനുശേഷം ഡോക്ടരെക്കൊണ്ട് പരിശോധിപ്പിച്ച് ഡോക്ടരുടെ അഭിപ്രായം രേഖപ്പെടുത്തിയതിനുശേഷം വെടിവച്ചുകൊന്ന ഈ സർക്കാറിനെ സർക്കാർ എന്നു പറയുന്നത് സഹിക്കുവാൻ ഒക്കുകയില്ല. ഈ മഹാകൃത്യം, ഇത്രയും ധിക്കാരം, ചെയ്ത സർക്കാർ അധികാരത്തിൽ ഇരിക്കുവാൻ പാടില്ല, അവർക്ക് പണം അനുവദിച്ചുകൊടുക്കുവാൻ പാടില്ല. ഇങ്ങനെ കൈയേററങ്ങൾക്ക് വേണ്ടി പണം പാസ്സാക്കി തരാൻ അഭ്യർത്ഥിക്കുന്ന ഈ ബില്ലിനെ എതിർക്കുന്നു. ഈ ബിൽ പാസ്സാക്കാൻ പാടില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, സാധാരണ ഗവൺമെൻറിനെ പ്രതിപക്ഷം എതിർക്കുന്നതാണ് കണ്ടിട്ടുള്ളത്. ഇവിടെയും അങ്ങനെയാണ് കണ്ടിട്ടുള്ളത്. പക്ഷെ ഭരണകക്ഷിതന്നെ ഇപ്പോൾ ഗവൺമെൻറിനെ എതിർക്കുന്ന പരിപാടികൾ തകൃതിയായി തയാറാക്കിയിരിക്കുന്നുവെന്നാണ് ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ള വാർത്തകളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ദിവാകരൻ പറഞ്ഞു വ്യക്തമായിട്ടുള്ള ഒരു തീരുമാനമെടുത്തുകഴിയുകയും ചെയ്തിരിക്കുകയാണെന്ന്. അതിൻെറ വെളിച്ചത്തിൽ ഇന്നല്ലെങ്കിൽ നാളെ, അല്ലെങ്കിൽ പിറെറ ദിവസം, ഈ മന്ത്രിസഭ രാജിവയ്ക്കും. അതിനെസംബന്ധിച്ചിടത്തോളം വന്നിട്ടുള്ള പത്രവാർത്തകൾ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

''വളരെ നേരിയ ഒരു ഭൂരിപക്ഷമേ അസംബ്ലിയിൽ ഉള്ളുവെന്ന സ്ഥിതിക്ക് അച്യുതമേനോൻ മന്ത്രിസഭ രാജി വയ്ക്കുകയാണ് നല്ലതെന്ന് ഒരു അഭിമുഖ സംഭാഷണമദ്ധ്യേ ശ്രീ. തൃദീപ്കുമാർ ചൗധിരി നിങ്ങളുടെ ലേഖകനോട് പ്രസ്താവിച്ചു. വിശ്വാസവോട്ട് നിയമസഭ പാസ്സാക്കിക്കഴിഞ്ഞതു കൊണ്ട് ബഡ്ജററ് അംഗീകരിച്ചുകഴിഞ്ഞശേഷം മന്ത്രിസഭ രാജിവയ്ക്കുന്നത് മുന്നണിയെപ്പററിയുള്ള മതിപ്പു വർദ്ധിപ്പിക്കുകയേ ഉള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. കാൺഗ്രസിലെ ഇരുവിഭാഗങ്ങളെയും കാലുമാററക്കാരെയും ആശ്രയിച്ചു നിൽക്കുന്ന ഗവൺമെൻറിന് ദീർഘായുസ് കാണുകയില്ലെന്ന് ശ്രീ. ചൗധിരി പറഞ്ഞു'' കൂടുതൽ വായിക്കുന്നില്ല. അതിന്റെ എല്ലാം വെളിച്ചത്തിൽ ഈ ഗവൺമെൻറ് നിലനിൽക്കുകയില്ലെന്നുള്ള വസ്തുത എന്റെ സ്നേഹിതൻ ശ്രീ. മൊറായിസ് എങ്കിലും ഈ അവസരത്തിൽ ഓർക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കാരണം പല സ്വതന്ത്രമെമ്പറൻമാരും ഈ ഗവൺമെൻറ് നിലനിൽക്കണമെന്നു കരുതി ആ ഭാഗത്ത് മാറിനിന്നുകൊണ്ട് ഈ മാതിരിയുള്ള അനുകൂല നടപടികൾ സ്വീകരിച്ചതാണ്. ഇപ്പോൾ ഈ പാർട്ടി തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ എങ്ങനെയൊക്കെയാണെങ്കിലും ഈ ഗവൺമെൻറ് രാജി വയ്ക്കും എന്നുള്ള സ്ഥിതിയിലേക്ക് എത്തിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രതീക്ഷ നമ്മെ സംബന്ധിച്ചിടത്തോളം ആവശ്യമുണ്ടെന്ന് കരുതുന്നില്ല. പിന്നെ ഇനിയൊരുമാററം വരുത്തണമെങ്കിൽ എന്റെ സ്നേഹിതൻ കരുണാകരന്റെ പാർട്ടി സഹായിക്കുകയില്ലെന്ന് പറയണം. ഒന്നുകിൽ കരുണാകരന്റെ പാർട്ടിയുടെ പിന്തുണ, അല്ലെങ്കിൽ ദിവാകരന്റെ പാർട്ടിയുടെ പിന്തുണ, ഈ നിലയിൽ രണ്ടും കൂടി ബന്ധപ്പെട്ടു പോകാത്ത സാഹചര്യത്തിൽ നിശ്ചയമായിട്ടും ഈ ഗവൺമെൻറ് തകരുമെന്നുള്ളതിൽ സംശയമില്ല. ഈ ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന ചില അഭിപ്രായങ്ങളും സംശയങ്ങളും ഇല്ലാതെ വരുകയാണ്.

എന്റെ സ്നേഹിതൻ ശ്രീ. മാധവൻനായർ സംസാരിച്ചപ്പോൾ പോലീസുകാരുടെ കാര്യത്തിൽ മുതലക്കണ്ണീർ ഒഴുക്കുകയുണ്ടായി. അദ്ദേഹം ഒന്ന് ഓർമ്മിക്കുവാനുള്ളത്, ഈ പോലീസുകാരന്റെ അവശതകളെപ്പററി നിവേദനവുമായിചെന്ന എന്റെ സ്നേഹിതൻ രാമുണ്ണിയോട് മുഖ്യമന്ത്രി പറഞ്ഞത്, നിങ്ങൾ ഈ ഉദ്യോഗസ്ഥൻമാരുടെ കാര്യമല്ലാതെ വേറെ വല്ല കാര്യവും പറയണമെന്നായിരുന്നു. എനിക്ക് ബഹുമാനപ്പെട്ട മാധവൻനായരോട് പറയുവാനുള്ളത് ഈ കാര്യത്തിൽ ഒന്നുംതന്നെ ഉണ്ടാകാൻ പോകുന്നില്ലെന്നാണ്. ഈ പോലീസുകാരിൽ ആരുടെ പേരിലും അച്ചടക്കനടപടി സ്വീകരിക്കും. ഏതെങ്കിലും പോലീസുകാരൻ അവരുടെ വ്യവസ്ഥിതികളെക്കുറിച്ച് പറഞ്ഞുപോയാൽ അച്ചടക്കനടപടിഎടുക്കും. അതു മനസ്സിലാക്കി ബഹുമാനപ്പെട്ട മാധവൻനായർ തന്റെ അഭിപ്രായങ്ങൾ ഒന്നുകിൽ മാററി വയ്ക്കണം. അല്ലെങ്കിൽ ഗുണമൊന്നും ഉണ്ടാകാൻ പോകുന്നില്ല. പിച്ചകൊടുത്തില്ലെങ്കിലും പട്ടിയെവിട്ടു കടിപ്പിക്കാതെയിരുന്നാൽ കൊള്ളാം. എന്നേ ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളു.

അടുത്തയവസരത്തിൽ കൃഷിക്കാരുടെ കാര്യത്തിൽ അർഹമായ പരിഗണനയെല്ലാം നൽകുന്നുണ്ടെന്ന് പറഞ്ഞ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ചിററൂർ താലൂക്കാഫീസിന്റെ മുമ്പിൽ അടുത്ത അവസരത്തിൽ വളരെ സജീവമായി വിവിധ സത്യാഗ്രഹങ്ങൾ നടത്തുകയുണ്ടായി. കേരളത്തിലെ ജലക്ഷാമത്തെ സംബന്ധിച്ച് കർഷകർ നടത്തിയ സമരമാണ്. കൃഷിക്കാരുടെ ഈ ആവശ്യത്തെ പുരസ്ക്കരിച്ചുകൊണ്ട് അടിയന്തിരമായി എന്തെങ്കിലും നടപടി ഈ ഗവൺമെൻറ് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഈ സഭ പാസ്സാക്കിയ ധനം വിനിയോഗിക്കുന്നതിനെ സംബന്ധിച്ചുള്ള ഈ ബിൽ ചർച്ചയ്ക്കെടുക്കുന്ന ഈ അവസരത്തിൽ ഈ ഗവൺമെൻറിന് തുടരാനുള്ള അവകാശത്തെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചിരിക്കുകയാണ്. വിശ്വാസപ്രമേയത്തിൻെറ ചർച്ചാവേളയിൽ എൻെറ മാന്യ സ്നേഹിതൻ ഡോക്ടർ ജോർജ്ജു തോമസ് ഈ ഗവൺമെൻറിന് ഒരു മരണവാറണ്ട് പുറപ്പെടുവിച്ചിരിക്കുകയാണ്. ആ മരണവാറണ്ട് ഏതു നിമിഷവും നടപ്പിലാകുമെന്നാണ് ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. പക്ഷെ ആ മരണവാറണ്ട് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്തുനോക്കിയാൽ ആ വാറണ്ട് നടപ്പിലാക്കാൻ സാധിക്കുമോ എന്നു സംശയിക്കുകയാണ്. സർ, ഈ അവസരത്തിൽ മാർക്കണ്ഡേയൻെറ കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. ജനാധിപത്യ ഭരണകൂടമാകുന്ന മാർക്കണ്ഡേയനെ നശിപ്പിക്കുവാൻ വേണ്ടി ഒരു അഭിനവ മാർക്സിസ്റ്റ് യമൻ സിൻഡിക്കേററ് പോത്തിൻെറ പുറത്തു കയറി ഒരു ശ്രമം നടത്തുകയാണ് ചെയ്തത്. പക്ഷെ ആ യമൻെറ വരവിനെത്തന്നെ കേരളജനതയാകുന്ന ശിവൻ അലക്സാണ്ടർ പറമ്പിത്തറയാകുന്ന ശൂലം കൊണ്ട് സിൻഡിക്കേററു പോത്തിനെ കുത്തിയപ്പോൾ പോത്ത് വിരളുകയും അഭിനവ യമൻ നിലംപതിക്കുകയും ചെയ്യുകയാണുണ്ടായത്. കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളെ മാനിക്കുന്ന ബഹുമാന്യനായ ആ മെമ്പർ ഉൾക്കൊള്ളുന്ന ഈ സഭ ഈ ഗവൺമെൻറ് തുടരുമെന്ന് പ്രത്യാശിക്കുന്നു. കേരളജനതയുടെ വികാരമാകുന്ന ശിവൻ എന്നു ഞാൻ പറഞ്ഞത്, ആ വാക്കു തുടർന്ന് നിലനിറുത്തുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് ശ്രദ്ധിക്കണം. ഒരു പക്ഷെ ഏതെങ്കിലും വിധത്തിൽ അധികാരത്തിൽ തുടരുന്നതിനുവേണ്ടിയുള്ള മാർഗ്ഗം ഈ ഗവൺമെൻറ് സ്വീകരിക്കരുത്, സ്വീകരിക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ വികാരങ്ങൾ മുൻനിറുത്തി ഒരു നല്ല ഭരണം തുടരുന്നിടത്തോളം മാത്രമെ എൻെറയും പല പാർട്ടികളുടെയും പിൻതുണ ഈ ഗവൺമെൻറിന് ഉണ്ടായിരിക്കുകയുള്ളു. അതു തീർച്ചയായും മനസ്സിലാക്കിക്കൊണ്ടാണ് ഈ കാലമത്രയും മുന്നോട്ടു നീങ്ങിയിട്ടുള്ളത് എന്നു പറയുന്നതിൽ യാതൊരു വൈമനസ്യവുമില്ല. ഗവൺമെൻറിൻെറ ചെയ്തികളെ വിലയിരുത്തുമ്പോൾ മന്ത്രിമാരും ബന്ധപ്പെട്ട അധികാരികളും എത്രതന്നെ ചെയ്താലും അവ നടപ്പിലാക്കുന്ന മെഷീനറി കാര്യക്ഷമമല്ലെങ്കിൽ പുരോഗതിക്ക് കളങ്കം സംഭവിക്കുമെന്ന കാര്യത്തിൽ അശേഷം സംശയമില്ല. കളങ്കംകൂടാതെ ഭരണകൂടം തുടരുകയാണെങ്കിൽ ആ ഭരണകൂടത്തെ മാററാൻ കേരളജനത അനുവദിക്കുകയില്ലെന്ന് ഉറച്ച വിശ്വാസമുണ്ട്.

ചാക്കും ചാക്കിട്ടുപിടുത്തവും മാത്രമല്ല മററു ചില മാർഗ്ഗങ്ങളും ഉപയോഗിച്ചുവെന്ന് പ്രതിപക്ഷ ഉപനേതാവു പറയുന്നതു കേട്ടപ്പോൾ,

12 Noon. കഴിഞ്ഞ നാലഞ്ചുദിവസം ഈ പട്ടണത്തിൽ താമസിച്ച് അവരുൾപ്പെടെ പലരും ചെയ്ത കാര്യങ്ങൾ കാണാനിടയായ എനിക്ക്, അതിനു വിപരീതമായി പറയാൻ ചങ്കൂററം കാണിച്ച അവരുടെ നിലപാടിനെസംബന്ധിച്ച് ഏതു ഭാഷയിലാണ് വിലയിരുത്തേണ്ടതെന്നു സംശയമുണ്ട്. ചാക്കുമാത്രമല്ല മററു പലതും ഉപയോഗിക്കാൻ ശ്രമിച്ചു, ഉപയോഗിച്ചുകാണും. അതിനു മുൻപു ശ്രമിച്ച ആളുകളും കാണും. ശ്രമിച്ചുഎന്നുള്ളതു തീർച്ചയാണ്. പക്ഷേ നിലനിറുത്താനാണ് പൊളിക്കാനല്ല ശ്രമിച്ചിട്ടുള്ളത്. ചാക്കും മററു പല മാർഗ്ഗങ്ങളും ഉപയോഗിച്ച പനമ്പള്ളി ഗോവിന്ദമേനോൻെറ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ശ്രീമതി ഗൗരി പറഞ്ഞത്. പനമ്പിള്ളി ഗോവിന്ദമേനോന് പിന്നെ ഈ സഭയിലേക്കു വരാൻ കഴിഞ്ഞില്ല എന്നു പറഞ്ഞു. ഈ സഭയിലേക്കു വരാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ദേഹത്തിന് ഇൻഡ്യൻ പാലമെൻറിലേക്കു പോകാനും ഇൻഡ്യയുടെ ഒരു മന്ത്രിയാകാനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ സഭയിലേക്കു

വന്നില്ലെങ്കിലും അങ്ങോട്ടു പോകാൻ ഇതാണ് മാർഗ്ഗം എന്നു തെററിദ്ധരിച്ചാണോ പറഞ്ഞതെന്നറിഞ്ഞുകൂടാ. ഏതായാലും ഗോവിന്ദമേനോനും ഗോവിന്ദമേനോന്റെ പാർട്ടിയും ആ നിലയിൽ നീങ്ങുകയില്ല; ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചിട്ട് ഈ സന്ദർഭത്തിൽ ഞാൻ നിറുത്താം. ഈ ഗവൺമെൻറ്—എല്ലാ ഗവൺമെൻറും—പാർട്ടിപരിഗണനകൂടാതെ, കുററംചെയ്യുന്നവരെ ശിക്ഷിക്കുകയും ശരിയായ നടപടികൾ നടത്തുന്നവരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന നിലപാടു സ്വീകരിക്കണം. കഴിഞ്ഞ രണ്ടുകൊല്ലക്കാലം പബ്ലിക് അക്കൗണ്ട്സ് കമ്മിററിയുടെ ചെയർമാനെന്നുള്ള നിലയിൽ ഉണ്ടായ അനുഭവം വച്ചുപറയുകയാണെങ്കിൽ പ്ലാനിംഗ് സംബന്ധിച്ച ചെലവുകൾ ചെയ്യുന്ന കാര്യത്തിൽ അടുക്കും ചിട്ടയും ഒന്നുമില്ല. അനുഭവം അതാണ് കാണിക്കുന്നത്. ചില ഡിപ്പാർട്ടുമെൻറുകൾ ഇല്ലെന്നല്ല. ഉദ്യോഗസ്ഥൻ അഴിമതി കാണിച്ചാൽ ആ ഉദ്യോഗസ്ഥനെ പ്രത്യേക പരിഗണനകൾ വച്ചു സഹായിക്കാൻ മുതിരുകയാണെങ്കിൽ ഒരിക്കലും കാര്യക്ഷമമായി മുന്നോട്ടുനീങ്ങുകയില്ല. ഉദ്യോഗസ്ഥൻമാരുടെ ശമ്പളക്കാര്യങ്ങളുംമററും വകവച്ചുകൊടുക്കണം. അതേയവസരത്തിൽ ഓരോന്നും കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥൻമാർ ശരിക്കു ചെയ്യുന്നില്ലെങ്കിൽ അങ്ങനെയുള്ളവരുടെ പേരിൽ കർശനമായ നടപടികൾ എടുക്കണം. മുൻ ഗവൺമെൻറ് ചെയ്തത് അങ്ങനെയല്ല. പബ്ലിക് അക്കൗണ്ട്സ് കമ്മിററിയുടെ റിപ്പോർട്ടിൽ, വനംവകുപ്പുദ്യോഗസ്ഥൻ അഴിമതി നടത്തിയെന്നും അന്വേഷണം നടത്തി നടപടിനടത്തണമെന്നും ഗവൺമെൻറിനോടാവശ്യപ്പെട്ടു. എന്നാൽ നടപടി നടത്തുന്നതിനുപകരം വനംവകുപ്പു മന്ത്രി ആ ഉദ്യോഗസ്ഥനെ കാത്തുരക്ഷിക്കാൻവേണ്ടി ഇടപെടുകയാണ് ചെയ്തത്. ഇതുമാത്രമല്ല പല വ്യവസായങ്ങളെസംബന്ധിച്ചിടത്തോളം പ്രായോഗികമായ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചെയ്യുകയല്ല ഉണ്ടായിട്ടുള്ളത്. വനംവകുപ്പിനെപ്പററിയും പൊതുമരാമത്തുവകുപ്പിനെപ്പററിയും പബ്ലിക് അക്കൗണ്ട്സ് കമ്മിററി ഗവൺമെൻറിനു കൊടുത്തിട്ടുള്ള റിപ്പോർട്ട് ഗവൺമെൻറു പരിശോധിക്കുകയും പഠിക്കുകയും ചെയ്യുകയാണെങ്കിൽ പല ന്യൂനതകളും പരിഹരിച്ചു മുന്നോട്ടു പോകാൻ സാധിക്കും. അതുപോലെതന്നെ പബ്ലിക് അക്കൗണ്ട്സ് കമ്മിററിയുടെയും എസ്ററിമേററു കമ്മിററിയുടെയും ശുപാർശകൾ പഠിക്കാൻ ഗവൺമെൻറു ശ്രദ്ധിക്കുകയാണെങ്കിൽ പല കുഴപ്പങ്ങൾക്കും പരിഹാരം കാണാൻസാധിക്കും. കഴിഞ്ഞകാലത്ത് എന്തൊക്കെ ചെയ്താലും ഇന്ന് ഉദ്യോഗസ്ഥൻമാർ അവരുടെ പങ്കു നിർവഹിക്കാൻ തയ്യാറായിട്ടുള്ള ഒരു അന്തരീക്ഷമാണ്. പക്ഷേ അതെന്തായാലും, ഏതെല്ലാംവിധത്തിൽ പത്രവാർത്തകളും റിപ്പോർട്ടുകളും വന്നാലും ഏതെങ്കിലും വിധത്തിൽ ഈ ഗവൺമെൻറിനെ അട്ടിമറിക്കാൻ യാതൊരു മടിയും ചിലർക്കില്ല. അതിനെപ്പററി ജനങ്ങൾക്കു മനസ്സിലാക്കാൻകഴിയാതെയല്ല. പക്ഷേ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് ഈ ഭരണം നല്ല നിലയിൽ തുടരുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. അങ്ങനെ നല്ല നിലയിൽ തുടരണമെന്നുള്ള സമീപനത്തോടുകൂടിയാണ് ഞങ്ങൾ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്.

ഇനി വിശേഷിച്ച് ഒരു സംഗതി ചൂണ്ടിക്കാണിക്കാനുള്ളത് ഭൂപരിഷ്കരണനിയമത്തെപ്പററിയാണ്. ഇന്നലെ ഹൈക്കോടതി ചെയ്ത കൽപ്പന ഇന്നത്തെ പത്രത്തിൽ കണ്ടു. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്ന കാര്യത്തിൽ റിട്ടുകൊടുക്കുന്നതിനും മററും സമയം അനുവദിച്ചുകൂടാ. കാലതാമസം ഒഴിവാക്കി വളരെവേഗം 'കൃഷിഭൂമി കൃഷിക്കാർക്ക്' എന്നുള്ള ആത്മാർത്ഥമായ ആഗ്രഹം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. അങ്ങനെ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് കർശനമായ നടപടികൾ സ്വീകരിക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള നിലപാട് ഗവൺമെന്റു തുടരുന്നിടത്തോളം കാലം ഞങ്ങളുടെ പിൻതുണയുണ്ടായിരിക്കുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ജെ. എ. ചാക്കൊ: സർ, പ്രതിപക്ഷത്തുനിന്നു പ്രധാനമായി ഉയർന്നുവന്ന ആക്ഷേപം ഈ ഗവൺമെന്റിന്റെ രൂപീകരണത്തെയും നിലനിൽപ്പിനെയും സംബന്ധിച്ചുള്ളതായിരുന്നു. സർ, ഈ ഗവൺമെന്റ് 1957 ൽ അധികാരത്തിലിരുന്ന കമ്മ്യൂണിസ്റ്റു ഗവൺമെന്റിനെതിരായി നടത്തിയ വിമോചനസമരത്തിൽ പങ്കാളികളായവരെ കൂട്ടിച്ചേർത്തുകൊണ്ടുള്ളതാണെന്നും, 1967 ൽ അധികാരത്തിൽ വന്ന ഐക്യമുന്നണിക്കെതിരായി പ്രതിപക്ഷത്തിരുന്ന കേരള കാൺഗ്രസ്സും കൂടി ഉൾക്കൊള്ളുന്നതാണെന്നുമുള്ള ആക്ഷേപം മാർക്സിസ്റ്റുനേതാക്കൻമാർ ഈ സഭയിൽ പറഞ്ഞപ്പോൾ സത്യത്തിൽ ചിരിയാണുണ്ടായത്. സർ, 67 ൽ ഐക്യമുന്നണി രൂപീകരിച്ച സന്ദർഭത്തിൽ, 57 ൽ കമ്മ്യൂണിസ്റ്റു ഗവൺമെന്റിനെതിരായണിനിരന്ന ശക്തികളെ ഉൾപ്പെടുത്തിയപ്പോൾ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിക്കു ധർമ്മരോഷമുണ്ടായില്ല. 65 ലെ തിരഞ്ഞെടുപ്പിനുശേഷം കേരള കാൺഗ്രസ്സിനെ അധികാരത്തിലിരുത്താൻ തീവ്രയത്നം നടത്തിയപ്പോൾ മാർക്സിസ്റ്റുപാർട്ടിക്ക് ധർമ്മരോഷമുണ്ടായോ എന്നറിയാൻ എനിക്കാഗ്രഹമുണ്ട്. 67 ലെ തിരഞ്ഞെടുപ്പിൽ പങ്കുചേർക്കാമെന്നും തിരഞ്ഞെടുപ്പിനുശേഷം വേണമെങ്കിൽ മന്ത്രിസഭയിൽ ചേർക്കാമെന്നും കേരള കാൺഗ്രസ്സിനോടു പറഞ്ഞ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഇന്നു കേരള കാൺഗ്രസ്സിനെ പുച്ഛമാണ്. കേരളാ കോൺഗ്രസ്സ് ഈ രാജ്യത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി, ഈ രാജ്യത്തെ ജനലക്ഷങ്ങളുടെ അവകാശങ്ങൾ പിടിച്ചെടുക്കാൻവേണ്ടി, ഉത്തരേന്ത്യൻ മേധാവിത്വത്തിനെതിരായി ശക്തമായി സമരംചെയ്യാൻ തയ്യാറുള്ള രാഷ്ട്രീയകക്ഷിയാണ്. കേരള കോൺഗ്രസ്സിനെ അറപ്പോടുകൂടി വീക്ഷിക്കുന്നതിന് ഇന്നു കാണിക്കുന്ന വ്യഗ്രത എന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ കഴിയും. ചാക്കിട്ടുപിടിത്തത്തെപ്പററി ഇവിടെ പറയുകയുണ്ടായി. അഭിനവ ഝാൻസി റാണിയായി അഭിനയിക്കുന്ന ശ്രീമതി കെ. ആർ. ഗൗരിയുടെ നേതൃത്വത്തിൽ പല സംഭവവികാസങ്ങൾ നടന്നു. അതൊക്കെ പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവിടെവന്ന് കേഴുന്നതിൽ അർത്ഥമില്ല. അതെല്ലാം അങ്ങേയററം പരാജയപ്പെട്ടുവെന്നും, അതൊന്നും ഈ രാജ്യത്തെ ജനങ്ങളുടെയും നിയമസഭാസാമാജികൻമാരുടെയും ഇടയിൽ വിലപ്പോകുകയില്ലെന്നും കണ്ടപ്പോൾ പരിദേവനം നടത്തുകയാണ്. അതിനെസംബന്ധിച്ച് അത്രയൊന്നും പറഞ്ഞിട്ടുകാര്യമില്ല. ഇത് എവിടെനിന്ന് ആരംഭിച്ചുവെന്നും മാർക്സിസ്റ്റുപാർട്ടി നേതാക്കൻമാർ ഇനിയെങ്കിലും ചിന്തിക്കുന്നതു നന്നായിരിക്കും എന്നു മാത്രമേ പറയാനുള്ളു.

അപ്രോപ്രിയേഷൻ ബില്ലിലേക്ക് ഇനി കടക്കുകയാണ്. ഈ ബില്ലിൽ, അടുത്ത ഒരു വർഷത്തേക്ക് നമ്മുടെ സംസ്ഥാനത്തേക്കുള്ള ചെലവുകളെപ്പററിയാണ് പ്രതിപാദിക്കുന്നത്; അതിനുവേണ്ടി തുകകൾ നീക്കിവയ്ക്കുന്ന കാര്യമാണ്. അങ്ങനെ തുകകൾ വിനിയോഗിക്കുമ്പോൾ ഈ രാജ്യത്തെ ജനങ്ങളുടെ ഉത്തമതാൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിന്, കളങ്കമില്ലാത്ത, അഴിമതിയില്ലാത്ത, ഒരു ഭരണസംവിധാനം നിലനിറുത്തിക്കൊണ്ട് ആ തുകകൾ വിനിയോഗിക്കണമെന്നു ഗവൺമെന്റിനെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

തീർച്ചയായും, വ്യവസായത്തെസംബന്ധിച്ച് എല്ലാ കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല.; എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ ഉൾപ്പെടുന്ന ജില്ലയുടെ വികസനപ്രവർത്തനങ്ങൾക്ക് ഈ ബഡ്ജററിൽ ഒന്നും തന്നെ കാര്യമായി ഇല്ല. എന്നുള്ള വസ്തുത വിസ്മരിച്ചുകൊണ്ടുമല്ല ഇതു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. പക്ഷേ ഈ രാജ്യത്തെ ജനങ്ങളുടെ ഉത്തമതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, സാമ്പത്തികമായി ഈ രാജ്യം വികസനത്തിലേക്കു കുതിച്ചുകയറുന്നതിനുവേണ്ടി, ആവശ്യമായ പദ്ധതികൾ ഈ ബഡ്ജററിൽ ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ കഴിയുകയില്ല. ഇന്നലെ വ്യവസായ വകുപ്പുമന്ത്രി, അടുത്ത കാലത്തുതന്നെ ഇരുമ്പുരുക്കു നിർമ്മാണഫാക്ടറി കേരളത്തിനു ലഭിക്കാൻ നിവേദനം നടത്തിയിട്ടുണ്ടെന്നും അതു കിട്ടാൻസാധ്യതയുണ്ടെന്നും പറയുകയുണ്ടായി. എനിക്കു പറയാനുള്ളത് നമ്മുടെ നിയമസഭ ഒന്നടങ്കം ഈ കാര്യത്തിൽ ശക്തിയായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തണം എന്നാണ്. കേരളത്തിലെ എല്ലാ എം. പി. മാരും അതിനുവേണ്ടി ശക്തിയായി നിലകൊള്ളുകയും അതു പിടിച്ചുപററുന്നതിനും ശ്രമിക്കുകയുംവേണം. തമിഴ്നാട്ടിലെ ഡി. എം. കെ. ഏതു നിലപാടാണ് ഈ കാര്യത്തിൽ എടുത്തിട്ടുള്ളത് എന്ന് ഈ ഗവൺമെൻറ് അന്വേഷിക്കുകയും അതോടൊപ്പം ഈ കാര്യത്തിനുവേണ്ടി അങ്ങേയററം പ്രയത്നിക്കുകയും ചെയ്യേണ്ടതുണ്ട്. വ്യവസായവികസനത്തിലൂടെയല്ലാതെ, ഈ രാജ്യത്തെ വിദ്യാഭ്യാസം നേടിയ യുവതീയുവാക്കൻമാർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു കഴിയുകയില്ല എന്ന് എല്ലാവർക്കും അറിയാം.

അതുപോലെതന്നെ തൊഴിൽരംഗത്ത് സമാധാനപരമായ അന്തരീക്ഷം ഉണ്ടാകണം. കർഷകത്തൊഴിലാളികൾക്ക് ന്യായമായ അവകാശങ്ങൾ ലഭിക്കത്തക്കവിധത്തിൽ നിയമനിർമ്മാണം ഈ രാജ്യത്തുണ്ടാകണം. സമാധാനപരമായ അന്തരീക്ഷം നിലനിൽക്കുന്നതിന് അങ്ങനെയുള്ള ഒരു സമീപനം ഗവൺമെൻറ് എടുത്തേ മതിയാകൂ.

മെഡിക്കൽവകുപ്പിനെസംബന്ധിച്ചാണ് ഇനി പറയാനുള്ളത്. ഹോമിയോ ഡിസ്പെൻസറികൾ കൂടുതലായി സ്ഥാപിക്കണമെന്ന നിവേദനങ്ങൾ പലതവണ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ തുക കാണുകയില്ല. ഇത് ഖേദകരമായ കാര്യമാണ്. ചെലവുകുറഞ്ഞ രീതിയിൽ സാധാരണക്കാരന് മരുന്നു ലഭ്യമാകുന്ന ചികിൽസാ സംപ്രദായമായ ഹോമിയോയുടെ വികസനത്തിനുവേണ്ടി സമഗ്രമായ പരിപാടികൾ ഗവൺമെൻറ് ആസൂത്രണംചെയ്യണം.

മെഡിക്കൽവകുപ്പിലെ താണശമ്പളംപററുന്ന ജീവനക്കാരുടെ നിവേദനങ്ങൾ ഗവൺമെൻറ് ദയവോടുകൂടി വീക്ഷിക്കുകയും കഴിയുന്നതുംവേഗം അനുകൂലമായി നടപടികളെടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിൽ ഒരു കൺസ്ട്രക്ഷൻ കാർപ്പറേഷൻ രൂപീകരിക്കുന്ന കാര്യത്തെസംബന്ധിച്ചിടത്തോളം, മുൻപ് അധികാരത്തിലിരുന്ന ഗവൺമെൻറ് ഉറപ്പു നൽകിയിരുന്നതാണ്. ഇന്ന് ആ കാര്യത്തെസംബന്ധിച്ച് ഒന്നും പറഞ്ഞുകേട്ടില്ല. കൺസ്ട്രക്ഷൻ കാർപ്പറേഷൻ രൂപീകരിച്ചാൽ വളരെ ലാഭമകരമായി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകാൻ കഴിയും.

ഇനി ചില നിർദ്ദേശങ്ങൾ വയ്ക്കുകയാണ്. ഇവിടെ റോഡുനിർമ്മാണത്തിനു ഭീമമായ ചെലവു വരുന്നുണ്ട്. ഇത് ഒരു റൊട്ടേഷൻ അനുസരിച്ച് ചെയ്യാം. കൂടുതൽ വരുമാനമുണ്ടാക്കാനും കഴിയും; നാഷണൽ ഹൈവേ, മററുതരത്തിൽ പ്രധാനപ്പെട്ട റോഡുകൾ ഇവയുള്ള സ്ഥലങ്ങളിൽ പ്രത്യേക നികുതി ചുമത്തുന്നതിൽ അപാകതയുണ്ടെന്നു ഞാൻ കരുതുന്നില്ല. റോഡുകൾക്കുള്ള പ്രത്യേക നികുതി ഈടാക്കിയാൽ റോഡുകൾ സംരക്ഷിക്കാനും മററും പ്രയാസമുണ്ടാകുകയില്ല. ഈ കാര്യം ഗവൺമെൻറ് പരിഗണിക്കുമെന്നു കരുതുകയാണ്. കൺസ്ട്രക്ഷൻ കാർപ്പറേഷൻ രൂപീകരിക്കുമ്പോൾ, ശ്രീ. വാമദേവൻ സൂചിപ്പിച്ചതുപോലെ, ആ ഡിപ്പാർട്ടുമെൻറിലൂള്ള പല ചുഴുക്കുത്തുകളും ഇല്ലാതാക്കി കൂടുതൽ പണം ന്യായമായ രീതിയിൽ ചെല

LIBRARY ARCHIVES Kerala Legislative Assembly

വാക്കാൻ കഴിയും. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറ് സത്വരമായ ശ്രദ്ധപതിപ്പിക്കുമെന്നു കരുതുകയാണ്.

ധനവിനിയോഗബില്ല് എല്ലാ അംഗങ്ങളും യോജിച്ച് പാസാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, മിനിഞ്ഞാന്നു വിശ്വാസ പ്രമേയത്തിന്റെ ചർച്ച അവസാനിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഭാനേതാവ്, ആ ചർച്ചയ്ക്ക് ഞാൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പ്രസംഗമല്ല അന്ന് ചെയ്തതെന്ന് പറയുകയുണ്ടായി. ഇന്നത്തെ സ്ഥിതിയിൽ ഇന്നലെയാണ് ഈ ചർച്ചനടന്നതെങ്കിൽ ബഹുമാനപ്പെട്ട സഭാനേതാവ് ചെയ്യേണ്ട പ്രസംഗമല്ല ഇന്നു ചെയ്യേണ്ടിവരിക എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അദ്ദേഹത്തിന്റെ പാർട്ടി ശരിയായിട്ടുള്ള വഴിക്കുള്ള കാൽവെപ്പുവച്ചുവെന്നാണ് എന്റെ അഭിപ്രായം. എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ പാർട്ടിയുടെ അഖിലേന്ത്യാ നേതൃത്വം എടുത്തിട്ടുള്ള സമീപനം ഇവിടത്തെ ഘടകം എടുക്കുമെന്ന് കരുതിയിട്ടാണ് ഞാൻ പറയുന്നത്. അത് ഇവിടത്തെ ഘടകം അംഗീകരിക്കുമോയെന്നറിഞ്ഞുകൂടാ. അതല്ല ഇനി അത് കേരളത്തിൽ ആകുമ്പോൾ കെ. ആർ. എസ്. പി. യായിമാറുമോയെന്നും സംശയമുണ്ട്.

ശ്രീ. ബേബിജോൺ: അങ്ങനെയൊന്നുമില്ല. ആ ധാരണയൊന്നും വേണ്ട.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: അങ്ങനെയില്ലെങ്കിൽ വളരെ നല്ലതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗുരുനാഥനായി എന്നെ പറയുകയുണ്ടായി. ശിഷ്യന് ഇത്രയും തെററായ പാഠം പഠിക്കേണ്ടിവന്നത് ചിലപ്പോൾ ഗുരുനാഥന്റെ തെററായിരിക്കാം. ശത്രുവിനെ എതിർത്തു പങ്കുചേരാനുള്ള തൊട്ടുകൂടായ്മ ഉണ്ടാകാൻ പാടില്ലെന്നു പാഠം പഠിച്ചത് അദ്ദേഹം എന്റെ ശിഷ്യനാണെങ്കിൽ അതാണ് പഠിക്കേണ്ടിയിരുന്നത്. ഇവിടെ അത് ഒരാളെ എതിർക്കാനല്ല, ഒരാളെ തോൽപ്പിക്കാനല്ല, ആരെയും കൂട്ടുപിടിക്കാമെന്നായിരിക്കുകയാണ്. എന്തിനുവേണ്ടിയെന്നു ചോദിച്ചാൽ മതി. ആരെയും പിടിക്കും. അവസാനം വന്നുവന്നു വളരെ കടുത്ത ശത്രുക്കളാണെന്നു പറയുന്ന ഡോ. ജോർജുതോമസ്സിന്റെ കോൺഗ്രസ്സിനെയും, ജനസംഘത്തേയും, സ്വതന്ത്രൻമാരെയും പിടിക്കാം. ബഹുമാനപ്പെട്ട കരുണാകരന്റെ കോൺഗ്രസ് അതിന് തയാറാണ്, ആ നിലയ്ക്ക് ആരുടെ നേരെയും തൊട്ടുകൂടായ്മ ഇല്ല. തൊട്ടുകൂടായ്മയാണെന്നു പറയുന്നത് നീക്കുപോക്കില്ലാത്തതും ഡിഗ്നിററിയില്ലാത്തതുമാണെന്നാണ് പറയുന്നത്. അതുള്ളത് ഞങ്ങൾക്കെല്ലാം അതായത് മാർക്സിസ്ററു പാർട്ടിക്കാണ്. അതൊന്നുമില്ലാതെ വളരെ അയവേറിയ നയം എന്റെ അടുക്കൽ പഠിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ഞാൻ പറയുകയാണ് ശിഷ്യാ, ശിഷ്യൻ വേറെ പഠിക്കേണ്ടിയിരിക്കുന്നു. ഒന്നുമില്ലെങ്കിൽ അടുത്തിരിക്കുന്ന ആളിന്റെ പാർട്ടിയിൽ നിന്നെങ്കിലും പഠിക്കണം. അടുത്തിരിക്കുന്ന ആളിന്റെ പാർട്ടിയുടെ സെൻട്രൽ സെക്രട്ടറിയേററു പറഞ്ഞുകേട്ടു തൊട്ടുകൂടാത്ത പാർട്ടി ഉണ്ട്, അത് ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിയാണെന്ന്. ആ നിലയ്ക്ക് ഡോ: ജോർജ്ജ് തോമസ്സിന്റെ പാർട്ടിയും അതായിരിക്കും. ഏതായാലും തൊട്ടുകൂടാത്ത പാർട്ടിയുണ്ട്, അതൊന്നു മനസ്സിലാക്കണം. അതു മാത്രമേ ഞാൻ പറയുന്നുള്ളു.

സർ, ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട ടി. വി. തോമസ് മുമ്പൊരു പ്രസംഗത്തിൽ എനിക്ക് കണക്ക് കൂട്ടാൻ അറിഞ്ഞുകൂടായെന്ന് പറയുകയുണ്ടായി. എനിക്ക് കണക്ക് കൂട്ടാൻ അറിയുകയില്ല. ഞാൻ സമ്മതിക്കുന്നു. വന്നു വന്നു ബഹുമാനപ്പെട്ട ടി. വി. തോമസ്സിന് കണക്ക് കൂട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

നല്ലവണ്ണം അറിയാം. പക്ഷെ കണക്ക് കൂട്ടിയാൽ കൂട്ടുന്നത് എല്ലാം തെററും. 1964 ൽ ഒരു കണക്ക് കൂട്ടി. ഞങ്ങൾ ഏജൻറൻമാരാണെന്നു പറഞ്ഞുപരത്തി ജനങ്ങളെക്കൊണ്ട് ഞങ്ങളെ ആട്ടിയോടിക്കാമെന്ന് കരുതി പക്ഷെ ആ കണക്കുകൂട്ടൽ തെററി. പിന്നെ മുസ്ലീംലീഗും കേരളകോൺഗ്രസ്സും തൊട്ടുകൂടാത്ത പാർട്ടിയായി കണക്കാക്കി. അതും ഇപ്പോൾ തെററി. അതിനെപ്പററി ബഹുമാനപ്പെട്ട ചാക്കോ പറഞ്ഞതിനെപ്പററി ഞാനൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട കരുണാകരൻ ഡോ. ജോർജുതോമസിനെപ്പററി പറഞ്ഞ ഭാഷയിൽ ഞാൻ പറയുന്നില്ല. അതിനെപ്പററി കൂടുതലൊന്നും പറയുന്നില്ല. കോൺഗ്രസിനെ തോൽപ്പിക്കാൻ വേണ്ടി അന്നു കേരളാകോൺഗ്രസ് തയാറായിരുന്നുവെങ്കിൽ ഞങ്ങൾ അവരുമായി സഹകരിക്കാൻ തയാറായിരുന്നു. ഇനി സഹകരിക്കാൻ തയാറല്ല. നിങ്ങൾക്ക് ജനങ്ങളുമായി യാതൊരു പൊരുത്തവുമില്ല. എൻെറ ശിഷ്യൻ എന്നിൽനിന്ന് പഠിച്ചതിനെപ്പററി ഞാൻ പറയാം. ഞാൻ തമാശ പറയുകയാണ്. 1932–33 കാലഘട്ടത്തിൽ ഞാൻ വെല്ലൂർ ജയിലിൽ ആയിരുന്ന കാലത്ത് എൻെറ കൂടെ ഒരു മഹാദേശീയനേതാവും ഉണ്ടായിരുന്നു. അദ്ദേഹത്തിന് സംസ്കൃതം പഠിക്കണമെന്ന് പറയുകയും പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. ജയിലിൽ നിന്നും പുറത്തുവന്ന് കുറെനാൾ കഴിഞ്ഞപ്പോൾ കോഴിക്കോട്ടുവച്ചു നടന്ന ഒരു മീററിംഗിൽ പ്രസംഗിക്കുന്നതിന് ആ മഹാദേശീയനേതാവും ഉണ്ടായിരുന്നു. ഞാൻ അവിടെയുണ്ടായിരുന്നു. അവിടെ അദ്ദേഹം ചെയ്ത പ്രസംഗത്തിൽ വെല്ലൂർ ജയിലിൽ വച്ച് നമ്പൂതിരിപ്പാട് മലയാളം പഠിപ്പിച്ച് എന്നു പറയുകയുണ്ടായി. ഞാൻ പഠിപ്പിച്ച ഭാഷ ഏതാണെന്ന് അറിഞ്ഞുകൂടാത്ത ശിഷ്യൻ. ഏതാണ്ട് അതുപോലെയാണ് എൻെറ ഈ ശിഷ്യനും.

ശ്രീ. കെ. കരുണാകരൻ: ഈ ആശാൻ പഠിപ്പിക്കുന്ന ശിഷ്യൻമാർ മുഴുവനും പഠിക്കുന്നത് ഇങ്ങനെയാണോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഈ ആശാൻ പഠിപ്പിക്കുന്ന ചില ശിഷ്യൻമാർ പഠിക്കുന്നത് ഇങ്ങനെയാണ്. ഒരു മഹാവൃത്തത്തിൽ ഇങ്ങനെയല്ലതാനും. ഇനി തമാശയൊന്നുമല്ലാതെ കാര്യമായി പറയുകയാണ് അപ്പുറത്തിരിക്കുന്ന എല്ലാ ബഹുമാനപ്പെട്ട മെമ്പറൻമാരോടും പറയുകയാണ്, ഇതിൻെറ ഫലമായിട്ടുണ്ടായിട്ടുള്ള പുതിയ സ്ഥിതിവിശേഷത്തെക്കുറിച്ച് നിങ്ങൾ ഓരോരുത്തരും കാര്യമായി പുന:പരിശോധന നടത്തണമെന്ന്. ശ്രീ. അച്യുതമേനോനോടും, ശ്രീ. ടി. കെ. ദിവാകരനോടും, ശ്രീ. മുഹമ്മദു കോയയോടും, ശഷൻ മാസ്ററാറോടു പറയുമ്പോൾ കുഞ്ഞുസാഹിബിനോടും ശ്രീ. പി. ആർ. കുറുപ്പിനോടും പറയണമോ? ഒരാളോടു പറയുകയാണെങ്കിൽ ചിലർക്കു പ്രത്യേകതയുണ്ടെന്നു പറയുമോ, സകല ആളുകളോടും പറയുകയാണ്, ഈ രാജ്യത്തിലെ രാഷ്ട്രീയ സ്ഥിതിയിലും ഇൻഡ്യയുടെ രാഷ്ട്രീയ സ്ഥിതിയിലും വന്നിട്ടുള്ള സ്ഥിതിഗതികളെക്കുറിച്ച് പരിശോധിക്കുമ്പോൾ വാസ്തവത്തിൽ കണക്ക് കൂട്ടാൻ അറിയുകയില്ല. രാഷ്ട്രീയമെന്നുപറയുമ്പോൾ കണക്ക് കൂട്ടലല്ല. ആളുകളെ നോക്കിപ്പിടിച്ച് കണക്ക് കൂട്ടാൻ ശ്രീ. ടി. വി. തോമസ് പ്രഗൽഭനായിരിക്കാം. അക്കാര്യത്തിൽ ശ്രീ. ടി. വി. തോമസിൻെറ അടുക്കലെത്താൻ എന്നെക്കൊണ്ടു കഴിയുകയില്ല. പിന്നെ എൻെറ അടുത്തിരിക്കുന്ന ഇവരെക്കൊണ്ടു ആകുമോ എന്നറിഞ്ഞുകൂടാ. രാഷ്ട്രീയമെന്നു പറഞ്ഞാൽ ഈ തരത്തിലുള്ള കണക്ക് കൂട്ടലല്ല, ആളെ പിടിക്കലല്ല. ഇത് നിങ്ങളും നടത്തുന്നുണ്ട്, ഞങ്ങളും നടത്തുന്നുണ്ട്. പക്ഷെ നിങ്ങൾക്കതിൽ വൈദഗ്ദ്ധ്യം കൂടും. അക്കാര്യത്തിൽ ഞാൻ ശ്രീ. ടി. വി. തോമസിൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊള്ളാനും തയാറാണ്. രാഷ്ട്രീയത്തിൻെറ കാര്യം നോക്കിയാൽ ശ്രീ. എം. എൻ. ഗോവിന്ദൻനായർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുമ്പൊരു പ്രസംഗത്തിൽ പറയുകയുണ്ടായി എന്നെ അസംബ്ലിയുടെ ഗ്യാലറിയിൽ ഇരുത്തുമെന്ന്. എന്നിട്ടെന്തായി? രാഷ്ട്രീയമെന്നു പറഞ്ഞാൽ ആളുകളെ പിടിക്കലെല്ല, ആളുകളുടെ മാറിമാറി വരുന്ന വിചാരങ്ങളും പ്രവർത്തനങ്ങളും ഗ്രഹിക്കലാണ്. രാഷ്ട്രീയം ഒരു കല മാത്രമല്ല ശാസ്ത്രം കൂടിയാണ്. അതിൽ ഒരു പക്ഷേ കണക്കു കൂട്ടാൻ അറിയുകയില്ല, വളരെ മോശമാണ്, നിങ്ങളുടെ അടുത്ത് എത്താൻ കഴിയുകയില്ല. ഈ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട കരുണാകരനും, ഡോ. ജോർജുതോമസും, ശ്രീ. കെ. എം. ജോർജും പുനരാലോചിക്കണമെന്നു പറഞ്ഞാൽ അവർ എന്നെപ്പററി എന്ത് ധരിക്കുമെന്ന് അറിയാത്തതുകൊണ്ട് പറയുന്നില്ല. ഞങ്ങളുടെ കൂടെ കുറച്ചുനാൾ പ്രവർത്തിച്ചിട്ടുള്ള ശ്രീ. മുഹമ്മദുകോയ ഈ കഴിഞ്ഞ നാലഞ്ചുമാസം കാണിച്ചിട്ടുള്ള പരാക്രമം കാണുമ്പോൾ ഇനി അടുക്കാനും വിഷമമുണ്ട്. എങ്കിലും അദ്ദേഹത്തോടു ചോദിക്കുകയാണ് മുസ്ലീം ജനസാമാന്യത്തിൻെറ താൽപ്പര്യത്തിനുവേണ്ടി നിൽക്കുകയാണെണെങ്കിൽ, മുസ്ലീം ജനസാമാന്യത്തിൻെറ താൽപ്പര്യത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ഒരാളെന്നുള്ള നിലയിൽ അവരുമായി അടുക്കാൻ കഴിഞ്ഞിട്ടുള്ള ഒരാളെന്നുള്ള നിലയിൽ എൻെറ ഹൃദയത്തിൽ കൈവച്ചു പറയുകയാണ് മലബാർ പ്രദേശത്തു മുസ്ലീംലീഗു വരുന്നതിനു മുമ്പുതന്നെ മുസ്ലീംങ്ങൾക്കിടയിൽ ഞാനിറങ്ങി പ്രവർത്തിച്ചിട്ടുണ്ട്. അന്ന് എൻെറകൂടെ പ്രവർത്തിച്ചിരുന്ന അബ്ദുൽ റഹിമാൻ സാഹിബിനെ അന്നത്തെ കോൺഗ്രസ്സു പ്രമാണിമാർ മുസ്ലീം കമ്മ്യൂണിസ്ററുആണെന്നു പറഞ്ഞു മുദ്രകുത്തി. അന്ന് മുസ്ലീം ജനസാമാന്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു ഞാൻ വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നുവെന്ന് വിചാരിച്ച് മുസ്ലീംലീഗു പറയുന്നതു മുഴുവൻ ശരിയാണെന്ന് ഞങ്ങൾ വച്ചിട്ടില്ല. അതാണ് അപ്പുറത്തിരിക്കുന്ന പാർട്ടികളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. റിയാക്ഷൻ അതാണ്. അതാണ് മുസ്ലീംലീഗ് ഞങ്ങളോടു എതിർക്കുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം മുസ്ലീംലീഗിൻെറ താൽപ്പര്യത്തിനുവേണ്ടി വളരെ പാവനമായ ഒരു സംഘടനയെന്നുള്ള നിലയിൽ മുസ്ലീംലീഗിനെ മാനിക്കുന്നു. തോക്കും ലാത്തിയും ഉപയോഗിച്ചടിച്ചമർത്തിയാൽ എല്ലാം ഒതുങ്ങിക്കൊള്ളുമെന്നും അങ്ങനെ മുസ്ലീംപ്രാതിനിദ്ധ്യം നിലനിറുത്താമെന്നും ശ്രീ. മുഹമ്മദുകോയ കരുതി. അതാണ് ഈ കഴിഞ്ഞ അഞ്ചുമാസം ഇവിടെ നടന്നത്. അതും തെററിയിരിക്കുകയാണ്. അതാണ് ശ്രീ. മുഹമ്മദുകോയയുടെ കണക്കും തെററിയത്. ബഹുമാനപ്പെട്ട കരുണാകരനും ഡോ. ജോർജ്ജ്തോമസും ഒന്നായിരുന്നപ്പോൾ ഉണ്ടായിരുന്ന കോൺഗ്രസ്സും ശ്രീ. കെ. എം. ജോർജ്ജിൻെറ കോൺഗ്രസും അതിൻെറ കൂടെ ദിവാകരൻെറയും, ശ്രീ. അച്യുതമേനോൻെറയും ശ്രീ. പി. ആർ. കുറുപ്പിൻെറയും പാർട്ടികൾകൂടി വന്നാലുള്ള സ്ഥിതി എന്താണ്? 1960 ലെ അനുഭവം പുതിയ ആവർത്തനമായി വരുമെന്ന് ശ്രീ. മുഹമ്മദുകോയ കണക്ക് കൂട്ടിയിരിക്കുകയാണ്. അത് നടക്കുകയില്ല. ശ്രീ. കരുണാകരനും അതിന് ശ്രമിക്കുന്നുണ്ട്. അതും ഇനി നടക്കുകയില്ല. കാരണം ഇൻഡ്യയിലാകെ കീരിയും പാമ്പുംപോലെ കഴിയുന്ന ശ്രീ. കരുണാകരൻെറയും ഡോ. ജോർജുതോമസിൻെറയും പാർട്ടികൾ തമ്മിൽ ഒന്നാകുമോ? 1960 ലെ അനുഭവം ആവർത്തിക്കാമെന്നുള്ള മധുരസ്വപ്നമാണ് ശ്രീ. മുഹമ്മദുകോയ കണ്ടത്. അതുപോലെ മറെറാരു മധുരസ്വപ്നം കണ്ടു നല്ലതുപോലെ തല്ലിയാൽ ഞങ്ങൾ കീഴടങ്ങുമെന്നായിരുന്നു. അതും നടന്നില്ല. കഴിഞ്ഞ നാലഞ്ചുമാസമായി ഞങ്ങളുടെ പരാജയത്തിൻെറ ലിസ്ററു ഇവിടെ മുഹമ്മദുകോയ കാണിച്ചു. ഇത്ര ക്രൂരമായ മർദ്ദനങ്ങൾ ഉണ്ടായിട്ടും, തല്ലും കൊലയും ഉണ്ടായിട്ടും പാർട്ടിയിൽനിന്നും രാജിവയ്ക്കുകയോ മാപ്പപേക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു പാർട്ടി ഞങ്ങളുടേതുപോലെ മറേറതെങ്കിലും പാർട്ടികളുണ്ടോ? ബഹുമാനപ്പെട്ട മുഹമ്മദുകോയയുടെ പാർട്ടി 1948 ൽ ഹൈദരാ

ബാദ് പ്രശ്നം വന്നപ്പോഠം കൂറ് പ്രഖ്യാപിച്ച പാർട്ടിയാണ്. 1965-ൽ ഇൻഡ്യാ പാകിസ്ഥാൻ യുദ്ധം വന്ന അവസരത്തിൽ ഞങ്ങഠം എടുത്തിട്ടുള്ള നിലപാടു മുസ്ലീം ജനത മനസിലാക്കിയിട്ടുള്ളതാണ്. അന്ന് ബാഫക്കി തങ്ങഠം ഇ. എം. എസ്സിനെ വെറുതെ വിടുമെന്ന് കരുതിയില്ല. ശ്രീ. മുഹമ്മദുകോയ തല്ലി ഓടിക്കാൻ വിരുതനാണ്. പക്ഷേ തല്ല് കിട്ടുമെന്ന് കണ്ടാൽ മാളത്തിൽ ഒളിക്കും. ഇതാണ് ചരിത്രം തെളിയിക്കുന്നത്, ഇതാണ് അനുഭവം കണിക്കുന്നത്. ഈ കണക്കു കൂട്ടലിൽപ്പെട്ട അച്യുതമേനോൻെറ പാർട്ടിയും പി. ആർ. കുറുപ്പിൻെറ പാർട്ടിയും —പി. ആർ. കുറുപ്പിൻെറ പാർട്ടി എന്നു ഞാൻ പറഞ്ഞാൽ അതിൽ കുഞ്ഞുസാഹിബും ശേഷൻ മാസ്ററും ഉഠംപ്പെടും—ബഹുമാനപ്പെട്ട കരുണാകരൻെറ പർാട്ടി, ജോർജ്ജു തോമസിൻെറ പാർട്ടി കെ. എം. ജോർജ്ജിൻെറ പാർട്ടി ഇതെല്ലാം കൂടി ഞങ്ങളെ തകർക്കാമെന്നു കരുതി. പക്ഷേ സാധിക്കുകയില്ല. ശ്രീ. പി. ടി. ചാക്കോ എത്രവളരെ പ്രതാപവാനായിട്ടും ശ്രീ. മുഹമ്മദുകോയ ഇപ്പോഠം കാണിച്ചിട്ടുള്ളതുപോലെയുള്ള പരാക്രമം കാണിച്ചിട്ടില്ല. അന്ന് ആ പരാക്രമം ഉണ്ടായപ്പോഠം ബഹുമാനപ്പെട്ട മുഹമ്മദുകോയയെക്കൊണ്ട് തൊപ്പി ഊരിച്ചതല്ലാതെ ഞങ്ങളെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ശ്രീ. പി. ടി. ചാക്കോയുടെ സ്മരണ നിലനിറുത്തിക്കൊണ്ട് അഭിനവ........ആരാളെന്നു ഞാൻ പറയുന്നില്ല, പ്രതാപവാനായി ചമഞ്ഞ ശ്രീ. മുഹമ്മദുകോയ, ഞങ്ങഠം നടത്തിയ സമരങ്ങളെല്ലാം തോററു എന്നു പറഞ്ഞാലും കഴിഞ്ഞ അഞ്ചു മാസത്തിനുശേഷവും ഞങ്ങഠം മുമ്പത്തെപ്പോലെ ഒട്ടും കുറയാത്ത ശക്തിയോടു കൂടി നിലനിൽക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതെല്ലാം കണ്ടു കൊണ്ടാണ് ശ്രീ. ടി. കെ. ദിവാകരൻെറയും ശ്രീ. ബേബിജോണിൻെറയും പാർട്ടി ഈ വിധത്തിൽ ചിന്തിക്കാൻ തുടങ്ങിയിട്ടുള്ളത്. അങ്ങനെ അവരുടെ പാർട്ടി ചിന്തിക്കാൻ തുടങ്ങിയിട്ടുള്ളതിൽ വളരെയധികം സന്തോഷമുണ്ട്. അവർ അവരുടെ നയം പുന:പരിശോധിക്കാൻ ഇറങ്ങുന്ന ഈ അവസരത്തിൽ ഞങ്ങഠംക്ക് ഒരു പുന:പരിശോധനയുടെ ആവശ്യമില്ലെന്നുള്ള അഹന്തയോടു കൂടി നിൽക്കുന്നില്ല. അതുകൊണ്ടല്ലേ ഇതു പറയുന്നത്. ഏതായാലും അവർ അവരുടെ പാർട്ടിയുടെ സെൻട്രൽസെക്രട്ടറിയററു എടുത്തിട്ടുള്ള തീരുമാനം, സെൻട്രൽ കമ്മിററിയെക്കൊണ്ട് മാററി എഴുതിക്കാനോ, അതിനെതിരായി കേരള ആർ. എസ്. പി. രൂപീകരിക്കാനോ ശ്രമിക്കാതെ ഇത് നടപ്പിൽ വരുത്താൻ ശ്രമിക്കുകയാണെങ്കിൽ നമുക്ക് സംസാരിക്കാം. ഇതിൻെറ രജതരേഖ കാണുന്ന അവസരത്തിൽ അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത് അപ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞങ്ങഠംക്ക് ചിലതെല്ലാം വയ്ക്കാനുണ്ടായിരുന്നു. ഇപ്പോഠം അതിന് തയാറാല്ലെന്നു മാത്രമല്ല ഒരു പുന:പരിശോധന ഇല്ലെന്നുമാത്രമല്ല ഇത് ഏതെങ്കിലും വിധത്തിൽ പാസാക്കി എടുത്തു ഇന്ന് നിയമസഭ പിരിച്ചുവിട്ടിട്ട് ഭരണഘടനയനുസരിച്ച്, ആറുമാസം വരെ എന്തു തോന്ന്യാസവും കാണിക്കാമെന്നു വിചാരിക്കുകയാണെങ്കിൽ അതിന് ശ്രീ. ബേബിജോണിൻെറ പാർട്ടി താങ്ങിനിറുത്താൻ സഹായിക്കുമോയെന്ന് ഒരു സംശയമുണ്ട്. ഇനി അവരുടെ സെൻട്രൽ സെക്രട്ടറിയേററിൻെറ തീരുമാനം ഒരു ദിവസത്തേക്കുമുമ്പു എടുത്തു പ്രസിദ്ധീകരിച്ചതാണോ അബദ്ധം പററിയാതണോ എന്നെല്ലാം വരുമോയെന്നും സംശയമുണ്ട്. ഏതായാലും ഈ തരത്തിൽ ഒരു പുന:പരിശോധനയുടെ അടിസ്ഥാനത്തിലാണെന്നുണ്ടെങ്കിൽ നിങ്ങഠം എല്ലാവരും പുന:പരിശോധിക്കേണ്ടിവരും, ഞങ്ങളും അതിന് തയാറാണ്. സർ, പി. എസ്. പി. യുടെ തീരുമാനം വളരെ സ്വാഗതാർഹമായ ഒന്നാണ്. അവർ ഇന്നു പറയുന്നത് ശരിയാണെന്നു വിശ്വസിച്ചുകൊണ്ടാണ് ഞാനിതെല്ലാം പറയുന്നത്. അതിനെ സംബന്ധിച്ച് നിങ്ങഠംക്ക് ആലോചിക്കാൻ കഴിയും. ആ അടിസ്ഥാനത്തിലാണ് ഞാൻ ബിസിനസ് അഡൈ്വസറി കമ്മിററിയിലും എല്ലാം ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭ ഇന്നു പിരിയുകയാണെങ്കിൽ അടുത്ത ഇന്ന ദിവസം ഇനിയും കൂടാമെന്ന് ആർ. എസ്. പി. യുടെ സെൻട്രൽ കമ്മിററിയോഗം കഴിഞ്ഞു അടുത്ത ദിവസം സഭ കൂടാമെന്ന് നിശ്ചയിച്ചുകൊണ്ടുവേണം പിരിയാൻ എന്നു പറഞ്ഞത്. അങ്ങനെ കൂടുന്നതിന് ഗവൺമെൻറിന് ബിസിനസ് ഇല്ലെങ്കിലും ഇതൊരു ബിസിനസ് ആണെന്നു കണക്കിലെടുത്തുകൊണ്ട് സഭ കൂടാൻ തീരുമാനിക്കണം. ആ നിലപാടു എടുക്കാതെ സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് ശരിയല്ല. അതുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ലിനെ വളരെ ശക്തിയായി എതിർക്കുകയാണ്. ആർ. എസ്. പി. യുടെ നിലപാടിൽ മാററമുണ്ടെങ്കിൽ ഭാവിയിലുള്ള കാര്യങ്ങളെക്കുറിച്ചാലോചിക്കാൻ മാർഗ്ഗമുണ്ടെന്നു ഓർമ്മപ്പെടുത്തിക്കൊണ്ട് നിറുത്തിക്കൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, എന്നെക്കുറിച്ചുള്ള വ്യക്തിപരമായ പരാമർശങ്ങൾക്ക് മറുപടി പറയാൻ കിട്ടിയ സന്ദർഭം ഞാൻ ആദ്യമായി വിനിയോഗിക്കുകയാണ്. ഒന്നാമത് ശ്രീ. ലൂയിസിൻെറ സൽക്കാരത്തിൽ എൻെറ പേരും കൂടി ചേർത്ത് ശ്രീമതി ഗൗരി പ്രസ്താവിക്കുകയുണ്ടായി. ശ്രീ. ലൂയിസ് ഇന്നിവിടെ ഉള്ളതുകൊണ്ട് അദ്ദേഹത്തിൻെറ അടുക്കൽ പോയി ചോദിച്ചാൽ അദ്ദേഹം ഇപ്പോൾ പറയും അദ്ദേഹത്തിൻെറ കൈയിൽ നിന്നും ഒരു സിഗരററാകട്ടെ, ഒരു ചായയാകട്ടെ ടി. കെ. ദിവാകരൻ ഈ കഴിഞ്ഞ 35 മാസത്തിനിടയിൽ പററിയിട്ടില്ലെന്ന്. ഇത് സത്യമാണ്. അതുകൊണ്ട് ആദ്യമായി ഞാൻ ആ പ്രസ്താവനയെ നിഷേധിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ചായയും സിഗരററുമൊന്നുമായിരിക്കുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ചായയല്ല, സിഗരററല്ല, മാദകമായ ഒരു സൽക്കാരത്തിലും ശ്രീ. ലൂയിസ് നടത്തിയിട്ടുള്ളതിൽ ഞാൻ പങ്കാളിയായിട്ടില്ല. രണ്ടാമതായി പറഞ്ഞത് മാർക്സിസ്ററുപാർട്ടി അസംബ്ലിയുടെ ഗ്യാലറിയിൽ ഇരിക്കുമെന്ന് ഞാൻ പ്രസ്താവിച്ചതായി പറയുകയുണ്ടായി. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. സഭാനടപടികൾ മുഴുവൻ പരിശോധിച്ചാൽ കാണാം.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ അങ്ങനെയല്ല പറഞ്ഞത്. ഗ്യാലറിയിൽ ഇരിക്കുമെന്നുപറഞ്ഞ ആളുകളുടെ കൂട്ടുപിടിച്ചിരിക്കുന്നുവെന്നാണ് പറഞ്ഞത്.

ശ്രീ. ടി. കെ. ദിവാകരൻ: സന്തോഷം. ഏതായാലും അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. സഭാനടപടികൾ പരിശോധിക്കാവുന്നതാണ്. മൂന്നാമതായി ഈ ഗവൺമെൻറ് 70 ദിവസം താമസിച്ചാണ് ഇവിടെ വന്നതെന്നും, കഴിഞ്ഞ നിയമസഭ പിരിച്ചുവിട്ടത് 17-ാം തീയതി കൂടാനാണെന്ന പ്രസ്താവനയേയും ഞാൻ നിഷേധിക്കുന്നു. കഴിഞ്ഞ പ്രാവശ്യം, ഈ ഗവൺമെൻറ് വരുന്നതിനുമുൻപ് നിയമസഭ പിരിച്ചുവിട്ടത് അനിശ്ചിത കാലത്തേക്കാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ദേഹം രാജിവയ്ക്കാൻ പോവുകയാണെന്നു പ്രഖ്യാപിച്ചുകഴിഞ്ഞതിനു ശേഷം അനിശ്ചിതകാലത്തേക്കാണ് സഭ പിരിച്ചുവിട്ടത്. ആ അനിശ്ചിത കാലത്തേക്ക് സഭ പിരിച്ചുവിടുന്നതിന് അന്നദ്ദേഹം ഒരു കാര്യംകൂടി പറഞ്ഞു. ഐക്യമുന്നണികക്ഷികൾ കൊണ്ടുവന്ന ഒരു പ്രമേയത്തിന് കോൺഗ്രസ് പിൻതുണ നൽകിയിരിക്കുന്നു എന്നുള്ള രാഷ്ട്രീയ സ്ഥിതിവിശേഷത്തിൽ നിന്നാണ് അദ്ദേഹം രാജിവച്ചതെന്നു പറയുകയുണ്ടായി. കുലവധു അന്നു ഒരു പരപുരുഷനെനോക്കി പുഞ്ചിരിതൂകി എന്ന കുററംകൊണ്ട് പായും

LIBRARY ARCHIVES Kerala Legislative Assembly

തലയിണയും ചുരുട്ടിയെടുത്ത് വീട്ടിൽനിന്നുപോയ ആളെ അവസാനം തെരുവു വേശ്യയുടെ ഗൃഹത്തിൽനിന്നും പിടിച്ചുപൊക്കിക്കൊണ്ടുവന്നു എന്നാണ് മിനിയാന്നു സംസാരിച്ചപ്പോൾ ഞാൻ പറഞ്ഞത്. മഹത്തായ ഈ പ്രസ്ഥാനത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും വിസ്മരിച്ചുകൊണ്ട്, അന്നു മററു സഹോദരപാർട്ടികൾ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ വിഗണിച്ചുകൊണ്ട് അത് ഭീഷണിയാണ് അന്ത്യശാസനമാണ് എന്നെല്ലാം വ്യാഖ്യാനിച്ചു പോയതിനുശേഷം, പാർട്ടി ബഹുജനസമരങ്ങളെല്ലാം നടത്തി ആ സമരത്തിൽ ഒരു വാളൻറിയറെപ്പോലും അയക്കാത്ത ആളുകളുടെ രാഷ്ട്രീയത്തിലേക്ക് എത്തിയെന്നാണ് പറഞ്ഞത്. ഒന്നു ശാന്തമായി ഇപ്പോഴെങ്കിലും നിങ്ങൾ ആലോചിക്കണം. എവിടെയാണ് നിങ്ങൾ എത്തിച്ചേർന്നത്? തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങൾ സഹായഹസ്തം നീട്ടുമ്പോൾ ആ വെള്ളം അങ്ങ് വാങ്ങിവച്ചേരേ, ഞങ്ങൾ ലൂയിസിന്റെ പുറകേയാണ്, വെല്ലിംഗ്ടന്റെ പുറകേയാണ്, കാലുമാററക്കാരുടെ പുറകേയാണ് എന്നു പറയുന്ന രാഷ്ട്രീയത്തെയാണ് ഞാൻ തുറന്നു കാട്ടിയത്. എന്റെ പ്രസ്താവനയും അതാണ് തുറന്നു കാട്ടിയിട്ടുള്ളത്.

ആർ. എസ്. പി. യുടെ കേന്ദ്രസെക്രട്ടേറിയററിന്റെ തീരുമാനത്തെ പരാമർശിച്ച് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇവിടെ പറഞ്ഞു. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഈ ബഡ്ജററ് പാസാകുന്നിടംവരെ ഈ ഗവൺമെൻറിനെ അനുകൂലിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനുശേഷം പിന്നീട് ചില രാഷ്ട്രീയ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. ആ നിർദ്ദേശങ്ങൾ സംഭവവികാസങ്ങൾ സ്വാഭാവികമായും ഞങ്ങൾ പരിശോധിക്കും. ആ സംഭവവികാസങ്ങൾ നമ്മുടെ മഹത്തായ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഈ രാജ്യത്ത് കാലുമാററക്കാരെ പ്രോൽസാഹിപ്പിക്കുക, സ്വതന്ത്രൻമാരെ പിൻതാങ്ങുക എന്ന രാഷ്ട്രീയ നിഷേധാത്മകമായ നയത്തിലേക്ക് എത്തിയിരിക്കുന്ന രാഷ്ട്രീയസാഹചര്യത്തെപ്പററിക്കൂടി ഞങ്ങൾ ആലോചിക്കും. അതാണ് നിങ്ങൾ ചിന്തിക്കണമെന്ന് എന്റെ പാർട്ടിക്കുവേണ്ടി ഞാൻ നിങ്ങളോട് പറഞ്ഞത്. ആ മാററമുണ്ടായില്ല. ഒരു ബദൽ ഗവൺമെൻറ് ഉണ്ടാക്കുമെന്നു പറഞ്ഞു. ഏതാനും ദിവസങ്ങൾക്കുമുൻപ് പാസാക്കിയ മാർക്സിസ്ററുപാർട്ടിയുടെ സ്റേറററുകമ്മിററി പ്രമേയവും ഇന്നു പത്രങ്ങളിൽ വന്ന പ്രമേയവും എടുത്തുനോക്കണം. ഇന്നത്തെ പ്രമേയത്തിൽ കുറച്ചുകൂടി രാഷ്ട്രീയമുണ്ട്. തെററ് പററിയിട്ടില്ല, കണക്ക് തെററിയിട്ടില്ല എന്ന് ഇ. എം. എസ്. പറഞ്ഞാൽ അത് സമ്മതിക്കാൻ നിവൃത്തിയില്ല. അന്നത്തെ പ്രമേയവും ഇന്നത്തെ പ്രമേയവും അത് വ്യക്തമാക്കുന്നുണ്ട്. ഇന്നത്തെ പ്രമേയത്തിൽ കുറച്ചുകൂടി രാഷ്ട്രീയമുണ്ടോ എന്നു ഒന്നുകൂടി പരിശോധിക്കുക. അതുപോലെതന്നെ സുന്ദരയ്യ ഇവിടെവന്ന് പോളിററ്ബ്യൂറോ കൂടി ആ പാർട്ടിക്ക് രാഷ്ട്രീയനേതൃത്വം കൊടുത്തിരുന്നു; അതനുസരിച്ച് പ്രവർത്തിച്ചിരുന്നു. ഒരു രാഷ്ട്രീയപാർട്ടി എടുക്കുന്ന തീരുമാനത്തെ അത് തെററായിരുന്നാലും ശരിയായിരുന്നാലും ആവേശപൂർവ്വം നടപ്പിലാക്കാനുള്ള ചുമതല ആ രാഷ്ട്രീയപ്രസ്ഥാനത്തിനുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ചന്ദ്രസേനന്റെ ഇല്ലാത്ത പോളിററ്ബ്യൂറോയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടിവരുന്ന സ്ഥിതിയിലേക്ക് നിങ്ങൾ പോകരുത്. അവർക്ക് ആ രീതിയിലുള്ള പ്രാമാണ്യം നൽകരുതെന്നു ഞാൻ പറഞ്ഞിരുന്നു. ഇന്നത്തെ പ്രമേയത്തിൽ അതേപ്പററി യാതൊന്നും പറഞ്ഞിട്ടില്ലെന്നുള്ളതുതന്നെ ആരിൽനിന്ന് ആരു പഠിച്ചു, ആരിൽ നിന്നാണ് കുറേക്കൂടി ആരോഗ്യപരമായ ബന്ധം കിട്ടിയിട്ടുള്ളതെന്ന് ഒന്നു പരിശോധിക്കാൻ മാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളു. ഗുരുശിഷ്യ ബന്ധത്തെപ്പററി അങ്ങ് സംസാരിക്കുകയുണ്ടായി. ഇവിടെ ഇപ്പോൾ ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധമല്ല ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇപ്പോൾ രണ്ടു സഹോദരപാർട്ടികൾ തമ്മിലുള്ള ബന്ധമാണുള്ളത്. അത് ഉണ്ടാകണം. ഇൻഡ്യയിൽ കമ്മ്യൂണിസ്ററുപാർട്ടിയും മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയും തമ്മിൽ നടത്തുന്ന സുന്ദോപസുന്ദയുദ്ധം അവസാനിപ്പിക്കണമെന്നുള്ളതാണ് ഞങ്ങളുടെ വ്യക്തമായ അഭിപ്രായം. ആ കാര്യത്തിൽ ഞങ്ങൾ ഞങ്ങളുടെ കഴിവുകൾ വിനിയോഗിക്കുകയും ചെയ്യും. അത് വിജയിക്കണമെങ്കിൽ ഒരിക്കലും തെററ് പററിയിട്ടില്ല എന്നുള്ള കാഴ്ചപ്പാട് പാടില്ല. സംഭവഗതികളെ യഥാർത്ഥത്തിൽ വിലയിരുത്തിനോക്കിയാണ് ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചത്. ഇന്നും അതുതന്നെയാണ് സംസാരിക്കുന്നത്. അതുകൊണ്ട് മാർക്സിസ്ററുപാർട്ടി ഈ ധനവിനിയോഗ ബില്ലിനെ പിൻതാങ്ങണം. അങ്ങനെ പിൻതാങ്ങിയതിനുശേഷം കഴിഞ്ഞ ഒരാഴ്ചക്കു മുൻപുണ്ടായിരുന്ന വൃത്തികെട്ട രാഷ്ട്രീയത്തിൽനിന്ന് വിമുക്തമായി അന്തസ്സായ ഒരു രാഷ്ട്രീയ കക്ഷിയായി പ്രവർത്തിച്ച് മററു ഇടതുപക്ഷ രാഷ്ട്രീയ കക്ഷികളുമായി കൂടിയാലോചന നടത്തണം. അല്ലാതെ സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് പാച്ചല്ലൂർ നൂഹുവിന്റേയും കുഞ്ഞഹമ്മദിന്റേയും ഗതിയിലേക്ക് പോകരുത്.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): ഈ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് ഇവിടെ നടന്ന ചർച്ചകളിൽ പങ്കെടുത്ത ബഹുമാനപ്പെട്ട സഭാംഗങ്ങളോട് ഞാൻ വളരെയധികം കൃതജ്ഞനാണ്. 1970–71-ലെ ബഡ്ജററ് അവതരിപ്പിച്ചതിനുശേഷം അതിനെതുടർന്ന് ഈ നിയമസഭാതലത്തിലുണ്ടായ ചർച്ചകൾക്ക് മറുപടി പറയുന്ന അവസരത്തിൽ, ആ ചർച്ചകളിൽ പൊന്തിവന്ന എല്ലാ പ്രശ്നങ്ങളേയും കണക്കിലെടുത്തുകൊണ്ട് ഞാൻ സാമാന്യം സുദീർഘമായി സംസാരിക്കുകയുണ്ടായിട്ടുണ്ടെന്നാണ് എന്റെ വിനീതമായ വിശ്വാസം. അന്നത്തെ ചർച്ചകളിൽനിന്ന് പൊന്തിവന്നിട്ടുള്ള പ്രശ്നങ്ങൾക്കതീതമായി അവ വീണ്ടും ആവർത്തിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതല്ലാതെ, പുതുതായി യാതൊരു സംഭാവനയും മിക്ക അംഗങ്ങളിൽ നിന്നും, പ്രത്യേകിച്ച് പ്രതിപക്ഷ ഭാഗത്തുനിന്നും, ഉണ്ടായിട്ടില്ലെന്നും, ഞാൻ പറയുന്നത് അവർ പൊറുക്കുമാറാകണം. അന്ന് പല തവണ ആവർത്തിക്കപ്പെട്ട, ആവർത്തനത്തിന്റെ തെരുവിൽ കിടന്ന് തിണ്ടാടിയിട്ടുള്ള പോലീസ് മർദ്ദനങ്ങളെപ്പററിയുള്ളപരാതികളാണ് ഇന്നും മുഴങ്ങി കേൾക്കാൻ ഇടയായിട്ടുള്ളതെന്ന് വ്യസനത്തോടുകൂടി ഞാൻ പറയുകയാണ്. മാത്രമല്ല, ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച ചർച്ചയിലുണ്ടാകേണ്ടതായ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചുള്ള വിമർശനങ്ങൾക്ക് പകരം ഇന്ന് എനിക്ക് കാണാൻ സാധിച്ചത് രാഷ്ട്രീയമായ അതിപ്രസരം ചേക്കേറിക്കിടന്നിരുന്നതാണ്. ഞാൻ രാഷ്ട്രീയവാഗ്വാദങ്ങൾക്ക് മറുപടി പറയാൻ ആളല്ല. അതിനു മുതിരുന്നുമില്ല. ഗവൺമെൻറ് ഭാഗത്തുനിന്നും പല സുഹൃത്തുക്കളും ഇവിടെയുണ്ടായ രാഷ്ട്രീയാഭിപ്രായ പ്രസരങ്ങളെ സംബന്ധിച്ച് നല്ല മറുപടി നൽകിയിട്ടുള്ളതിനാൽ ഞാൻ ഈ ചർച്ചയിലുണ്ടായിട്ടുള്ള ഭരണപരമായ ചില കാര്യങ്ങളെ സംബന്ധിച്ചുമാത്രം ചിലതു പറയാൻ ആഗ്രഹിക്കുകയാണ്.

കാസർകോടുപ്രദേശം വളരെ അവികസിതമാണെന്നും അവിടെ കമ്മ്യൂണിക്കേഷൻസ്, റോഡ്സ്, ഇറിഗേഷൻ ഫെസിലിററീസ് തുടങ്ങിയ പലേ കാര്യങ്ങളിലും എല്ലാ ഗവൺമെൻറുകളും കുററകരമായ അനാസ്ഥയും അവഗണനയുമാണ് കൈകൊണ്ടുവന്നിട്ടുള്ളതെന്നും ഈയൊരു ദുഃസ്ഥിതി മാറേറണ്ടതാണെന്നും അവിടെനിന്നുവന്ന ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഭണ്ഡാരിയും മററും ഇവിടെ പറയുകയുണ്ടായി. ഇത് വളരെക്കാലമായി ഈ നിയമസഭയിൽ മുഴങ്ങിക്കേട്ടിട്ടുള്ള ഒരു അഭിപ്രായമാണ്. ഇത് ന്യായയുക്തമാണെന്ന് ഗവൺമെൻറിന് തോന്നാഞ്ഞിട്ടല്ല. ഏതു നിലയ്ക്കാണ് ഈയൊരു പ്രദേശത്തെസംബന്ധിച്ചുമാത്രം ഒരു പ്രത്യേക പരിഗണന ചെയ്യുക എന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചുവരികയായിരുന്നു. ഈ ഘട്ടത്തിൽ ഗവൺമെൻറ് ഇതിനെസംബന്ധിച്ച് ഒരു നടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളത് ഇവിടെ പറയാൻ എനിക്കു സന്തോഷമുണ്ട്. കാസർകോടു പ്രദേശത്തിൻെറ അവികസിതാവസ്ഥ അതിൻെറ എല്ലാ തലങ്ങളിലും പരിശോധിച്ച് ഗവൺമെൻറിലേക്ക് ആകുന്നതും വേഗം റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മിററിയെ നിയമിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോർട്ട് വേഗം കിട്ടുമെന്നും ആ റിപ്പോർട്ടിൻെറ വെളിച്ചത്തിൽ ആ പ്രദേശത്തിൻെറ പ്രത്യേകമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നുവച്ചാൽ അതൊക്കെ ചെയ്യുന്നതിന് ഗവൺമെൻറ് മുന്നോട്ടുവരുന്നതാണെന്നും ഈ സന്ദർഭത്തിൽ പറയാൻ എനിക്ക് അനൽപ്പമായ സന്തോഷമുണ്ട്.

സർ, പിന്നെയൊരുകാര്യം എനിക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത് ബഹുമാനപ്പെട്ട മൊറായിസ് നിർദ്ദേശിച്ച മൽസ്യത്തൊഴിലാളികളുടെ ജീവിതസൗകര്യങ്ങളേയും മററും ബാധിക്കുന്നതായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു ഇവാല്യുവേഷൻ കമ്മിററി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ്. മൽസ്യത്തൊഴിലാളികൾക്ക് യാതൊന്നും ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മൊറയിസ് സിദ്ധാന്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മറെറാരു ഗവൺമെൻറും കൈക്കൊള്ളാത്തതായ ഒരു നടപടി ഈ ഗവൺമെൻറ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ളതിൻെറ സൂചനയാണ് കഴിഞ്ഞ ബഡ്ജററു പ്രസംഗത്തിൽ ഗവൺമെൻറ് നൽകിയിട്ടുള്ളത്. കേരളത്തിലെ 350 നാഴികയോളം വരുന്ന കടലോരങ്ങളിൽ നിവസിക്കുന്ന മൽസ്യത്തൊഴിലാളികളുടെയും മൽസ്യോൽപ്പാദനവുമായി ബന്ധപ്പെട്ടവരുടെയും ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനും അവരുടെ ജീവിതം അപകടത്തിലായാൽ അവരുടെ കുടുംബത്തിലുള്ളവർക്കു വന്നു ചേരുന്ന ദുരിതങ്ങളിൽനിന്നും അവരെ കരകയററുന്നതിനും വേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടെന്ന് ആ ബഡ്ജററു പ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. അതിൻെറ വിശദാംശങ്ങൾ ഇപ്പോൾ തയ്യാറാക്കിവരികയാണ്. അതിനുപുറമെ അവരുടെ തൊഴിൽ പരമായ സൗകര്യങ്ങളെസംബന്ധിച്ചും അവർ താമസിക്കുന്ന പ്രദേശങ്ങളിലെ ജീവിതസൗകര്യം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുമൊക്കെ ഇനിയും എന്തെങ്കിലുമൊക്കെ ചെയ്യണമെന്നുണ്ട്. അതിനെസംബന്ധിച്ച് ഒരു ഇവാലുവേഷൻ കമ്മിററി പരിശോധന നടത്തേണ്ടതാണെന്നുവരികിൽ ആ നിർദ്ദേശം ഗവൺമെൻറ് വളരെവളരെ ഗൗരവത്തോടുകൂടി ചിന്തിക്കുന്നതാണെന്ന് ഞാൻ ശ്രീ. മൊറായിസിന് ഈ സന്ദർഭത്തിൽ ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ഗംഗാധരൻ: മൽസ്യത്തൊഴിലാളികൾ കടലിൽ പോകുന്നവർ മാത്രമല്ല, കായലിൽ മൽസ്യം പിടിക്കുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. അവരെ അവഗണിക്കുന്നു എന്നാണോ?

ശ്രീ. എൻ. കെ. ശേഷൻ: മൽസ്യോൽപ്പാദനവുമായി ബന്ധപ്പെട്ടിട്ടുള്ളവർ എന്നു ഞാൻ പറയുകയുണ്ടായി. പിന്നെ ഒരുകാര്യം എനിക്കു ഇവിടെ പ്രത്യേകമായി പറയാനുണ്ട്. മലനാടുജില്ല ഉടൻതന്നെ രൂപീകരിക്കുമെന്ന് ഞാൻ എൻെറ കഴിഞ്ഞ ബഡ്ജററു പ്രസംഗത്തിന് മറുപടി പറഞ്ഞപ്പോൾ പറയുകയുണ്ടായി. അതിനുവേണ്ടിയുള്ള നടപടി ഗവൺമെൻറ് എടുത്തുവരുന്നുണ്ടെന്നും പറയുകയുണ്ടായി. അതിനുശേഷം മറെറാരു സംഭവവികാസമുണ്ടായത് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻഡ്യാഗവൺമെൻറ് റവന്യൂജില്ലകളെസംബന്ധിച്ചും റവന്യൂ താലൂക്കുകളെ സംബന്ധിച്ചും റവന്യൂ ഭരണസംബന്ധമായ സംവിധാനം ഉണ്ടാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ മാററങ്ങൾ ഉണ്ടാക്കുന്നതിനെസംബന്ധിച്ചും ഒരു നിർദ്ദേശം സ്റേററുഗവൺമെൻറുകൾക്കു നൽകിയിട്ടുണ്ട്. അത് മററൊന്നുമല്ല. വരുന്ന സെൻസസ് പൂർത്തിയാകുന്നതുവരെ, അതിൻെറ റിപ്പോർട്ട് ഗവൺമെൻറിലേക്കു കിട്ടി അതിൻെറ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ ഉണ്ടാവുന്നതുവരെ, റവന്യൂഭരണസംബന്ധമായ സംവിധാനങ്ങൾക്ക് യാതൊരു മാററവും വരുത്തരുതെന്ന് ഇൻഡ്യാഗവൺമെൻറ് അറിയിച്ചിട്ടുണ്ട്. പക്ഷേ ഈ സ്റേററിനെ സംബന്ധിച്ചിടത്തോളം ഈ മലനാടുജില്ല ഒരു കമ്മിററ്മെൻറ് ആണെന്ന് ഇൻഡ്യാഗവൺമെൻറിനെ അറിയിക്കുന്നതും ഇൻഡ്യാഗവൺമെൻറിൻെറ ഏററവും ഒടുവിലത്തെ തീരുമാനത്തിൻെറ പരിധിയിൽനിന്ന് ഈ സ്റേററിനെ ഈകാര്യത്തിൽ ഒഴിവാക്കി തരണമെന്നു അഭ്യർത്ഥിക്കുന്നതും ആ നിവേദനം ശക്തിയായ ഭാഷയിൽ ഇൻഡ്യാഗവൺമെൻറിൻെറ മുമ്പാകെ സമർപ്പിക്കുന്നതുമാണ്. ഈ നിവേദനം ഇൻഡ്യാഗവൺമെൻറ് കൈക്കൊള്ളുമെന്നും ഈ സെൻസസ് തീരുന്നതുവരെ കാത്തിരിക്കാനുള്ള ഒരു സന്ദർഭം ഉണ്ടാവുകയില്ലെന്നും ഇൻഡ്യാഗവൺമെൻറിൻെറ എക്സംപ്ഷനെസംബന്ധിച്ചുള്ള ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ മലനാടുജില്ലാ രൂപീകരണത്തിൽ ഏററവും അടിയന്തിരനടപടികൾ ഈ ഗവൺമെൻറ് കൈക്കൊള്ളുന്നതാണെന്നും ഈ സഭയെ വിശേഷാൽ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പിന്നെ ഒരു കാര്യം എനിക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത്, പഞ്ചവൽസരപദ്ധതികളുടെ നടത്തിപ്പിനുവേണ്ടി നമുക്കിപ്പോൾ ക്ലിപ്തപ്പെടുത്തിയിട്ടുള്ള 268 കോടി ഉറുപ്പികയിൽ ഇൻഡ്യാഗവൺമെൻറ് ഈ കഴിഞ്ഞ നാഷണൽ ഡവലപ്പ്മെൻറ് കൗൺസിലിൻെറ യോഗത്തിനുശേഷവും അനുകൂലമായ യാതൊരു നടപടിയും കൈക്കൊള്ളുന്നതിനുള്ള സഹായകരമായ നിലപാട് എടുത്തിട്ടില്ലെന്നുള്ളതാണ്. അന്ന് നമ്മുടെ മുഖ്യമന്ത്രി ഡെൽഹിയിൽ ഹാജരാകേണ്ടതായിരുന്നു. പക്ഷേ അദ്ദേഹത്തിന്ന് ഹാജരാകാൻ സാധിച്ചില്ല. അതിൻെറ സാഹചര്യങ്ങളൊക്കെ ഈ ബഹുമാനപ്പെട്ട സഭയിലെ എല്ലാവർക്കും അറിയാം. മററുപലേ മുഖ്യമന്ത്രിമാരും വന്നിരുന്നു. വന്നതിൻെറ പ്രയോജനം അവർക്കു കിട്ടുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സ്റേററിൽ രാഷ്ട്രീയ കോഴിപ്പോരിലും ചേരിപ്പോരിലും കൂടി മാത്രം നമ്മുടെ നൻമയെ വിലയിരുത്തുകയും കാണുകയും ചെയ്യുന്ന ഒരുകൂട്ടം ആൾക്കാർ ഈ ഗവൺമെൻറിൻെറ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിച്ചതിൻെറ ഫലമായി നമ്മുടെ മുഖ്യമന്ത്രിക്ക് ഇവിടെനിന്നു പോകാൻ സാധിച്ചില്ല. ഈ സ്റേററിൻെറ കാര്യങ്ങൾ ഒരു ജനപ്രതിനിധി എന്നുള്ള നിലക്ക് ഊക്കോടുകൂടി വാദിക്കാനുള്ള സന്ദർഭം ഉണ്ടായിട്ടില്ലെന്ന് വീണ്ടും ഈ സഭയെ ഞാൻ അനുസ്മരിപ്പിക്കുകയാണ്. ഇവിടെനിന്നും ഉദ്യോഗസ്ഥൻമാർ പോവുകയുണ്ടായി. ഉദ്യോഗസ്ഥൻമാർ ചർച്ചകളിൽ പങ്കെടുത്തതിൻെറ അടിസ്ഥാനത്തിൽ 258 കോടി ഉറുപ്പികയായിട്ടുതന്നെ ഈ സ്റേററിൻെറ പദ്ധതിവിഹിതം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സന്തോഷകരമായ ഒരു സൂചന ഈ ഗവൺമെൻറിന് ഏതായാലും ലഭിച്ചിട്ടുണ്ട്. അതു പറയാൻ എനിക്കു സന്തോഷമുണ്ട്. ഈ സ്റേററിൻെറ പദ്ധതികളെല്ലാം തകരാറിലാകാതിരിക്കുന്നത് സ്വന്തമായി സ്വരൂപിക്കാൻ കഴിയുന്ന വിഭവങ്ങൾ ഒന്നുകൊണ്ടുമാത്രമാണെന്ന് ആർക്കാണ് അറിയാത്തത്? പരമാവധി നമ്മുടെ ടാക്സ് ഇനത്തിൽ കിട്ടാൻ സാധിക്കുന്നതായ 35 കോടി ഉറുപ്പിക ആണ്. തവരാജ് കമ്മിററിയുടെ ശുപാർശപ്രകാരമുള്ള 55 കോടി ഉറുപ്പികയിൽ മുക്കാലേമുണ്ടാണിയും മുൻഗവൺമെൻറും ഈഗവൺമെൻറും ഓരോരോകരം വഴിയായി പിരിച്ചെടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കഴിഞ്ഞകൊല്ലം ചെയ്തിട്ടുള്ളതുവിട്ട്, ഈ കൊല്ലത്തെ ബഡ്ജററിൽ 35 കോടിയിൽ പരമാവധി പിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനും ഉന്നതതലങ്ങളിൽ പരമാവധി ടാക്സ് ചുമത്താനും തീരുമാനിച്ചിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇതാണ് 'ഇന്റേണൽ മൊബിലൈസേഷൻ ത്രൂ ടാക്സേഷൻ' നമുക്കു നടത്താൻ സാധിക്കുന്നതായിട്ടുള്ള സ്ഥിതി. പിന്നീട് ഞാൻ ടാക്സ് റവന്യൂവിനെസംബന്ധിച്ചും ഞാൻ അന്നു സൂചിപ്പിക്കുകയുണ്ടായി. അതിന് വളരെവളരെ സ്വാഗതാർഹമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അപ്പോൾ ഈ സ്റ്റേററിന്റെ സ്ഥിതി ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. 125 കോടിയോളം ഉറുപ്പികയുടെ ഒരു ഡെഫിസിററ് നമ്മുടെ സ്റ്റേററിനെസംബന്ധിച്ചിടത്തോളം നോൺപ്ലാൻ എക്കൗണ്ടിലും പ്ലാൻ എക്കൗണ്ടിലുമായി അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. അതായത് 83 കോടി ഉറുപ്പികയോളം നോൺപ്ലാൻ റവന്യൂ ഡെഫിസിററ് നമുക്കുണ്ട്. ഏതാണ്ട് 42 കോടി ഉറുപ്പികയോളം പ്ലാൻ ഡെഫിസിററും ഉണ്ടാവും. അങ്ങനെ 125 കോടി രൂപയോളം വരുന്നതായ ഒരു ഡെഫിസിററിന്റെ പശ്ചാത്തലത്തിലാണ് വളരെ പരിമിതമായ വിഭവങ്ങളുള്ള ഈ സ്റ്റേററിന് ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി പണം കണ്ടുപിടിക്കേണ്ടതായ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. അതിന് ഗവൺമെന്റ് വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. പലേ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ അതിനൊരു പരിധിയുണ്ട്. ഈ ഭീമാകാരമായ 125 കോടി രൂപയുടെ ഡെഫിസിററ് നമ്മെതുറിച്ചുനോക്കിയിരിക്കുന്നിടത്തോളം കാലം നമുക്കു കിട്ടുന്ന വരുമാനമൊക്കെ ഡെഫിസിററു ഗ്യാപ്പ് നിറയ്ക്കുന്നതിനുവേണ്ടിമാത്രമേ തികയുകയുള്ളൂ എന്നുള്ളതുകൊണ്ട് വീണ്ടും പദ്ധതി പ്രവർത്തനത്തിന് പണം കണ്ടുപിടിക്കേണ്ടതുണ്ട്. ഇതൊക്കെ ഇൻഡ്യാഗവൺമെന്റിന്റെ മുമ്പാകെ പറഞ്ഞിട്ടുണ്ട്. മറ്റൊരു കാര്യം ഉണ്ട്. നമ്മുടെ സ്റ്റേററിന്റെ അകത്തുനിന്ന് സ്വരൂപിക്കാവുന്ന ടാക്സ് വരുമാനത്തിൽ 95 ശതമാനം ഉദ്യോഗസ്ഥൻമാർക്ക് തസ്തിക ചെലവിനാണ് പോകുന്നത്. അതും ഭീമമായ ഡെഫിസിററ് ഉണ്ടാക്കുന്നതിന് കാരണമായി വന്നിട്ടുണ്ട്. ഈ ഒരു സാഹചര്യത്തിൽ ഈ വരുന്ന പഞ്ചവൽസരപദ്ധതിക്കാലത്ത് നാമാഗ്രഹിക്കുന്ന ഏററവും പ്രധാനപ്പെട്ട വികസനപ്രവർത്തനങ്ങൾ നിറവേററാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനു കേന്ദ്രഗവൺമെന്റ് പ്രത്യേകമായ സഹായം നൽകണമെന്ന് ഈ ഗവൺമെന്റ് അഭ്യർത്ഥിച്ചത് കൈക്കൊണ്ടിട്ടുണ്ടെന്നുള്ളതിന്റെ സൂചനയാണ് ഡെൽഹിയിൽനിന്ന് മടങ്ങി വന്നിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽനിന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഏതാണ്ട് 18 കോടി ഉറുപ്പിക സ്പെഷ്യൽ അസിസ്റ്റൻസായി ഈ ഗവൺമെന്റിന് കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടുമെന്നുള്ള പ്രതീക്ഷ ഈ ഗവൺമെന്റിന് ഉണ്ട്. എന്നാൽ 18 കോടി യോളം ഉറുപ്പിക, ഈ നാലാം പഞ്ചവൽസരപദ്ധതിയുടെ കാലഘട്ടം കഴിഞ്ഞതിനു ശേഷം മാത്രമേ മടക്കി അടക്കേണ്ടതുള്ളൂ എന്ന ഒരു പ്രത്യേക വ്യവസ്ഥയിലാണ് ഈ ഗവൺമെന്റിന് ലഭിക്കാൻ പോകുന്നതെന്നുള്ള ശുഭപ്രതീക്ഷയാണ് ഇപ്പോഴുള്ളത്. 18 കോടിയോളം ഉറുപ്പിക, ഈ ഗവൺമെന്റിന്റെ ഡെഫിസിററ് ഇനത്തിൽ ഉണ്ടായിട്ടുള്ള വലിയ വിടവു നികത്തുന്നതിനും അത്രത്തോളമെങ്കിലും വികസനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും സഹായകരമാകുമെന്നാണ് ഗവൺമെന്റ് ആത്മാർത്ഥമായി വിശ്വസിക്കുന്നത്. ഇതുമാത്രമേ ഈ സന്ദർഭത്തിൽ ഇതിനെപ്പററിപറയാൻ ആഗ്രഹിക്കുന്നുള്ളു. നമ്മുടെ 258 കോടി ഉറുപ്പിക എന്തു കൊണ്ടാണ് കൂടാത്തത് എന്നാണെങ്കിൽ ആദ്യമേ ഞാൻ സൂചിപ്പിച്ചതുപോലെ നമ്മുടെ ഇന്റേണൽ റിസോഴ്സസ് മൊബിലൈസേഷൻ ഇനിയും സാധിക്കാത്തതുകൊണ്ടാണ്. 510 കോടി ഉറുപ്പിക എൻ. ഡി. സി. യോഗത്തിന്റെ അംഗീകൃതമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നൽകുന്നതിന് വീതിച്ചിട്ടുണ്ട്. അതിന്റെ ഒരു വിഹിതം നമുക്ക് ന്യായമായും അർഹതപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഞാൻ കഴിഞ്ഞ പ്രസംഗത്തിൽ പറയാൻ വിട്ടുപോയ ഒരു സംഗതികൂടി പറയാനുണ്ട്. അഞ്ചാംധനകാര്യ കമ്മീഷന്റെ ഫിസ്കൽ അവാർഡ് ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം വളരെ മോശമായിരുന്നുവെന്ന് എല്ലാവരും പരാതിപ്പെടുകയുണ്ടായി. 400—430 കോടിയോളം ഉറുപ്പികയുടെ ഫിസ്കൽ അവാർഡിനുവേണ്ടി നാം അപേക്ഷിക്കുകയുണ്ടായി. മുമ്പത്തെ ധനകാര്യക്കമ്മീഷൻ 251 കോടി ഉറുപ്പികയുടെ സാമ്പത്തിക അവാർഡാണ് ശുപാർശചെയ്തിരുന്നത്. അത്രയും തുകയെങ്കിലും ഈ സ്റ്റേറ്റിലേക്ക് ഇത്തവണ കിട്ടേണ്ടിയിരുന്ന സ്ഥാനത്ത് വെറും 193 കോടി ഉറുപ്പികമാത്രമേ കിട്ടിയിട്ടുള്ളു എന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. ആ അടിസ്ഥാനത്തിൽ മുൻഗവൺമെന്റ് ഇതിനെ സംബന്ധിച്ച് നിവേദനം നടത്തിയിട്ടുണ്ട്, ഞാൻ അതു സമ്മതിക്കുന്നു. അതിനെതുടർന്ന് ഈ ഗവൺമെന്റ് വളരെ ശക്തിയായ ഭാഷയിലും മര്യാദയുടെ നാലതിർത്തിക്കുള്ളിൽനിന്നുകൊണ്ടും സമരത്തിനു വേണ്ടി സമരം ചെയ്യുക എന്ന പദ്ധതി ഉപേക്ഷിച്ച് ഈ സ്റ്റേറ്റിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ന്യായമായ അവകാശങ്ങൾ കിട്ടണമെന്നു പലേ നിവേദനങ്ങളും നടത്തിയിട്ടുണ്ട്. അതും ഈ ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യതകളിൽ അയവു വരുത്തുന്നതിനു പറ്റിയ തരത്തിലുള്ള പുതിയ സാമ്പത്തിക ഘടനക്ക് സഹായകമാകുമെന്നാണ് തോന്നുന്നത്. ഈ ഗവൺമെന്റ് ഇനിയും നിവേദനം നടത്തും. ഇവിടെ നിവേദനത്തിനു ശക്തിപോരാ, ബഡ്ജറ്റിന്റെ ഭാഷയ്ക്ക് ശക്തിപോരാ എന്ന് പറയുകയുണ്ടായി. ആവശ്യമായ ശക്തി, പ്രേരണ ഉണ്ടാക്കുന്നതിനും അവർക്ക് പ്രചോദനം ഉണ്ടാക്കുന്നതിനും ഈ സ്റ്റേറ്റിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചിടത്തോളം വളരെ യഥാർത്ഥമായ ചിത്രം ഉണ്ടാക്കിക്കൊടുക്കുന്നതിനും പറ്റിയ തരത്തിലുള്ള നിവേദനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്; ഇനിയും തുടർന്നുനടത്താൻ ഈ ഗവൺമെന്റ് തയ്യാറാണ്. അതിന്റെ ഫലം വളരെയധികം സഹായകമായിരിക്കുമെന്ന് മാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നുള്ളു.

ഒന്നുരണ്ടുകാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ സുഹൃത്ത് ശ്രീ. മാധവൻനായർ പലേ കാര്യങ്ങളും പറഞ്ഞകൂട്ടത്തിൽ ഇവിടത്തെ പോലീസ് സേനയെസംബന്ധിച്ചും അവരുടെ അവശതകളെ സംബന്ധിച്ചും ഒന്നുരണ്ടുകാര്യങ്ങൾ പറയുകയുണ്ടായി. പോലീസുകാർക്ക് സിറ്റിയിൽ ഡ്യൂട്ടിക്കു നിന്നാൽ അലവൻസ് കിട്ടുകയില്ല, മുൻപ് നൽകിയിരുന്നത് എടുത്തുകളഞ്ഞു അതിനെന്തെങ്കിലും ചെയ്യണമെന്ന് പറയുകയുണ്ടായി. ഗവൺമെന്റ് ആക്കാര്യം വളരെ ഗൗരവത്തോടുകൂടി പരിചിന്തനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെസംബന്ധിച്ച് അടുത്തുതന്നെ നടപടിഎടുക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത്രയും മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു. പല സുഹൃത്തുക്കളും പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം ഈ ഗവൺമെന്റ് ആകുംവിധത്തിൽ പരിശോധിച്ച് നടപ്പിലാക്കുമെന്നുമാത്രം ഈ സന്ദർഭത്തിൽ ഈ സഭയോട് വിനയവികസ്വരസരനായി ഉറപ്പു നൽകിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

The question that the Kerala Appropriation (No. 3) Bill, 1970 be taken into consideration was put and carried.

The Bill was taken into consideration.

Clause 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Schedule

The question that Schedules stand part of the Bill was put and carried.

The Schedules were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri N. K. Seshan: Sir. I move that the Kerala Appropriation (No. 3) Bill, 1970 be finally passed.

Minister for Education (Shri C. H. Mohammed Koya): Sir, I second it.

The question that the Kerala Appropriation Bill, 1970 be passed was put and carried.

Smt. K. R. Gouri: Sir, I demand a Poll.

A Poll was taken when the House divided as follows:—

Ayes—67

1. Shri T. A. Majid
2. Shri P. V. Abraham
3. Shri P. M. Abubacker
4. Shri E. Ahamed
5. Shri C. Ahmedkutty
6. Shri K. Avukkaderkutty Naha Haji
7. Shri Baby John
8. Shri N. K. Balakrishnan
9. Shri J. Camalias Moraes
10. Shri J. A. Chacko
11. Shri M. Chadayan
12. Shri K. Chandrasekhara Sastri
13. Shri V. P. Cherukoya Thangal
14. Shri N. I. Devassykutty
15. Shri M. K. Divakaran
16. Shri T. K. Divakaran
17. Shri N. Ganapathy
18. Shri K. M. George
19. Shri K. T. George
20. Shri P. P. George
21. Shri P. K. Gopalakrishnan

LIBRARY ARCHIVES Kerala Legislative Assembly

22. Shri G. Gopinathan Pillai
23. Shri M. N. Govindan Nair
24. Shri M. Hakimji Sahib
25. Shri K. T. Jacob
26. Shri E. John Jacob
27. Shri Joseph Chazhikkattu
28. Shri K. Karunakaran
29. Shri O. Koran
30. Shri M. Krishnan
31. Shri K. K. Kumara Pillai
32. Shri P. Kunhiraman Kidavu
33. Shri U. P. Kunikullaya
34. Shri P. K. Kunju
35. Shri K. G. Kunjukrishna Pillai
36. Shri V. Kuttikrishnan Nair
37. Shri B. Madhavan Nair
38. Shri Pandalam P. R. Madhavan Pillai
39. Shri K. Mahabala Bhandari
40. Shri Mattapalli Majeed
41. Shri K. M. Mani
42. Shri M. P. Mohammed Jafferkhan
43. Shri C. M. Kutty
44. Shri K. Moideenkutty Haji
45. Shri M. Moideenkutty Haji
46. Shri C. H. Muhammed Koya Haji
47. Shri C. S. Neelakantan Nair
48. Shri K. G. Neelakantan Namboodiripad
49. Shri K. Purushothaman Pillai
50. Shri P. K. Raghavan
51. Shri C. K. Rajan
52. Shri P. Ramalingom
53. Shri P. Ramunni Kurup
54. Shri P. Ravindran
55. Shri Sayed Ummer Bhafaki
56. Shri R. S. Unni
57. Shri P. S. Namboodiri
58. Shri B. V. Seethi Thangal

LIBRARY ARCHIVES Kerala Legislative Assembly

59. Shri K. Sekharan Nair
60. Shri N. K. Seshan
61. Shri P. S. Srinivasan
62. Shri M. M. Thomas
63. Shri T. V. Thomas
64. Shri P. Unnikrishna Pillai
65. Shri K. C. Vamadevan
66. Shri P. P. Wilson
67. Shri K. C. Zacharia

Noes—58

1. Shri K. K. Aboo
2. Shri V. S. Achyuthanandan
3. Shri K. K. Annan
4. Shri A. K. Appu
5. Shri A. V. Aryan
6. Shri C. K. Balakrishnan
7. Shri E. Balanandan
8. Shri C. B. Chandrasekhara Warrier
9. Shri P. N. Chandrasenan
10. Shri K. Chathunni Master
11. Shri V. V. Dakshinamoorthy
12. Shri S. Damodaran
13. Shri P. Gangadharan
14. Shri E. M. George
15. Shri M. K. George
16. Shri K. P. R. Gopalan
17. Smt. K. R. Gouri Thomas
18. Shri C. Govinda Panicker
19. Shri P. Govinda Pillai
20. Shri M. K. A. Hameed
21. Shri E. K. Imbichi Bava
22. Shri C. Kannan
23. Shri K. Karunakaran Nair
24. Shri M. K. Kelu
25. Shri M. K. Krishnan
26. Shri T. K. Krishnan
27. Shri R. Krishnan (Alathur)
28. Shri R. Krishnan (Palghat)

LIBRARY ARCHIVES Kerala Legislative Assembly

40807

LIBRARY ARCHIVES Kerala Legislative Assembly

29. Shri P. P. Krishnan
30. Shri V. Krishna Das
31. Shri E. P. Krishnan Nambiar
32. Shri E. V. Kumaran
33. Shri A. V. Kunhambu
34. Shri V. V. Kunhambu
35. Shri P. Kunhan
36. Shri E. T. Kunhan
37. Shri P. K. Kunjachan
38. Shri A. P. Kurian
39. Shri T. M. Meethiyan
40. Shri Paloli Mohammed Kutty
41. Shri Mustafa Kamal
42. Shri A. S. N. Nambissan
43. Shri N. Prabhakara Thandar
44. Shri A. S. Purushothaman
45. Shri P. G. Purushothaman Pillai
46. Shri K. P. Raghava Poduval
47. Shri P. C. Raghavan Nair
48. Shri K. I. Rajan
49. Shri T. K. Ramakrishnan
50. Shri M. Ramunny
51. Shri M. Sadasivan
52. Shri E. M. S. Namboodiripad
53. Shri K. A. Sivarama Bharathy
54. Shri V. Sreedharan
55. Dr. P. K. Sukumaran
56. Shri C. Vasudeva Menon
57. Shri N. Vasudevan Pillai
58. Shri B. Wellingdon

Neutrals—4

1. Shri Alexander Parambithara
2. Shri N. Gamaliel
3. Dr. K. George Thomas
4. Shri R. Gopalakrishnan Nair

Mr. Speaker: Those for the motion—67,
Those against—58,
Neutrals—4.

The Bill is finally passed.

ഇന്നത്തെ ഈ സമ്മേളനം കഴിഞ്ഞതിനുശേഷം ഈ സമ്മേളനക്കാലത്തേയ്ക്കു നിശ്ചയിച്ചിട്ടുള്ള ബാക്കി ബിസിനസ് ട്രാൻസാക്റ്റുചെയ്യാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ലെന്നും ഇന്നത്തെ സമ്മേളനം കഴിഞ്ഞതിനുശേഷം സഭ അനിശ്ചിതകാലത്തേക്കു പിരിയണമെന്നും ബഹുമാനപ്പെട്ട സഭാനേതാവ് ശ്രീ. ടി. കെ. ദിവാകരൻ ഗവൺമെൻറിനുവേണ്ടി ഇന്നലെ എന്നെ അറിയിക്കുകയുണ്ടായി. അതനുസരിച്ച് ഞാൻ ഇന്ന് ബിസിനസ് അഡ്വൈസറികമ്മിറ്റിയുമായും പാർട്ടിനേതാക്കൻമാരുമായും ഈ കാര്യത്തെപ്പറ്റി ചർച്ചകൾ നടത്തുകയുണ്ടായി. ഈ ചർച്ചകളിൽ ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടും അദ്ദേഹത്തിൻെറ പാർട്ടിയും മററുചില സുഹൃത്തുക്കളും ഇന്നു പിരിയാൻ പാടില്ല, സഭ തുടർന്നുപോകണം, വല്ല അത്യാവശ്യകാര്യത്തിനുവേണ്ടിയും പിരിയേണ്ടതുണ്ടെങ്കിൽത്തന്നെയും വളരെവേഗം സഭ കൂടേണ്ടതാണ്, കൂടുന്നതീയതിവച്ച് പിരിയേണ്ടതാണ് എന്ന് വളരെ ശക്തിയായി അഭിപ്രായപ്പെട്ടു. ആ അഭിപ്രായവും പരിഗണിക്കുകയുണ്ടായി. ഏതായാലും അതിനെസംബന്ധിച്ചിടത്തോളം ഒരു അഭിപ്രായഐക്യമുണ്ടാക്കാൻ ബിസിനസ് അഡ്വൈസറി കമ്മിററിക്കും പാർട്ടിനേതാക്കൻമാരുമായുള്ള ചർച്ചയ്ക്കും കഴിഞ്ഞില്ല. ഗവൺമെൻറ് ബിസിനസ് ട്രാൻസാക്ടുചെയ്യാൻ തയ്യാറില്ലാതിരിക്കുകയും സഭ അനിശ്ചിതകാലത്തേയ്ക്കു പിരിയണമെന്നു പറയുകയും അതുകാരണം സഭയുടെ മുൻപിൽ ബിസിനസ്സുകളില്ലാതിരിക്കുകയും ചെയ്യുമ്പോൾ എനിക്ക് ഈ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിച്ചുവിടേണ്ടതായിട്ടാണിരിക്കുന്നത്.

(പ്രതിപക്ഷബെഞ്ചുകളിൽ നിന്നും ''ഷെയിം'' വിളികൾ ഉയർന്നു.)
നിയമസഭ അനിശ്ചിതകാലത്തേയ്ക്കു പിരിച്ചുവിട്ടിരിക്കുന്നു.

The Assembly adjourned sine die at 1.14 p. m.

Legislature Secretariatc

NOTIFICATION

No. 957-LA. 1/70. *Dated, Trivandrum, 6th April 1670.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the First Session in 1970 of the Kerala Legislative Assembly with effect from March 26, 1970.

ഭേദഗതിവരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 174-ാംവകുപ്പു 2-ാംഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ കേരള നിയമസഭയുടെ 1970-ലെ പ്രഥമസമ്മേളനം 1970 മാർച്ച് 26-ാം തീയതിമുതൽ ഇതിനാൽ സമാപിച്ചിരിക്കുന്നു.

By order of the Governor,

DR. R. PRASANNAN,

Secretary,

Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly